

സെപ്റ്റംബർ 2018

# കേരള എൻ.ജി.ഒ.

ജോയിന്റ് കൗൺസിൽ മുഖപത്രം

## പ്രളയാനന്തരം അതിജീവനം




- ജീവനക്കാരിൽ നിന്നും സമാഹരിച്ച 16,15,700 രൂപ, ജനറൽ സെക്രട്ടറി എസ്. വിജയകുമാരൻ നായർ, മുഖ്യമന്ത്രിക്ക് കൈമാറുന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, പുലിപ്പാറ സന്തോഷ്, ജി സുധാകരൻ നായർ, കെ ഷാനവാസ് ഖാൻ എന്നിവർ സമീപം.

ജോയിന്റ് കൗൺസിൽ ബിൽഡിംഗ്സ്, തിരുവനന്തപുരം-695001
ഫോൺ / ഫാക്സ്: 0471-2330731
e-mail: jcsso2017@gmail.com, keralango67@gmail.com
www.jcsso.com

# കേരള എൻ.ജി.ഒ.

ജോയിന്റ് കൗൺസിൽ മുഖപത്രം

പുസ്തകം 38 ലക്കം 11 സെപ്തംബർ 2018




05 **മഹാപ്രളയത്തെ നേരിട്ട കേരള സർക്കാരിന്റെ രക്ഷാദൗത്യം**
ഇ. ചന്ദ്രശേഖരൻ

21 **ശിരസ്സുയർത്തി കേരളം**
ജയശ്ചന്ദ്രൻ കല്ലിംഗൽ

27 **നോട്ട് നിരോധനം കൊണ്ടുവന്ന ദുരന്തങ്ങൾക്ക് ആര് മറുപടി പറയും?**
സി. ആർ. ജോസ് പ്രകാശ്

30 **സമൂഹമാധ്യമങ്ങളും സംഘടനയും സാധ്യതകൾ, വെല്ലുവിളികൾ**
ഹരിദാസ് ഇറവങ്കര

33 **സ. സി.റ്റി. ശാന്തയെ സ്മരിക്കുമ്പോൾ**
കെ.എ. ശിവൻ

35 **ആത്മവിലാപങ്ങൾ**
കഥ/ അശോകൻ അഞ്ചത്ത്

38 **ഉണർത്തുപാട്ട്**
കവിത/ജയപാലൻ കാര്യാട്ട്



**ചീഫ് എഡിറ്റർ**
ജി.മോട്ടിലാൽ

**എഡിറ്റർ**
കെ.പി. ഗോപകുമാർ

**സബ്.എഡിറ്റർ**
എസ്.ആർ. രാഖേഷ്

**എഡിറ്റോറിയൽ ബോർഡ്**
ജയശ്ചന്ദ്രൻ കല്ലിംഗൽ
എസ്. സജീവ്
പി.എസ്. സന്തോഷ്കുമാർ
ആർ. സിന്ധു
ബീനാ ഭദ്രൻ

**മാനേജർ**
ജി. സുധാകരൻ നായർ

**അസിസ്റ്റന്റ് മാനേജർ**
എം.എം. നജീം

**മാനേജിംഗ് കമ്മിറ്റി**
എം.എസ്. സുഗൈതകുമാരി
എ. ഹരിശ്ചന്ദ്രൻനായർ
വി. ബാലകൃഷ്ണൻ
റ്റി. വേണു
യു. സിന്ധു

**ലേ ഔട്ട്**
രാജഗോപാൽ എസ്.ആർ.

**കവർ**
ജയരാജ് ആനാവൂർ



39 **മഴയെ...**
കവിത/ പ്രിയ

40 **സർഗ്ഗാത്മകതയുടെ സമുദ്രയാനങ്ങൾ**
ആർ. സിന്ധു





10 **കേരളത്തിന്റെ പുനർസൃഷ്ടിക്കായി കൈകോർക്കുക**
കെ. പ്രകാശ് ബാബു





15 **സംസ്ഥാന പുനർനിർമ്മാണത്തിൽ അഭിമാനപൂർവ്വം പങ്കാളികളാവുക**
എസ്. വിജയകുമാരൻനായർ



മുഖക്കുറിപ്പ്

ജി. മോട്ടിലാൽ
ചീഫ് എഡിറ്റർ

# പ്രളയാനന്തരം

കേരളം അടയാളപ്പെടുത്തപ്പെടുന്നത് 2018 ആഗസ്റ്റിലെ പ്രളയത്തിന് മുമ്പും ശേഷവും എന്ന നിലയ്ക്കാണ്. അങ്ങനെ മാത്രമേ ഇനി കഴിയൂ. അത്ര മാത്രം കീഴ്മേൽ മറിച്ചിലുകൾ സമസ്തരംഗങ്ങളിലും പ്രളയം കൊണ്ടുവന്നുകഴിഞ്ഞു. രാഷ്ട്രീയപരവും സാമ്പത്തികപരവും സാംസ്കാരികപരവുമായ മാറ്റങ്ങൾക്ക് അന്തരീക്ഷം വിധേയമായിപ്പോയി. രാഷ്ട്രീയനിലപാടുകൾക്കല്ലാതെ വാദപ്രതിവാദങ്ങൾക്കോ, സമർത്ഥനങ്ങൾക്കോ ഇടമില്ലാതായി. സാമ്പത്തികമായി ആഴമേറിയ പ്രതിസന്ധിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സാംസ്കാരിക മണ്ഡലമാകെ ഒത്തൊരുമയുടെയും മതേതര കാഴ്ച്ചപ്പാടുകളുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയുമെല്ലാം കൂടിച്ചേരലുകളുടെ അവിശ്വസനീയവും വിസ്മയകരവുമായ അനന്യസദൃശമായ ജാഗ്രതയാണ് ലോകത്തിന് കാണിച്ചുകൊടുത്തത്.

പ്രളയം ഉത്തരാഖണ്ഡിലും കാശ്മീരിലുമെല്ലാം ഭരണകൂടത്തെ പിഴുതെറിഞ്ഞപ്പോൾ സമാനതകളില്ലാത്ത പ്രളയക്കെടുതിയെ കേരളം നേരിട്ടത് മറ്റെല്ലാം മറന്നുകൊണ്ടാണ്. ചരിത്രത്തിലാദ്യമായി മലയാളികളുടെ മാതൃഭൂമി ഓണം പോലും മറന്നു. നാടിന്റെ മുക്കാൽഭാഗവും വെള്ളം കൊണ്ട് നിറഞ്ഞപ്പോൾ അവശേഷിക്കുന്നവർ എല്ലാം മറന്ന് സുരക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ടു. റവന്യൂ, പൊലീസ്, അഗ്നിശമനസേന, തദ്ദേശസ്വയംഭരണം, ജലസേചനം, ആരോഗ്യം എന്നീ വകുപ്പുകളിലെ ജീവനക്കാർ നടത്തിയ നിസ്തുലമായ സേവനം പ്രശംസനീയമാണ്. അതിൽതന്നെ റവന്യൂ വിഭാഗത്തിന്റെ ജോലി അവസാനിക്കാതെ തുടരുകയും, ആവശ്യത്തിന് ജീവനക്കാരില്ലാത്തതിന്റെ കെടുതികളിൽപ്പെട്ട് നട്ടംതിരിയുകയുമാണ്. അവിടവിടെ ചില അപസ്വരങ്ങളും അരുതായ്കകകളും ഉണ്ടായെങ്കിലും, സുശക്തവും അതിവിശാലവും ബഹുസ്വരവുമായ പരസ്പര സഹകരണത്തിന്റെയും ത്യാഗസന്നദ്ധതയുടെയും ഏകശിലാരൂപമായ സ്വാഭാവിക പ്രവർത്തനങ്ങൾക്കു മുന്നിൽ, ഉമ്മറത്ത് കണ്ട അഴുക്ക് പോലെ അരുതായ്കളെ കേരളം തൂത്തുകളഞ്ഞുകൊണ്ടിരുന്നു. സന്നദ്ധപ്രവർത്തകർ, വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ, നാനാദിക്കുകളിൽ നിന്നും സഹായഹസ്തം നിരുപാധികം നീട്ടിയവർ, നാനാവിഭാഗങ്ങളിൽപ്പെട്ടവർ എന്നിങ്ങനെ രാപ്പകൽ വ്യത്യാസമില്ലാതെ പ്രവർത്തനനിരതരായവർ നിരവധിയാണ്. എല്ലാം സമചിത്തതയോടെ സംയോജിപ്പിക്കുന്നതിനുള്ള കരവിരുത് സംസ്ഥാന ജില്ലാ ഭരണകൂടങ്ങൾ പ്രകടമാക്കിയെന്നത് അതിഭീകരമായ പ്രളയബാധയെ നേരിട്ട കേരളത്തെ അന്തർദേശീയതലത്തിൽ തന്നെ പ്രശസ്തമാക്കി. മാധ്യമങ്ങൾ കേരളം ലോകത്തിന് മാതൃക തന്നെയെന്ന് വീണ്ടും അടിവരയിട്ട് പറഞ്ഞുവച്ചു. പ്രളയബാധിത മേഖലയിലെ ഉൾപ്രദേശങ്ങളിൽ നിന്നും ആയിരക്കണക്കിനാളുകളെ രക്ഷിച്ചെടുക്കുന്നതിൽ അനിതരസാധാരണമായ കഴിവാണ് മത്സ്യബന്ധന തൊഴിലാളികൾ കാണിച്ചത്. അവരെ നമ്മുടെ 'സൈന്യ'മെന്നാണ് കേരളം വിശേഷിപ്പിച്ചത്. പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗം തൊഴിലാളികൾ നാടിന്റെ അഭിമാനമായി മാറി. മനുഷ്യന്റെ വികാരവിചാരങ്ങൾ ഒരേ തരംഗദൈർഘ്യത്തിൽ കിറുകൃത്യതയോടെ സമാന്തരസഞ്ചാരം നടത്തിയതിന്റെ പൊലിമയും ഗരിമയുമുണ്ടായിരുന്നു അഹമഹമികയാ നടന്ന സുരക്ഷാ പ്രവർത്തനത്തിന്. എങ്കിലും കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത ശിഥിലീകൃതമായ കേരളമാണ് നമുക്ക് മുന്നിലുള്ളത്. അക്ഷരാർത്ഥത്തിൽ കേരളത്തെ പ്രളയം കശക്കിയെറിഞ്ഞു. ആൾനാശം വളരെ കുറവായിരുന്നുവെങ്കിലും പതിറ്റാണ്ടുകളുടെ പരിശ്രമഫലമായി കൊച്ചുകൊച്ചു ജീവിതങ്ങൾ നുള്ളിപ്പെറുക്കി വച്ചതെല്ലാം പലപാട് ചിതറിപ്പോയി. അവരെല്ലാം ചിരിക്കാൻ മറന്നവരായി കൺമുന്നിലുണ്ട്. അരി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും അത്യാവശ്യം വസ്ത്രങ്ങളുമെല്ലാം വിവിധ ശേഖരണ വിതരണ കേന്ദ്രങ്ങളിൽ നിന്നും നൽകിയെങ്കിലും കണ്ണുകളിലൊടുങ്ങാത്ത ആശങ്കകളുടെ ദൈന്യത സ്ഥായീഭാവമായി മാറിയ ആയിരങ്ങൾ അവശേഷിക്കുന്നു. മുഖ്യമന്ത്രിയുടെ വാക്കുകൾ ജീവാമൃതം പോലെയാണ് അവർ സ്വീകരിച്ചത്. ആരെയും കൈവിടില്ല, നമുക്ക് അതിജീവിച്ചേ പറ്റൂ എന്ന് ഭരണകൂടവും ഇതരസമൂഹവും ഒരുമിച്ച് പറയുന്നിടത്താണ് ജീവിക്കാനുള്ള കരുത്ത് എല്ലാം നഷ്ടപ്പെട്ട ഓരോ മനസ്സിലും ഊർജ്ജസ്രോത

*(ശേഷം പേജ് 13)*



# മഹാപ്രളയത്തെ നേരിട്ട കേരള സർക്കാരിന്റെ രക്ഷാദൗത്യം




**ഇ. ചന്ദ്രശേഖരൻ**
റവന്യൂ വകുപ്പ് മന്ത്രി


നമ്മുടെ സംസ്ഥാനം ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തെയാണ് ദർശിച്ചത്. കാലവർഷം ആരംഭിച്ചത് തന്നെ ദുരന്തങ്ങൾ പെയ്താണ്. ആഗസ്റ്റ് മാസം മദ്ധ്യത്തോടെ പ്രളയത്തിന്റെ ഫലമായി വൻ കെടുതികളുണ്ടായി. ഈ ദുരന്തത്തെ മറികടക്കാനായി പൊതുജനങ്ങളുടെയും കേന്ദ്ര സേനകളുടെയും സഹായത്തോടെയുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി. ഇതിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകളുടെ ജീവൻ രക്ഷപ്പെടുത്താൻ കഴിഞ്ഞു. നീണ്ടുനിന്ന കനത്ത മഴയാണ് ഈ പ്രളയത്തിന് കാരണമായി തീർന്നത്. മഴയുടെ തീവ്രത മനസ്സിലാക്കികൊണ്ടു തന്നെ സംസ്ഥാന ഭരണകൂടം പ്രാരംഭ മുൻകരുതൽ പ്രവർത്തനങ്ങൾ തുടക്കത്തിൽ തന്നെ ആരംഭിച്ചിരുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലാണ് പ്രളയം ആദ്യം ആരംഭിച്ചത്. തുടർന്ന് സംസ്ഥാനത്തെ മിക്ക ജില്ലകളിലേക്കും ഇത് വ്യാപിച്ചു. എല്ലാ നദികളും കരകവിഞ്ഞൊഴുകി. പുഴകൾ വൻതോതിൽ വഴിമാറി സഞ്ചരിച്ചു. ഡാമുകൾ നിറഞ്ഞ് ഷട്ടറുകൾ ഉയർത്തേണ്ട അവസ്ഥയുണ്ടായി. റോഡ് – റെയിൽ ഗതാഗതങ്ങൾ താറുമാറായി. വെള്ളം കയറിയതുമൂലം വിമാനത്താവളങ്ങൾ അടച്ചിടേണ്ട സാഹചര്യമുണ്ടായി. നഗരങ്ങളിൽ വൻതോതിൽ വെള്ളം കയറി. ജനങ്ങൾക്ക് വീടും സമ്പാദ്യവും ഉപേക്ഷിച്ചുപോകേണ്ട അവസ്ഥയുണ്ടായി. ഈ കാലവർഷക്കെടുതിയിൽ 488 പേരുടെ ജീവൻ നഷ്ടമായി. 14,50,707 ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ടി വന്നു.

കെടുതികൾ ശമിക്കുന്നു എന്നും മഴ കുറയുന്നു എന്നും ഉള്ള പ്രതീതികളെയും പ്രതീക്ഷകളെയും തകിടം മറിച്ചുകൊണ്ട് ആഗസ്റ്റ് 8–ഓടു

കൂടി മഴ കനത്തു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വ്യാപകമായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമുണ്ടായി. ആലുവ മേഖലയിൽ പെരിയാറിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. വിവിധ ഡാമുകൾ തുറക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ റവന്യു മന്ത്രി ആഗസ്റ്റ് 9-ന് എറണാകുളത്ത് എത്തി ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് സ്ഥിതിഗതികൾ വിലയിരുത്തുകയും അടിയന്തിര നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആഗസ്റ്റ് 10-ന് ആലുവയിലെ സ്ഥിതി കൂടുതൽ ഗുരുതരാവസ്ഥ യിലേയ്ക്ക് നീങ്ങി. അന്നേ ദിവസം തന്നെ എറണാകുളം ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ചു ചേർക്കുകയും സ്ഥിതിഗതികൾ വിലയിരുത്തി അടിയന്തിര കരുതൽ രക്ഷാ നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. മലപ്പുറത്ത് നിലമ്പൂരിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ആറ് പേർ മരണപ്പെടുകയുണ്ടായി. ഉരുൾപൊട്ടൽ ഉണ്ടായ എരുമമുണ്ട, മതിൽമുല എന്നീ സ്ഥലങ്ങൾ റവന്യു മന്ത്രി സന്ദർശിക്കുകയും ദുരന്തത്തിന്റെ വ്യാപ്തി വിലയിരുത്തുകയും ചെയ്തു. തുടർന്ന് ഉരുൾപൊട്ടലിൽ മരിച്ചവരുടെ കുടുംബാംഗങ്ങളെ റവന്യു മന്ത്രി സന്ദർശിച്ചു.

ശക്തമായി മഴ തുടരും എന്ന മുന്നറിയിപ്പ് കാലാവസ്ഥ കേന്ദ്രം നൽകിയപ്പോൾ തന്നെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. കൂടാതെ ദുരന്ത നിവാരണ അതോറിറ്റിയുടെയും യോഗം വിളിച്ചു ചേർത്ത് സ്വീകരിച്ച രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും അടിയന്തിര തുടർ നടപടികൾക്കായി നിർദ്ദേശം നൽകുകയും ചെയ്തു. പോലീസ്, അഗ്നിരക്ഷാ സേന, ദുരന്ത രക്ഷാസേന എന്നിവയുടെ സജീവ സാന്നിദ്ധ്യത്തോടെയും സഹായത്തോടെയും രക്ഷാപ്രവർത്തനങ്ങൾ സജീവമാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു.



നമ്മുടെ ഭരണതലത്തിൽ താഴെതലം വരെയും ശൃഖലയുള്ളത് റവന്യു വകുപ്പിനാണ്. റവന്യു വകുപ്പാണ് രക്ഷാപ്രവർത്തനങ്ങൾക്ക് ഏകോപനം നടത്തിയത്. ജില്ലകളിൽ എല്ലാ വകുപ്പിന്റെയും ഏകോപനം നടത്തുന്നത് ജില്ലാ കളക്ടർമാർ ആയതിനാൽ അടിയന്തിര സാഹചര്യം നേരിടേണ്ട ചുമതല നിർവ്വഹിക്കേണ്ടത് റവന്യു വകുപ്പാണ്. റവന്യു അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന ഏകോപന സെൽ അടിയന്തിരമായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലും ബഹു.റവന്യൂ മന്ത്രിയുടെ ഓഫീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്ന് പ്രവർത്തിച്ചു. രക്ഷാ പ്രവർത്തനം ആവശ്യപ്പെട്ട് ലഭിച്ച ഫോൺ സന്ദേശങ്ങൾ സംസ്ഥാന കൺട്രോൾ റൂമിലേക്ക് കൈമാറുകയും സംസ്ഥാന കൺട്രോൾ റൂം ജില്ലാ കൺട്രോൾ റൂം വഴി അതത് സ്ഥലങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്തു. സെക്രട്ടറിയേറ്റിൽ അഡീഷണൽ ചീഫ് റവന്യു സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തല ഏകോപന സെൽ പ്രവർത്തനം ആരംഭിച്ചു. റവന്യു വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, പോലീസ് വകുപ്പ്, അഗ്നിശമന സേനാ വകുപ്പ്, ആരോഗ്യ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, കേരള പോലീസിന്റെയും അഗ്നിശമന സേനയുടെയും ബറ്റാലിയനുകൾ, കര-നാവിക-വ്യോമ സേനകൾ, ബി.എസ്.എഫ്, കോസ്റ്റ്ഗാർഡ്, ദേശീയ ദുരന്ത നിവാരണ സേന, സി.ആർ.പി.എഫ്, ബി.എസ്.എഫ്, ഐ.റ്റി.ബി.എഫ്, മത്സ്യതൊഴിലാളികൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ ദുരന്ത ബാധിത മേഖലകളിൽ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി. മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പൊതുജനങ്ങൾ, യുവാക്കൾ, വിദ്യാർത്ഥികൾ തുടങ്ങി എല്ലാവരും രക്ഷാപ്രവർത്തനങ്ങളിൽ രാപ്പകൽ പങ്കാളികളായി.



ദുരന്ത വ്യാപ്തി വൻതോതിൽ വർദ്ധിച്ചതനുസരിച്ച് കേന്ദ്ര സേനയുടെയും സൈനിക വിഭാഗങ്ങളുടെയും അടിയന്തിര സേവനം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു. താമസംവിന സേനകളെ അത്യാവശ്യ മേഖലകളിൽ വിന്യസിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ഓഗസ്റ്റ് 9 ന് ദേശീയ ദുരന്ത നിവാരണ സേനയുടെ 48 പേർ അടങ്ങുന്ന സംഘത്തെ വയനാട്ടിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ആഗസ്റ്റ് 10-ാം തീയതി ദേശീയ ദുരന്ത സേനയുടെ 28 പേർ അടങ്ങുന്ന സംഘം മലപ്പുറത്തും 72 പേർ അടങ്ങുന്ന സംഘം കോഴിക്കോടും രക്ഷാപ്രവർത്തനം ആരംഭിച്ചു. പുതിയതായി എത്തിച്ചേർന്ന ദുരന്ത നിവാരണ സേനയുടെ ഒരു സംഘം പാലക്കാടും മറ്റൊന്ന് ഇടുക്കിയിലും പ്രവർത്തനം ആരംഭിച്ചു. കരസേനയുടെയും നാവികസേനയുടെയും സംഘങ്ങൾ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായിരുന്നു. വയനാടും മലപ്പുറത്തും കണ്ണൂരും കരസേന അംഗങ്ങൾ രക്ഷാദൗത്യ പ്രവർത്തനങ്ങളിൽ വലിയ പങ്കാളിത്തമാണ് വഹിച്ചത്. നാവികസേന, മലപ്പുറത്തും വയനാടും ഇടുക്കിയിലും സജീവമായി ഇടപെട്ടു. സേനകൾ രംഗത്ത് ഇറങ്ങിയതോടെ പതിനായിരക്കണക്കിന് ആളുകളെയാണ് സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റാൻ കഴിഞ്ഞത്. എല്ലാ ദിവസങ്ങളിലും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സെക്രട്ടറിയേറ്റിൽ രാവിലെയും വൈകുന്നേരവും അവലോകന യോഗങ്ങൾ മുഖ്യമന്ത്രിയുടെയും റവന്യു മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർത്തു. എല്ലാ ദിവസങ്ങളിലും നടത്തിവന്നിരുന്ന രക്ഷാപ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും വാർത്താ സമ്മേളനം വഴി പൊതുസമൂഹത്തെ അറിയിച്ചു കൊണ്ടിരുന്നു.

വിവിധ ജില്ലകളിൽ വിന്യസിച്ചിരുന്ന സേനാവിഭാഗങ്ങൾ അതാത് ജില്ലാ കളക്ടർമാരുടെ നിർദ്ദേശങ്ങളനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നതും നടപടികൾ സ്വീകരിച്ചിരുന്നതും കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ജില്ലാ കൺട്രോൾ റൂമുകൾ മുഖേനയായിരുന്നു. ജില്ല സെല്ലുകൾ നടത്തിയിരുന്ന പ്രവർത്തനങ്ങൾ സംസ്ഥാന സെല്ലുകൾ അവലോകനങ്ങൾ നടത്തുകയും ആവശ്യഘട്ടങ്ങളിൽ അധിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പ്രളയത്തിൽ കുടുങ്ങി കിടക്കുന്നവരുടെയും രക്ഷപ്പെടുത്തേണ്ടവരെയും സംബന്ധിച്ച വിവരങ്ങൾ സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചിരുന്ന കൺട്രോൾ റൂമിലെ സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ ജില്ലാതലത്തിലേക്ക് കൈമാറുന്ന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തി.

പ്രളയകാലത്ത് മന്ത്രിസഭ വിവിധ ഘട്ടങ്ങളിലായി യോഗം ചേരുകയും പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. മേൽപറഞ്ഞ കാര്യങ്ങളിൽ അടിയന്തിര യോഗം ചേരുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ശ്രീ.ഇ.പി.ജയരാജൻ, ശ്രീ.ഇ.ചന്ദ്രശേഖരൻ, ശ്രീ.മാത്യൂ റ്റി.തോമസ്, ശ്രീ.എ.കെ.ശശീന്ദ്രൻ, ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളിയെയും, ഉൾപ്പെടുന്ന ഒരു ഉപ സമിതിയെ നിയോഗിച്ചു.

നമ്മുടെ സംസ്ഥാനം ഇതുവരെ ദർശിക്കാത്ത തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങളാണ് നടത്തിയത്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലു ഏകോപന സെല്ലുകൾ പ്രവർത്തിക്കുമ്പോൾ തന്നെ താഴെ തലത്തിൽ ജനങ്ങളും പൊതുപ്രവർത്തകരും രക്ഷാപ്രവർത്തനങ്ങളിൽ സജ്ജീവമായി ഇടപെടുകയുണ്ടായി. ത്യാഗസന്നദ്ധതയുടെയും ആത്മസമർപ്പണത്തിന്റെയും മുന്നേറ്റമാണ് എല്ലാ ഇടങ്ങളിലും കാണാൻ കഴിഞ്ഞത്. ജില്ലാതലത്തിൽ നിന്നും ലഭിച്ച സമഗ്രവും സൂക്ഷമവുമായ പ്രവർത്തനങ്ങൾ നടത്തിയ വില്ലേജ് , താലൂക്ക് , കളക്ടറേറ്റ് തലത്തിലുള്ള റവന്യൂ ഉദ്യോഗസ്ഥരുമായും തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ ാരുമായും സന്നദ്ധ പ്രവർത്തകർ കൈകോർത്തു. ജനങ്ങളെയും സന്നദ്ധ സംഘടനകളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി കൊണ്ടുള്ള രക്ഷാ പ്രവർത്തനങ്ങൾക്ക് പതിനായിരക്കണക്കിന് ആളുകളുടെ ജീവനാണ് രക്ഷിച്ചെടുക്കാൻ കഴിഞ്ഞത്.

ദുരന്തത്തിന് ഇരയായവരെ രക്ഷിക്കാൻ മത്സ്യതൊഴിലാളികളെ നിയോഗിക്കാൻ സർക്കാർ എടുത്ത തീരുമാനം എല്ലാ അർത്ഥത്തിലും ഉചിതമായെന്നാണ് ആയിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാനായതിലൂടെ തെളിയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ മത്സ്യബന്ധന വകുപ്പ് നൽകിയ പിന്തുണയും സ്മരണീയമാണ്. വീടുകളുടെ രണ്ടാം നിലകളിലേക്കും മൂന്നാം നി

ലകളിലേക്കും വെള്ളം കയറിയപ്പോൾ രക്ഷാ പ്രവർത്തനം കൂടുതൽ ദുഷ്കരമായി. സ്വന്ത് ജീവൻ പോലും പണയപ്പെടുത്തി രക്ഷാപ്രവർത്തനത്തിന് ഇറങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ച ഓരോ മത്സ്യതൊഴിലാളിയെയും അഭിനന്ദിക്കാതെ വയ്യാ. പ്രളയ ദുരിത കാലത്തെ നമ്മുടെ മത്സ്യതൊഴിലാളികളുടെ പ്രവർത്തനത്തെ ലോകം മുഴുവൻ പ്രശംസിക്കുന്ന നിലയാണ് ഉണ്ടായിരിക്കുന്നത്. 928 ബോട്ടുകളിലായി 3000 മത്സ്യതൊഴിലാളികളെയാണ് രക്ഷാപ്രവർത്തനത്തിൽ പങ്കാളികളാക്കിയത്. ഏതാണ്ട് 65000 ദുരിത ബാധിതരെ രക്ഷപ്പെടുത്താൻ ഇവരുടെ പ്രയത്നങ്ങൾ കൊണ്ടു കഴിഞ്ഞു. നാട്ടിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ രക്ഷാ പ്രവർത്തനത്തിനുള്ള സേന എന്ന നിലയിലേക്ക് നമ്മുടെ മത്സ്യതൊഴിലാളികൾ ഉയർന്നു എന്ന് അഭിമാനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനത്തിൽ പങ്കാളികളായ ലോറി ഉടമകൾ, ഉപാധികളില്ലാതെ ഇന്ധനം തന്നു സഹായിച്ച പെട്രോൾ ബാങ്ക് ഉടമകൾ , ലോറി ഡ്രൈവർമാർ, ബോട്ട് ഡ്രൈവർമാർ എന്നിവരെയും ഈ സന്ദർഭത്തിൽ നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

അണക്കെട്ടിലെ ജല നിരപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ജനങ്ങളെ അറിയിക്കാനുള്ള നടപടി സ്വികരിച്ചിരുന്നു. നദീതീരങ്ങളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂറായി തന്നെ നടത്തി. ഇതിനിടയിൽ മഴ കൂടുതൽ ശക്തമായി മഹാപ്രളയാവസ്ഥയിലേക്ക് മാറിക്കഴിഞ്ഞിരുന്നു. ആഗസ്റ്റ് 10–ാം തീയതി മുതൽ പൊതു പരിപാടികൾ എല്ലാം റദ്ദുചെയ്ത് ബഹു.മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി തിരുവനന്തപുരത്ത് തുടരാൻ തീരിമാനിച്ചു. കൂടുതൽ ജാഗ്രത ആവശ്യപ്പെട്ട് വയനാട്, കോഴിക്കോട് മലപ്പുറം എറണാകുളം കോട്ടയം, ആലപ്പുഴ ജില്ലകളിൽ റഡ് അലർട്ട് പ്രഖ്യാപിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി നിരന്തരമായി ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി. എല്ലാ പ്രതീക്ഷളെയും തെറ്റിച്ചുകൊണ്ട് മഴ അതിഭീകരമായി പെയ്യുകയും ഉരുൾ പൊട്ടലുകൾ വ്യാപകമായി ഉണ്ടാകുകയും ചെയ്തു. ശക്തമായിക്കൊണ്ടിരുന്ന നീരൊഴുക്കിനെ തുടർന്ന് ഇടുക്കി ഡാമിന്റെ ഷട്ടറുകൾ തുറക്കേണ്ടി വന്നു.ഇതിനെ തുടർന്ന് ആലുവയും പരിസര പ്രദേശങ്ങളും വെള്ളത്തിലാഴ്ന്നു. ആഗസ്റ്റ് 12–ന് ബഹു.മുഖ്യമന്ത്രിയും, റവന്യൂ മന്ത്രിയും, ചീഫ് സെക്രട്ടറിയും, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയും പ്രളയ ബാധിത പ്രദേശങ്ങൾ ഹെലികോപ്റ്ററിൽ സന്ദർശിച്ചു. ആഗസ്റ്റ് 12–ന് കേന്ദ്ര അഭ്യന്തര വകുപ്പ് മന്ത്രി ശ്രീ.രാജ് നാഥ് സിംഗ് പ്രളയ ബാധിത പ്രദേശങ്ങൾ ഹെലികോപ്റ്ററിൽ സന്ദർശനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തി. മഴ അതിശക്തി പ്രാപിച്ചതിനെ തുടർന്ന് ആഗസ്റ്റ് 14 ഓടുകൂടി 27 അണക്കെട്ടുകൾ തുറന്നു വിടേണ്ട സാഹചര്യമുണ്ടായി. 444 വില്ലേജുകൾ പ്രളയ ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു. അണക്കെട്ടുകളിലെ ജലം ക്രമാതീതമായ വിധത്തിൽ ഉയർന്നുകൊണ്ടേയിരുന്നു. ആഗസ്റ്റ് 14ഓടുകൂടി കണ്ണൂർ , തൃശൂർ , പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ കൂടി റഡ് അലർട്ട് പ്രഖ്യാപിച്ചു. റാന്നി, തിരുവല്ല, പാണ്ടനാട് തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം ക്രമാതീതമായി പൊങ്ങി. പെരിയാറിന്റെ തീരത്തുള്ള ആലുവ, പറവൂർ തുടങ്ങിയ സ്ഥലങ്ങൾ വെള്ളത്തിനടിയിലായി. ഷോളയാർ, പെരിങ്ങൽക്കൂത്ത് എന്നീ ഡാമുകൾ തുറന്നുവിട്ടതോടെ ചാലക്കുടിയിലും പരസരത്തുമുള്ള പ്രദേശങ്ങളും മുങ്ങി. ജല വിതരണവും വൈദ്യുതി വിതരണവും തടസ്സപ്പെട്ടു.



രക്ഷാപ്രവർത്തനത്തിന് കൂടുതൽ ബോട്ടുകൾ കൊണ്ടുവരാനായി സംസ്ഥാന സർക്കാർ കൂടുതൽ നടപടി സ്വീകരിച്ചു.ഇതിനായി അയൽ സംസ്ഥാനങ്ങളുടെ സഹായം തേടാനും തീരുമാനിച്ചു. മത്സ്യതൊഴിലാളികൾ തിരുവനന്തപുരത്തുനിന്നും കൊല്ലത്തു നിന്നും ആലപ്പുഴയിൽ നിന്നും കൂടുതൽ ബോട്ടുകളും വള്ളങ്ങളും സംഘടിപ്പിച്ച് വെള്ളപ്പൊക്ക മേഘലയിൽ എത്തിച്ചു. തിരുവല്ലയിലേക്കും പാണ്ടനാട്ടേയ്ക്കും കരസേനയുടെയും നാവിക സേനയുടെയും കൂടുതൽ വിഭാഗങ്ങളെ അയച്ച് രക്ഷാ പ്രവർത്തനം ശക്തിപ്പെടുത്തി. ഒറ്റപ്പെട്ട തുരുത്തിൽ കുടുങ്ങി കിടന്ന ധാരാളം പേരെ എയർ ലിഫ്റ്റ് വഴി രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഈ കൂട്ടത്തിൽ ഒരു ഗർഭിണിയെ സാഹസികമായി രക്ഷ

**അപകട ഭീഷണിയുള്ള സ്ഥലങ്ങളിൽ നിർമ്മാണത്തിന് അനുമതി നൽകരുതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് സർക്കാർ നിർദ്ദേശം നൽകി കഴിഞ്ഞു. പ്രളയത്തിന്റെ ദുരന്താവസ്ഥയിൽ നിന്ന് ഒരു നവകേരളത്തെ സൃഷ്ടിക്കാനുള്ള യത്നത്തിലാണ് നാം. ഈ യത്നത്തിൽ അകമഴിഞ്ഞ പിൻതുണയും സഹകരണവും നൽകാൻ നമ്മൾ ബാധ്യസ്ഥരാണ്.**

പ്പെടുത്തി കൊച്ചിൻ നേവൽ ബേസ് ഹോസ്പിറ്റലിൽ എത്തിച്ച കാഴ്ച നാം ടി.വിയിൽ കണ്ടതാണ്. കൂടുതൽ കേന്ദ്രസേനയും ഹെലികോപ്റ്ററും അയക്കണമെന്ന് ആഗസ്റ്റ് 16-ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു ഇതിന്റെ ഫലമായി ആഗസ്റ്റ് 17-ന് തന്നെ 27 ഹെലികോപ്റ്ററുകളുടെ സേവനം ദുരന്ത മേഖലയിലേക്ക് എത്തിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. തിരുവല്ല, ചെങ്ങന്നൂർ, ആലുവ, ചാലക്കുടി കൂടുതൽ ഭാഗങ്ങളിൽ ഹെലികോപ്റ്ററുകൾ സർവ്വീസും ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനം ശക്തിപ്പെടുത്തി.

ഒറ്റപ്പെട്ടവരെ രക്ഷപ്പെടുത്ത പ്രവർത്തനത്തോടൊപ്പം തന്നെ ഭക്ഷണവും കുടിവെള്ളവും എത്തിക്കുന്ന പ്രവർത്തനവും യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി.ആഗസ്റ്റ് 17, 18 തീയതികളിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും 6.8 ടൺ ഭക്ഷണ സാധനങ്ങൾ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ വിതരണം ചെയ്തു. ആഗസ്റ്റ് 18-ന് ഇന്ത്യൻ റെയിൽവെ ഒന്നര ലക്ഷം വാട്ടർ ബോട്ടിലാണ് വിതരണത്തിനായി എത്തിച്ചത്.

ആഗസ്റ്റ് 18-ാം തീയതി ബഹു. പ്രധാനമന്ത്രിയും ബഹു. മുഖ്യമന്ത്രിയും, റവന്യൂ മന്ത്രിയും, ഹെലികോപ്റ്ററിൽ ഇടുക്കി, എറണാകുളം തുടങ്ങിയ പ്രളയ ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തി. ചില പ്രളയ ബാധിത പ്രദേശങ്ങളിൽ കാലാവസ്ഥ പ്രതികൂലമായതിനാൽ അവിടെ പോകാൻ കഴിഞ്ഞില്ല. പ്രധാന മന്ത്രി പങ്കെടുത്ത യോഗത്തിൽ കേരളത്തിന്റെ ആശങ്കളും ആവശ്യങ്ങളും ഉന്നയിക്കുകയുണ്ടായി. ആഗസ്റ്റ് 22-ാംതീയതി പ്രളയ ബാധിത പ്രദേശങ്ങളിൽ റവന്യൂ മന്ത്രി സന്ദർശനം നടത്തി. 23-ന് ബഹു.മുഖ്യമന്ത്രി, റവന്യൂ മന്ത്രി ചെങ്ങന്നൂർ ചാലക്കുടി എന്നിവിടങ്ങളിലെ പ്രളയ ബാധിത മേഖലകളിലും ക്യാമ്പുകളിലും സന്ദർശനം നടത്തി. അടുത്ത ദിവസം ചങ്ങനാശ്ശേരി തലയോലപ്പറമ്പ് മൂവാറ്റുപുഴ എന്നിവിടങ്ങളിലെ ദുരന്ത ബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി റവന്യൂമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ആഗസ്റ്റ് 19-ന് രക്ഷാ ദൗത്യം പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് ദുരിതാശ്വാസ 3879 ക്യാമ്പുകൾ പ്രവർത്തനക്ഷമമായിരുന്നു. ഈ ദുരിതാശ്വാസ ക്യാമ്പുകളിൽ 391494 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.

രക്ഷാപ്രവർത്തനത്തിനുശേഷം പുനരധിവാസത്തിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്.വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. വീടുകളിൽ താമസം തുടങ്ങുന്നതിനായി അടിയന്തര സൗകര്യം ഒരുക്കാനായി 10000 രൂപ സർക്കാർ ഓരോ കുടുംബത്തിനും നൽകി വരികയാണ്. കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്നും 3800 രൂപയും മുഖ്യമന്ത്രിയു ദുരിതാശ്വാസ ഫണ്ടിൽ നിന്നും 6200 രൂപ വീതവുമാണ് നൽകുന്നത്. സെപ്തംബർ 10-ലെ കണക്കനുസരിച്ച് കേന്ദ്ര ദുരിതാശ്വാസ ഫണ്ടിൽ നിന്നും 816.62 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 408 കോടി രൂപയും വിതരണത്തിനായി അനുവദിച്ചു. വീടുകളിൽ താമസം തുടങ്ങുന്നതിനായി അത്യാവശ്യ കിറ്റുകളുടെ വിതരണവും നല്ല തോതിൽ പുരോഗമിച്ചു വരുന്നു. ഇതുവരെ 7,02,567 കിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.

ദുരന്തത്തെ മറികടക്കാനുള്ള ഏറ്റവും സുപ്രധാനമായ പ്രവർത്തനമാണ് പുനർ നിർമ്മാണം. ഇതിനായി ക്രിയാത്മകമായ ചർച്ചകളും ആഴത്തിലുള്ള പഠനവും അത്യാവശ്യമാണ്. ഈ പ്രളയം പാരിസ്ഥിതികമായ ചില വിഷയങ്ങൾ ഉയർത്തുന്നുണ്ട്. പരിസ്ഥിതി ലോലവും പ്രകൃതി ദുരന്ത ഭീഷണയുള്ള സ്ഥലങ്ങളിൽ നിന്നും ദുരിതബാധിതരെ മാറ്റി പാർപ്പിക്കേണ്ടതുണ്ട്. ഇവിടെയുള്ളവർക്ക് വാസയോഗ്യമായ സ്ഥലത്ത് വീടുകളോ ഫ്ളാറ്റുകളോ നിർമ്മിച്ചു നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനുള്ള ഭൂമികണ്ടെത്താനുള്ള നടപടികൾ റവന്യൂവകുപ്പ് സ്വീകരിച്ചു കഴിഞ്ഞു. അപകട ഭീഷണിയുള്ള സ്ഥലങ്ങളിൽ നിർമ്മാണത്തിന് അനുമതി നൽകരുതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് സർക്കാർ നിർദ്ദേശം നൽകി കഴിഞ്ഞു. പ്രളയത്തിന്റെ ദുരന്താവസ്ഥയിൽ നിന്ന് ഒരു നവകേരളത്തെ സൃഷ്ടിക്കാനുള്ള യത്നത്തിലാണ് നാം. ഈ യത്നത്തിൽ അകമഴിഞ്ഞ പിൻതുണയും സഹകരണവും നൽകാൻ നമ്മൾ ബാധ്യസ്ഥരാണ്. നമ്മുടെ സംസ്ഥാനം കൂടുതൽ കരുത്താർജ്ജിക്കാനും അതിജീവനത്തിന്റെ ഒരു കേരള മാതൃക സമ്മാനിക്കാനുമുള്ള സഹകരണവും പിൻതുണയും എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നു. ■



# കേരളത്തിന്റെ പുനർ സൃഷ്ടിയ്ക്കായി
# കൈ കോർക്കുക



കെ. പ്രകാശ് ബാബു

ഇന്നത്തെ തലമുറ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും ഭീകരവും ദുരിതപൂർണവുമായ ഒരു പ്രളയത്തിനാണ് കേരളം സാക്ഷിയായത്. മലയാളവർഷം 1099 ൽ ഉണ്ടായ ഒരു പ്രളയമാണ് ഇതിന് സമാനമായി പഴമക്കാർ ചൂണ്ടിക്കാട്ടുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരുമിച്ചും കേരളത്തിലെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുടെ ബഹുജന സംഘടനകളും ഒരുമിച്ചും ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾക്കായി രംഗത്തിറങ്ങുകയുണ്ടായി. ഇക്കൂട്ടത്തിൽ കേരളത്തിലെ മത്സ്യതൊഴിലാളികൾ നടത്തിയ ഉജ്ജ്വലമായ രക്ഷാപ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളുടെയും സംഘടനകളുടെയും അഭിനന്ദനങ്ങൾ പിടിച്ചുപറ്റി. അപ്രതീക്ഷിതമായി അനുഭവിക്കേണ്ടി വന്ന ഒരു ദുരന്തത്തെ സൈനികരും സിവിലിയൻസും എല്ലാവരുംകൂടി കൈകോർത്തുപിടിച്ച് നേരിട്ടതുകൊണ്ട് രക്ഷപ്പെടുത്താൻ കഴിഞ്ഞത് ലക്ഷക്കണക്കിന് മനുഷ്യ ജീവനുകളെയാണ്.

മഴ ദുർബലമായതോടുകൂടി ഡാമുകളുടെ ഷട്ടറുകൾ കുറച്ചെങ്കിലും അടയ്ക്കുകയും ഒഴുക്കുവെള്ളത്തോടൊപ്പം പെയ്ത്തു വെള്ളത്തിന്റെയും അളവു കുറയുകയും ചെയ്തപ്പോൾ ദുരിതാശ്വാസ-ശുചീകരണ പ്രവർത്തനങ്ങളിലേക്ക് വ്യക്തികളും സംഘടനകളും തിരിഞ്ഞു തുടങ്ങി. നിയമ വ്യാഖ്യാനങ്ങളും സാങ്കേതിക പിഴവുകളും നിരത്തി സർക്കാരിന്റെ സദുദ്യമത്തെ നിശിതമായി വിമർശിക്കാനും വിട്ടുനിൽക്കാനും പ്രതിപക്ഷ പരിശ്രമങ്ങളും ആരംഭിച്ചു. അതിനിടയിൽ വിദേശ രാജ്യങ്ങളുടെ സഹായം സ്വീകരിക്കാൻ പാടില്ലായെന്ന കേന്ദ്ര നയത്തെ സംബന്ധിച്ചുള്ള വിവാദങ്ങളും രംഗം കൊഴുപ്പിച്ചു. പേമാരി ശമിച്ചു തുടങ്ങിയ ഓഗസ്റ്റ് 22 ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പുറപ്പെടുവിച്ച കണക്കനുസരിച്ച് ഇത്തവണ കേരളത്തിൽ 162 ശതമാനം മഴ ലഭിച്ചു. പേമാരിയും ഉരുൾപൊട്ടലും കാരണം 350 ലധികം ആളുകൾ മരണപ്പെട്ടു. 3274 ക്യാമ്പുകളിലായി അഭയം തേടിയത് 10,28000 ജനങ്ങളാണ്. അതിൽ ഏറെയും സ്ത്രീകൾ. 70,000 വീടുകൾ പൂർണമായും നശിച്ചു. കേടുപാടുകൾ വന്നത് എത്രയോ ലക്ഷം. 40,000 ഹെക്ടർ ഭൂപ്രദേശത്തെ കൃഷിയാണ് നശിച്ചത്.

സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നും ധാരാളം സഹായങ്ങൾ കേരളത്തിലേക്ക് സമാന്തരമായി തന്നെ പ്രവഹിച്ചു തുടങ്ങിയിരുന്നു. കേന്ദ്ര ഗവൺമെന്റ് രണ്ടു തവണകളിലായി 600 കോടി അടിയന്ത

ര ദുരിതാശ്വാസ സഹായം നൽകി. പ്രവാസി വ്യവസായികളും സംസ്ഥാനത്തെ വ്യാപാരി വ്യവസായി സമൂഹവും കയ്യയച്ചു സഹായിച്ചു. സിപിഐ കേരളഘടകം ഓഗസ്റ്റ് 13 നും 21 നുമായി ഒരുകോടി 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്തു. സിപിഎം അവരുടെ ഘടകങ്ങൾ മുഖേന സംഭരിച്ച സാമാന്യം മെച്ചപ്പെട്ട ഒരു തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകുമെന്നു പ്രഖ്യാപിച്ചു. കെപിസിസി 1000 വീടുകൾ നിർമിച്ചു നൽകുമെന്നു പ്രഖ്യാപിച്ചു. അയൽ സംസ്ഥാനങ്ങൾ ഉൾപ്പെടെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും കേരളത്തിനുള്ള സഹായധനം പ്രഖ്യാപിച്ചു. എന്നാൽ ഈ പ്രളയത്തിലും ആർദ്രതയില്ലാത്ത മനസ്സുമായി നിൽക്കുന്ന ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയാണ് ബിജെപി. ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാമ്പത്തിക ആസ്തിയുള്ള പാർട്ടിയാണ് ബിജെപി. അഞ്ചുനൂറ്റാണ്ടിലധികം അധികാരത്തിൽ ഇരുന്ന കോൺഗ്രസിനെ പിന്നിലാക്കിക്കൊണ്ടാണ് കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ഏറ്റവും വലിയ ആസ്തിയുള്ള പാർട്ടിയായി ബിജെപി മാറിയത്. കേരളത്തിലെ പ്രളയക്കെടുതിയിൽ ഒരു ദുഃഖവും ആശങ്കയും രേഖപ്പെടുത്താത്ത ഒരേ ഒരു ദേശീയ നേതാവ് ബിജെപിയുടെ അധ്യക്ഷൻ അമിത്ഷാ മാത്രം. ഐക്യരാഷ്ട്രസഭയും യുഎഇയും മാലദ്വീപും കേരളത്തെ സഹായിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചപ്പോൾ അതിനു തടസ്സവാദങ്ങൾ ഉന്നയിക്കുകയാണ് ഇപ്പോൾ ബിജെപിക്കാരുടെ ഒരു പറ്റം ദേശീയ നേതാക്കൾ. പ്രളയത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും രാഷ്ട്രീയം കലർത്തി ഒരു സംസ്ഥാനത്തെ ജനങ്ങളോട് പകവീട്ടുന്നതുപോലെ പെരുമാറുകയാണോ ഇവർ എന്നുപോലും സംശയിച്ചു പോകുന്നു. കേന്ദ്ര ഗവൺമെന്റ് 2016 മേയ് മാസം പ്രഖ്യാപിച്ച നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് വിദേശരാജ്യങ്ങളുടെ സാമ്പത്തിക സഹായം ഇന്ത്യ സ്വീകരിക്കാൻ പാടില്ലായെന്ന ബാലിശമായ ഒരു വാദമാണിവർ ഉയർത്തുന്നത്. എന്നാൽ അത്യന്തം ഗുരുതരമായ ദുരന്തങ്ങൾ സംഭവിക്കുമ്പോൾ വിദേശ രാജ്യങ്ങൾ സ്വമേധയാ നൽകുന്ന ധനസഹായം സ്വീകരിക്കാൻ പ്രസ്തുത പ്ലാനിന്റെ 9-ാം വകുപ്പ് അനുവദിക്കുന്നുണ്ട് എന്ന് നിരവധി വിദേശകാര്യ വിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടും കേന്ദ്രം ബോധപൂർവം മൗനം പാലിക്കുകയാണ്. തന്നെയുമല്ല പുനർ നിർമാണത്തിനും പുനരധിവാസത്തിനും വിദേശഫണ്ട് സ്വീകരിക്കാവുന്നതാണെന്നും വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. എന്നിട്ടും കേന്ദ്രത്തിനു മിണ്ടാട്ടമില്ല. കേരളത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്ത ചില കേന്ദ്ര ഏജൻസികൾ കേരളത്തെ സാമ്പത്തികമായി സഹായിക്കാൻ തയ്യാറാണെന്നാണ് അറിയുന്നത്. പക്ഷെ ഉന്നതങ്ങളിലെ അനുമതി ലഭിക്കാത്തതിനാൽ അവർക്കതിന് കഴിയുന്നില്ല.

പുര കത്തുമ്പോൾ വാഴവെട്ട് ശീലമാക്കിയവരെപ്പോലെ, നാട് പ്രളയത്തിൽ മുങ്ങിയപ്പോൾ ഭക്ഷ്യധാന്യങ്ങൾക്ക് കൃത്രിമ ക്ഷാമമുണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും വിലക്കയറ്റവും ബോധപൂർവം സൃഷ്ടിക്കുകയും ചെയ്ത കുറച്ചു വാഴവെട്ടുകാരും നമ്മുടെയിടയിലുണ്ടെന്നും നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിലേക്കു കൊണ്ടുപോയ ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും വരെ അനധികൃതമായി കടത്താൻ ശ്രമിച്ച സർക്കാരുദ്യോഗസ്ഥരുൾപ്പെടെയുള്ള ക്രിമിനലുകളും അവർക്കു കൂട്ടിനുണ്ട്. നിരവധി സൽപ്രവൃത്തികൾക്ക് കൂട്ടായ്മയുണ്ടാക്കുകയും നേതൃത്വം നൽകുകയും ചെയ്ത സോഷ്യൽ മീഡിയയെ ദുരുപയോഗം ചെയ്ത് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയും കളവുകൾ പ്രചരിപ്പിക്കുകയും ചെയ്ത സൈബർ ക്രിമിനലുകളും ഇപ്പോൾ നമ്മുടെ നാട്ടിൽ വെള്ളപ്പൊക്കത്തിൽ ഒഴുകി വന്ന പാമ്പുകളെപ്പോലെ സുലഭമാണ്.

ഇത്രയധികം ദുരന്തം വിതച്ച പ്രളയം നമുക്ക് ഒഴിവാക്കാൻ ക





ഴിയുമായിരുന്നോ എന്ന ചർച്ച ഇന്ന് സംസ്ഥാനത്തിനകത്തും പുറത്തും ശക്തമാണ്. കേരളത്തിൽ ഇന്ന് വലുതും ചെറുതുമായ 72 ഡാമുകൾ ഉണ്ട്. 44 നദികളും. നദികളിൽ ഉണ്ടാകാൻ സാധ്യതയുള്ള വെള്ളപ്പൊക്കം തടയുകയെന്ന ഒരു ഉദ്ദേശ്യം കൂടി ഡാമുകളുടെ നിർമാണത്തിൽ ഉണ്ട്. വെള്ളപ്പൊക്കം തടയുന്നതോടൊപ്പം വൈദ്യുതി ഉൽപ്പാദനം, കൃഷിക്കുള്ള ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് അണക്കെട്ടുകളുടെ പ്രധാന ലക്ഷ്യം. അണക്കെട്ടുകളുടെ നിർമാണം നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടയുന്നു എന്ന പാരിസ്ഥിതിക പ്രവർത്തകരുടെ വിമർശനം ഈ സന്ദർഭത്തിൽ വളരെ ഗൗരവമായി നാം കാണണം. പരിസ്ഥിതി പ്രവർത്തക മേധാപട്കർ നടത്തിയ നിരീക്ഷണം ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. ''നർമദയിലേയോ ഉത്തരാഖണ്ഡിലേയോ കേരളത്തിലേയോ അണക്കെട്ടുകൾക്ക് അതതു സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞില്ല.'' ''വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാൻ ഡാമുകളല്ല പരിഹാരം, മറിച്ച് നദികളിലെ വെള്ളം വികേന്ദ്രീകരിച്ച് ഒഴുക്കുന്നതിനുള്ള ജല മാനേജ്മെന്റാണ് നമുക്കാവശ്യം.''

മലകളിൽ നിന്നുത്ഭവിക്കുന്ന നദികളിൽക്കൂടി ഒഴുകിയെത്തുന്ന വനമേഖലകളിലെ മണ്ണ് നമ്മുടെ അണക്കെട്ടുകളിൽ വന്നടിഞ്ഞ് അണക്കെട്ടുകളുടെ സംഭരണശേഷി എത്രയോ കുറഞ്ഞുപോയിട്ടുണ്ട്. വർഷത്തിലൊരിക്കലോ മൂന്നുവർഷത്തിലൊരിയ്ക്കലോ റിസർവോയറുകളിൽ ഡ്രഡ്ജിംഗ് നടത്താൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റും തയ്യാറായില്ലെങ്കിൽ റിസർവോയറിന്റെ സംഭരണശേഷിക്കനുസരിച്ചുള്ള വെള്ളമില്ലെങ്കിലും ഡാം കവിഞ്ഞൊഴുകും. വൃഷ്ടി പ്രദേശം ഉൾപ്പെടെയുള്ള മലമേഖലകളിലെ വനനശീകരണം മണ്ണൊലിപ്പു കൂടുതൽ രൂക്ഷമാക്കുകയും ചെയ്യും. അണക്കെട്ടുകളുടെ റിസർവോയറുകളെക്കാൾ വലിയ പ്രകൃതിദത്ത ജലസംഭരണിയാണ് കേരളത്തിന്റെ വയലുകളും തണ്ണീർത്തടങ്ങളും. നിയമം കൊണ്ടു പോലും തടയാൻ കഴിയാതെ നികത്തപ്പെടുന്ന ആ പ്രകൃതിദത്ത ജലസംഭരണികൾ വരും തലമുറയുടെ ഓർമകളിൽ നിന്നുപോലും മായുകയാണ്. കയ്യേറപ്പെടുന്ന പുഴ പുറമ്പോക്കുകളും കായൽ പുറമ്പോക്കുകളും അതിന്റെ തനിമയോടെ കേരളത്തിന്റെ പുനഃസൃഷ്ടിയിൽ ഉൾപ്പെട്ടാൽ വരും തലമുറ ഇന്നിനെ നമിക്കും.

ഈ പ്രതിഭാസങ്ങളെയെല്ലാം അതിജീവിച്ച് ഒരു നവകേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനായി നാം ഒരുമിച്ച് നീങ്ങേണ്ടുന്ന സന്ദർഭമാണിത്. മലയാളികളെല്ലാം ഒരുമാസത്തെ ശമ്പളം സംസ്ഥാന ഗവൺമെന്റിന്റെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന അഭ്യർത്ഥന കഴിഞ്ഞദിവസം കേരള മുഖ്യമന്ത്രി നടത്തുകയുണ്ടായി. അതും പത്തു തവണകളായി. പൊതുവിൽ എല്ലാവരും സ്വാഗതം ചെയ്ത ഒരു നിർദ്ദേശമായിരുന്നു അത്. അതിന്റെ വിനിയോഗത്തിൽ സുതാര്യത ഉണ്ടോയെന്ന് സംശയിക്കുന്നവരോട് പരിതപിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. സമൂഹം നടത്തുന്ന വിമർശനങ്ങളെ സ്വയം വിമർശനമായി കണ്ടുകൊണ്ട് വിമർശകരെയും സഹകരിപ്പിച്ചു കേരളത്തെ പുനഃസൃഷ്ടിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ് നമ്മൾ പ്രകടിപ്പിക്കേണ്ടുന്നത്.

■

*(മുഖക്കുറിപ്പ് തുടർച്ച)*


# പ്രളയാനന്തരം

സ്സായി മാറുന്നത്. അക്കാര്യത്തിൽ ഭരണപ്രതിപക്ഷ വ്യത്യാസമന്യേ നാട് പ്രകടിപ്പിച്ച ജാഗ്രത അഭിനന്ദനീയമാണ്.

എല്ലാ ബന്ധനങ്ങൾക്കുമപ്പുറത്തേക്ക് മനുഷ്യൻ മനുഷ്യനായി മാറിയിരിക്കുന്നു. മുൻ അനുഭവങ്ങളില്ലാത്തതിന്റെ പരിമിതികൾ മാത്രമായിരുന്നു തടസ്സങ്ങൾ. കനത്ത മഴയും, നൂറുകണക്കിന് മലയിടിച്ചിലും അതിഭീകരമായ ഉരുൾപൊട്ടലുകളും പതിനൊന്ന് ജില്ലകളെയും സാരമായി ബാധിച്ചു. പെരിയാർ ഉൾപ്പെടെയുള്ള നദികൾ പലതും ദിശ മാറി ഒഴുകി. പമ്പയുടെ ഗതി തന്നെ മാറിപ്പോയി. ഒട്ടും സുരക്ഷിതമല്ലാത്ത പ്രദേശങ്ങളെല്ലാം സാന്ദ്രതയേറിയ ജനവാസകേന്ദ്രങ്ങളായി മാറി. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളെല്ലാം അനധികൃത കയ്യേറ്റങ്ങളുടെ കൂത്തരങ്ങുകളായി മാറി. പശ്ചിമഘട്ട മലനിരകൾ പ്രകൃതിയുടെ വരദാനമാണെന്ന് പറഞ്ഞവരെല്ലാം 'പരിസ്ഥിതി വാദി'കളുടെ ലിസ്റ്റിൽപ്പെടുത്തി അപഹസിക്കപ്പെട്ടു. മാധവ് ഗാഡ്ഗിൽ 'കേരളം അനുഭവിക്കാനിരിക്കുന്നേയുള്ളു'വെന്ന് 2013 ൽ പറഞ്ഞത് പ്രവചനതുല്യമായി ഭവിക്കുക തന്നെ ചെയ്തു. മഴയുടെ ആധിക്യം എല്ലാ നിയന്ത്രണങ്ങൾക്കുമപ്പുറത്തേക്ക് കനത്തു. കേരളം വെള്ളം നിറച്ചുവച്ച പാത്രം പോലെയായി. എതിർവാദങ്ങളെല്ലാം അപ്രസക്തമായി. ഇനി വേണ്ടത് കേരളത്തെ പുനർനിർമ്മിച്ചെടുക്കലാണ്. നാടിനകത്തു നിന്നും പുറത്തുനിന്നും സഹായങ്ങൾ വന്നു. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഓണത്തിനു വേണ്ടി കച്ചവടക്കാർ കരുതിയതെല്ലാം പ്രളയമെടുത്തപ്പോഴും വന്നുചേർന്ന സഹായങ്ങൾ ദുരിതാശ്വാസക്യാമ്പുകളുടെ ആശ്വാസമായി മാറി. പ്രളയബാധിതരല്ലാത്തവരായി ആരുമുണ്ടായിരുന്നില്ല. വെള്ളം കയറാത്തതും കയറിയതുമായ സ്ഥലങ്ങൾ എല്ലാവരുടെയും സഞ്ചാരത്തെ തടസ്സപ്പെടുത്തി. ഓരോ ചെറിയ പ്രദേശങ്ങളും ഓരോ തുരുത്തുകളായി മാറി. വാഹനങ്ങളുടെ ഓട്ടം നിലച്ചു. ചരക്ക് നീക്കമുൾപ്പെടെ തടസ്സപ്പെട്ടു. സാധനങ്ങളൊന്നും ആർക്കും വാങ്ങാൻ കിട്ടാത്ത അവസ്ഥയായി. സമൂഹജിവിതമെന്നത് പരസ്പരാശ്രിതമാണെന്നും, പണവും ജോലിയും പ്രമാണിത്തവുമൊന്നും ആരെയും സ്വതന്ത്രമാക്കുന്നില്ലെന്നും, ഒഴിവാക്കാനാവാത്തവിധം എല്ലാവരും പരസ്പരബന്ധിതവുമാണെന്ന ജീവിതദർശനം എല്ലാവരെയും പ്രളയക്കെടുതി പഠിപ്പിച്ചു. തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ഏറ്റവും നിസ്സഹായമായ അവസ്ഥയിലെ സംരക്ഷകരായി തീരുമെന്ന് ചെങ്ങന്നൂരും, കടുങ്ങല്ലൂരുമുള്ള ആരും വിചാരിച്ചിട്ടുണ്ടാകില്ല. അങ്ങനെ പ്രളയം എടുത്തുകണ്ടുപോയതും, പഠിപ്പിച്ചിട്ടു പോയതുമായ കാര്യങ്ങൾ നിരവധിയാണ്. വെള്ളമിറങ്ങിയതിനുശേഷമുള്ള കാഴ്ചകൾ അതിദാരുണവും ഗുരുതരവുമാണ്. എണ്ണിയാലൊടുങ്ങാത്ത മിണ്ടാപ്രാണികൾ, അവയുടെ ആവാസസ്ഥലങ്ങൾ, ജീവിതത്തിലെ ഏക ആശ്രയമായിരുന്ന വളർത്തുമൃഗങ്ങൾ, കൃഷികൾ, തലചായ്ക്കാനുള്ള അഭയകേന്ദ്രങ്ങൾ, വിവിധങ്ങളായ ഉപജീവനമാർഗ്ഗങ്ങൾ, കുടുംബവൃത്തങ്ങളിൽ ചർച്ചചെയ്തും വളരെക്കാലം ആഗ്രഹിച്ചും വാങ്ങിയ വാഹനങ്ങൾ, വൈദ്യുതോപകരണങ്ങൾ, പാത്രങ്ങൾ, വസ്ത്രങ്ങൾ എല്ലാം കണ്ണടച്ചു തുറക്കുംമുമ്പേ കൈവിട്ടുപോയി. വീടും വീട്ടുപകരണങ്ങളുമെല്ലാം ചെളിനിറഞ്ഞ് മലിനമായി. വീടുകൾ തന്നെ കാണാതായി. പറഞ്ഞാൽ തീരാത്ത നഷ്ടത്തിന്റെ ദുരിതക്കയത്തിൽ ആയിരങ്ങൾ അകപ്പെട്ടു. നാം അതിജീവിക്കുമെന്നും, നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുമെന്നും, ആരും നിരാശപ്പെടേണ്ടതില്ലെന്നുമുള്ള നിരന്തര പ്രചരണം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിരവധി വ്യക്തികൾ, സംഘടനകൾ എന്നിവർ നൽകിയ സംഭാവനകൾ, സമൂഹമാകെ ഏറ്റെടുത്ത ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സുദൃഢമായ ഏകോപനം എന്നിവ സൃഷ്ടിച്ച ആത്മവിശ്വാസം കേരളത്തിന് ഒന്നിച്ച് മുന്നേറാനുള്ള പ്രേരണയായി.

സർക്കാർ ജീവനക്കാരുടെ പങ്ക് നിർണ്ണായകമാണ്. അത് സേവനം കൊണ്ടു മാത്രമല്ല, ത്യാഗസമ്പന്നമായ ഒരു തൊഴിൽ വിഭാഗമെന്ന നിലയിൽ അവസരത്തിനൊത്തുയർന്ന് സാമൂഹികജീവിതത്തിന്റെ ഗതിവിഗതികളാണ് എല്ലാവരുടെയും ജീവിതം നിർണ്ണയിക്കുന്നതെന്ന ബോധ്യത്തോടെ 'സാലറിചലഞ്ച് ഏറ്റെടുത്തുകൊണ്ട് ഒരു മാസത്തെ ശമ്പളം നിരുപാധികം നൽകാൻ കഴിയണം. തകർന്നടിഞ്ഞ കേരളത്തിന്റെ പുനരുജ്ജീവനത്തിലൂടെയല്ലാതെ സിവിൽ സർവ്വീസിനും നിലനിൽപ്പുണ്ടാവില്ലെന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളുടെ തിരിച്ചറിവായിരിക്കണം നമ്മെ നയിക്കേണ്ടത്. കേവല രാഷ്ട്രീയലാഭത്തിനു വേണ്ടി അടിസ്ഥാന രഹിതമായ കാര്യങ്ങൾ ആരു വിളിച്ചുപറഞ്ഞാലും ഔചിത്യബോധത്തിന്റെ കുറവായി മാത്രമേ കാണാൻ കഴിയൂ. ആരു ഭരിച്ചാലും പ്രകൃത്യാ വരുന്ന ദുരന്തങ്ങളുടെ ഫലമായി തകർന്നടിഞ്ഞു പോകുന്ന നാടിനെ സംരക്ഷിക്കാൻ കാണിക്കുന്ന ത്യാഗമനോഭാവത്തെ യുക്തിരഹിതമായ നിലപാടുകൾ കൊണ്ട് നിർവീര്യമാക്കാൻ നിന്നുകൊടുക്കരുത്.

■




# കേരള സർവ്വീസ് റൂൾ
## നിയമവും അവകാശവും



**പുഞ്ചക്കരി ശ്രീകുമാർ**
**9495473134**

### യാത്രാപ്പടി

**ആമുഖം**

കേരള സർവ്വീസ് ചട്ടം ഭാഗം രണ്ട്, ചട്ടം 1 മുതൽ 116 വരെയാണ് യാത്രാപ്പടി സംബന്ധിച്ച് പ്രതിപാദിക്കുന്നത്. ഔദ്യോഗിക യാത്രകൾക്കുള്ള യാത്രാപ്പടി കണക്കാക്കുന്നത്, ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തെ ആധാരമാക്കിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനകകാരെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. അടിസ്ഥന ശമ്പളം 50400/- രൂപയോ അതിന് മുകളിലോ വരുന്നവർ ഗ്രേഡ് ഒന്നും, 43500 –50399 പരിധിയിലുള്ളവർ ഗ്രേഡ് രണ്ട് എയും, 27800 –42499 പരിധിയിലുള്ളവർ ഗ്രേഡ് രണ്ട് ബിയും, 18000 –27799 പരിധിയിലുള്ളവർ ഗ്രേഡ് മൂന്നും, 18000 രൂപയിൽ താഴെയുള്ളവർ ഗ്രേഡ് നാലും ആയിരിക്കും.

**വിവിധയിനം യാത്രാപ്പടികൾ**

**1. പി.ടി.എ. സ്ഥിരമായ യാത്രാപ്പടി**

തന്റെ അധികാരപരിധിക്കുള്ളിൽ ധാരാളം യാത്ര വേണ്ടിവരുന്ന ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അനുവദിച്ചിട്ടുള്ള തുകയാണ് പി.ടി.എ. ആസ്ഥാനത്ത് നിന്ന് എട്ട് കിലോമീറ്ററിൽ കൂടുതൽ അധികാരപരിധിയിലുള്ള ജീവനക്കാർക്കാണ് പി.ടി.എ അനുവദിച്ചിട്ടുള്ളത്. പി.ടി.എ. വാങ്ങുന്നവർക്ക് അധികാരപരിധിക്കകത്തുള്ള യാത്രകൾക്ക് മറ്റ് യാത്രാബത്തകൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

**2. പി.സി.എ. (സ്ഥിരം വാഹനപ്പടി)**

എട്ട് കിലോമീറ്റർ പരിധിയ്ക്കുള്ളിൽ ധാരാളം യാത്ര ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം നൽകുന്ന തുകയാണ് പി.സി.എ. പി.സി.എ വാങ്ങുന്ന ജീവനക്കാർക്ക് എട്ട്. കിലോമീറ്റർ അധികരിച്ചുള്ള യാത്രകൾക്ക് സാധാരണ യാത്രബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**3. ദിനബത്ത**

ഔദ്യോഗിക യാത്രയുടെ ഭാഗമായി ആസ്ഥാന പരിധിക്ക് പുറത്ത് താമസം ആവശ്യവുമായി വരുന്ന അവസരങ്ങളിൽ ചെലവുകൾ വഹുക്കുന്നതിന് അർഹമായ തുകയാണ് ദിനബത്ത. ഔദ്യോഗിക ആവശ്യത്തിനായി ഒരു സ്ഥലത്ത് എത്തിച്ചേരുന്ന സമയത്തിനും ഔദ്യോഗിക ജോലി കഴിഞ്ഞ് പുറപ്പെടുന്ന സമയത്തിനും ഇടയിലുള്ള സമയദൈർഘ്യം കണക്കാക്കിയാണ് ദിനബത്ത കണക്കാക്കുന്നത്. ആറു മണിക്കൂർ വരെയുള്ള **** അർഹതയില്ല. എന്നാൽ *** അധികരിച്ച്, പന്ത്രണ്ട് മണിക്കൂർ വരെയുള്ള ****പകുതിദനബത്തയും, പന്ത്രണ്ട് മണിക്കൂർ അധികരിച്ച് ഇരുപത്തിനാല് മണിക്കൂർ വരെ ഒരു ദിനബത്തയ്ക്കും അർഹതയുണ്ടായിരികകും. നിലവിൽ താഴെപ്പറയുംപ്രകാരമാണ് വിവിധ ഗ്രേഡിലുള്ള ജീവനക്കാർക്ക് ദിനബത്ത അനുവദിക്കുന്നത്.

ഗ്രേഡ് ഒന്ന് – 400 രൂപ, ഗ്രേഡ് 2 എ, ഗ്രേഡ് 2 ബി എന്നിവർക്ക് 320 രൂപയും, ഗ്രേഡ് 3, ഗ്രേഡ് 4 എന്നിവർക്ക് 250 രൂപ വീതമാണ് ദിനബത്ത. എന്നാൽ സംസ്ഥാന്തിന് പുറത്തുള്ള താമസമാണ് എങ്കിൽ ഇത് യഥാക്രമം 550, 450, 350 എന്നിങ്ങനെ ആയിരിക്കും.

4. അനാമത്ത് ചെലവിനുള്ള ബത്ത (ഇൻസിഡന്റൽ ചെലവ്)

ഔദ്യോഗിക യാത്രാവേളകളിലെ സാധാരണ ചെലവുകൾക്കായി അർഹമായ തുകയാണിത്. ഗ്രേഡ് 1 ന് ഒരു കിലോമീറ്ററിന് 80 പൈസയും, ഗ്രേഡ് 2 എയ്ക്ക് 60 പൈസയും ഗ്രേഡ് 2 ബി, ഗ്രേഡ് 3, ഗ്രേഡ് 4 എന്നിവർക്ക് 50 പൈസ നിരക്കിലുമാണ് ബത്തയ്ക്ക് അർഹതയുള്ളത്. എന്നാൽ മിനിമം ഇൻസിഡന്റൽ ചെലവായി ദിനബത്തയും പകുതി എങ്കിലും നൽകിയിരിക്കണം.

അതായത് ഔദ്യോഗിക യാത്ര പോകുന്ന അവസരത്തിൽ ട്രെയിൻ ചാർജ്ജും, ഇൻസിഡന്റൽ ചാർജ്ജും, ദിനബത്തയും ഉൾപ്പെടെയുള്ള തുകയാണ് യാത്രാബത്തയായി ഒരു ജീവനക്കാരന് അർഹമായിട്ടുള്ളത്.

*അടുത്തലക്കം*
*യാത്രാപ്പടി തുടർച്ച*

# സംസ്ഥാന പുനർ നിർമ്മാണത്തിൽ അഭിമാനപൂർവം പങ്കാളികളാവുക



എസ്. വിജയകുമാരൻ നായർ

ജാതിയില്ല, മതമില്ല; തൊഴിലാളിയില്ല മുതലാളിയില്ല; സമ്പന്നരില്ല, യാചകരില്ല; പണ്ഡിതനും പാമരനുമില്ല ; കുടിലില്ല, മണിമാളികയില്ല – എല്ലാ വേലിക്കെട്ടുകളും തകർത്താണ് പരിചയമില്ലാത്ത വഴികളിലൂടെ നദികൾ നമ്മുടെ വീടുകളിലേയ്ക്കോടിക്കയറിയത്. അപ്പുറത്തെ വീട്ടിൽ ആരാണെന്ന് തിരിച്ചറിയാൻ പോലുമാവാത്തവിധം ഉയരത്തിൽ മതിൽകെട്ടി, ആർക്കും തുറക്കാൻ കഴിയാത്ത ഗേറ്റും പണിത്, മതിലിനുമുകളിൽ ആണിയും കുപ്പിച്ചില്ലും വച്ച് സുരക്ഷിത കവചമൊരുക്കിയവരെല്ലാം രണ്ടാം നിലയിലും അഭയമില്ലാതെ, വെള്ളത്തിൽ വിറങ്ങലിച്ചു നിന്നപ്പോഴും കുടിവെള്ളമില്ലാതെ, മാറ്റിയുടുക്കാൻ ഒന്നുമില്ലാതെ, അതിലേറെ മരണഭയത്താൽ വാവിട്ടുകരയുന്ന കാഴ്ച നിസ്സഹായതയോടെ കണ്ട പ്രളയകാലം സമാനതകളില്ലാത്തതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിനു പുറത്തും പ്രളയജലം മനുഷ്യനെയും പ്രകൃതിയേയും വിഴുങ്ങുന്ന കാഴ്ച ടെലിവിഷനിൽ കണ്ടു മാത്രം പരിചയിച്ച മലയാളി, ഇവിടെയും മലവെള്ളം രൗദ്രഭാവത്തിൽ വരുന്നത് ആദ്യം കണ്ടപ്പോൾ കൗതുകം പൂണ്ടു. ആദ്യം പതിയെയും പിന്നീട് അതിവേഗത്തിലും സമീപത്തെ ഇടവഴികളിലും പറമ്പിലും മുറ്റത്തും വരാന്തയിലും കയറിയപ്പോൾ കൗതുകം ആശങ്കയും ഭീതിയുമായി. നാടാകെ മഴ കനക്കുകയാണെന്നും ഡാമുകൾ നിറയുകയാണെന്നും ഡാം തുറക്കേണ്ടി വരുമെന്നും വാർത്ത വന്നപ്പോഴും, ഡാം തുറക്കുന്നതു കാണാനുള്ള കൗതുകമായിരുന്നു ആദ്യം പലർക്കും. തോടും പുഴയും കയ്യേറിയവർക്ക് ചുട്ട മറുപടിയുമായി തുറന്നു വിട്ട വെള്ളം ഇഷ്ടപ്പെട്ട വഴികളിലൂടെ ഒഴുകിപ്പരന്ന് കയ്യേറിയത് ഒരുകാലത്ത് അതേ നദിക്ക് സ്വന്തമായിരുന്ന വഴികളായിരുന്നു. ആ ഒഴുക്കിൽ നഷ്ടപ്പെട്ടത് നിരവധി ജീ



വനുകളും ലക്ഷക്കണക്കിനാളുകളുടെ സമ്പാദ്യങ്ങളുമായിരുന്നു. പതിനായിരക്കണക്കിന് പേർക്ക് കിടപ്പാടം തന്നെ നഷ്ടപ്പെട്ടു. അങ്ങനെ കേരളത്തിന്റെ ചരിത്രത്തിലെ സമാനതകളില്ലാത്ത പ്രളയം മനുഷ്യനെ ജാതിയും മതവും സമ്പത്തും സുഖസൗകര്യങ്ങളും എന്ന ചിന്തയ്ക്കപ്പുറത്തേക്ക് ജീവൻ നിലനിർത്താനുള്ള ഒത്തൊരുമയിലേയ്ക്ക് കൈപിടിച്ചു കൊണ്ടുപോയി.

മാസങ്ങൾക്കു മുമ്പ് ആലപ്പുഴയിലേയും കോട്ടയത്തെയും നിരവധി പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങി, ആയിരങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ യാചകരെപ്പേലെ കഴിഞ്ഞപ്പോഴും അതൊന്നും തങ്ങളെ ബാധിക്കുന്ന വിഷയമല്ലെന്ന മട്ടിൽ നിസ്സംഗത പുലർത്തിയ ശരാശരി മലയാളി പെരിയാറിന്റെ വീതി പതിനാല് കിലോമീറ്ററായപ്പോഴും ഒരിക്കലും വെള്ളം കയറില്ലെന്ന് കരുതിയിരുന്ന മണിമാളികയുടെ രണ്ടാം നിലയിലേക്ക് ഓടിക്കയറി സുരക്ഷിത സ്ഥാനമുറപ്പിക്കുകയായിരുന്നു. ഒന്നോ രണ്ടോ മണിക്കൂറുകൾക്കുള്ളിൽ വെള്ളമിറങ്ങുമെന്നു കരുതിയിരുന്നവർക്ക് ഉടുത്തിരുന്നതും നനയാൻ തുടങ്ങിയപ്പോഴുണ്ടായ ഭയം വിവരണാതീതമാണ്. കൊച്ചിയിലും ആലുവയിലും ആദ്യം സ്ഥാപിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽ വെള്ളം കയറിച്ചെന്നപ്പോഴും ആശങ്കപ്പെടാതിരുന്നവർ റാന്നിയും ചെങ്ങന്നൂരും കൂടി പ്രളയം വിഴുങ്ങിയപ്പോഴാണ് ഞെട്ടാൻ തുടങ്ങിയത്. അതുവരെ ഇത് സർക്കാരിന്റെയും ജീവനക്കാരുടെയും മാത്രം പ്രശ്നമായിരുന്നു.

മഴയായാലും ഡാമായാലും പ്രകൃതിചൂഷണമായാലും ലക്ഷക്കണക്കിന് നിസ്സഹായരായ മനുഷ്യരാണ് ദുരന്തത്തിന് ഇരകളായത്. വീടും വസ്തുവകകളും കന്നുകാലികളും കൃഷിയും സകല സമ്പാദ്യങ്ങളും നഷ്ടപ്പെട്ട് സ്വന്തം ജീവൻ സംരക്ഷിക്കാൻ കഴിയുമോ എന്ന ആശങ്കയിൽ ദിവസങ്ങളോളം



വീടിനുമുകളിലും ഒറ്റപ്പെട്ട തുരുത്തിലും വെള്ളത്താൽ ചുറ്റപ്പെട്ട വീടുകളിലും ഭക്ഷണവും കുടിവെള്ളവുമില്ലാതെ, മരുന്നില്ലാതെ, മാറിയുടുക്കാൻ വസ്ത്രമില്ലാതെ മരണത്തെ മുഖാമുഖം കണ്ട പതിനായിരങ്ങൾ മലയാളക്കരയെ അക്ഷരാർത്ഥത്തിൽ ഭീതിയിലാഴ്ത്തി.

ഒരു സർക്കാരും ജനതയാകെയും ഒരുമിച്ചു നിന്ന് രക്ഷാപ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനവും നടത്തിയ ചരിത്രം ലോകത്ത് ഒരു പക്ഷേ ഇതാദ്യമായിരിക്കും. അപ്രതീക്ഷിതമായ വെള്ളപ്പൊക്കത്തിൽ രക്ഷപ്പെടാൻ മാർഗ്ഗമില്ലാതെ ഒറ്റപ്പെട്ടവരെയും രോഗികളെയും ഗർഭിണികളെയും നവജാതശിശുക്കളുൾപ്പെടെയുള്ള കുട്ടികളെയും രക്ഷപ്പെടുത്തുക എന്നത് ശ്രമകരമായിരുന്നു. ഒരു പക്ഷേ വെള്ളത്തിൽ മുങ്ങി എല്ലാവരും മരിക്കും എന്ന ചിന്തപോലും പല ഭാഗത്തുമുണ്ടായി. എന്നാൽ പ്രളയത്തിന്റെ കാരണങ്ങളന്വേഷിക്കലല്ല, പ്രളയത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കലാണ് നമ്മുടെ കടമയെന്ന സന്ദേശം സമൂഹത്തിനാകെ നൽകിക്കൊണ്ട്, നിശ്ചയ ദാർഢ്യത്തോടെ നമ്മുടെ മുഖ്യമന്ത്രി നൽകിയ നേതൃത്വം മുങ്ങിച്ചാവാൻ പോകുന്ന മലയാളിക്ക് ഏറ്റവും വലിയ ആശ്വാസമായിരുന്നു. ഒറ്റപ്പെട്ടുപോയവർ ഇതൊന്നും അറിഞ്ഞില്ല. പക്ഷേ ഇത്രയേറെ ഭയാനകമായ പ്രളയം വന്നിട്ടും ഏതാണ്ട് 100 ശതമാനം പേരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞെങ്കിൽ അത് ഇച്ഛാശക്തിയുടെയും നിശ്ചയ ദാർഢ്യത്തിന്റെയും മാത്രം വിജയമാണ്. നേവിയും എയർഫോഴ്സും നമ്മുടെ പോലീസ്, ഫയർ ഫോഴ്സ്, വനം തുടങ്ങി സൈനിക അർദ്ധ സൈനിക വിഭാഗങ്ങളെല്ലാം നടത്തിയ രക്ഷാപ്രവർത്തനം അഭിനന്ദനീയമാണ്. ഓഖിയിലും സുനാമിയിലും തങ്ങളുടെ സർവ്വസ്വവും നഷ്ടപ്പെട്ടപ്പോൾ നമ്മളാരും തിരിഞ്ഞുനോക്കാതിരുന്ന കടലിന്റെ മക്കൾ, അവരുടെ ജീവനും ജീവനോപാധിയും നഷ്ടപ്പെട്ടാലും വേണ്ടില്ലെന്ന ഉദാത്തമായ സഹജീവി



സ്നേഹത്തോടെ നടത്തിയ രക്ഷാ പ്രവർത്തനമില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, പ്രളയം മൂലമുള്ള മരണ സംഖ്യ ഇതിലുമെത്രയോ വലുതാകുമായിരുന്നു. ലോക പ്രളയ ഭൂപടത്തിലും ചരിത്രത്തിലും രേഖപ്പെടുത്തേണ്ടവരാണീ കേരളസൈന്യം.

ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ, രാഷ്ട്രീയ ഭേദമില്ലാതെ, ജാതി-മത വിവേചനമില്ലാതെ കേരള ജനത ഒറ്റക്കെട്ടായാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ടത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥ മേധാവികളും ജില്ലാ ഭരണകൂടവും ഒരേമനസ്സോടെയാണ് പ്രവർത്തിച്ചത്. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ റവന്യൂ വകുപ്പ് സ്തുത്യർഹമായ പ്രവർത്തനമാണ് കാഴ്ച വച്ചത്. കൃഷി വകുപ്പ്, ആരോഗ്യ വകുപ്പ്, പഞ്ചായത്ത്, മൃഗസംരക്ഷണം, സിവിൽ സപ്ലൈസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നഷ്ടങ്ങളുടെ കണക്കെടുപ്പിലും ആശ്വാസമെത്തിക്കുന്നതിലും മാതൃകാപരമായി പ്രവർത്തിച്ചു വരുന്നു. ഏറ്റവുമൊടുവിൽ എലിപ്പനി ഉൾപ്പെടെ സാംക്രമിക രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ ആരോഗ്യ വകുപ്പ് ജീവനക്കാർ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്.

എന്നാൽ പ്രളയമുണ്ടായ ആദ്യനാൾമുതൽ ഓഫീസുകളിലും ക്യാമ്പുകളിലും രാപകലില്ലാതെ, ഉറക്കമിളച്ച്, വീട്ടിൽ പോലും പോകാതെ പ്രവർത്തിക്കുന്നവരാണ് റവന്യൂ വകുപ്പ് ജീവനക്കാർ. ക്യാമ്പുകളൊരുക്കി, ദുരിതാശ്വാസ ക്യാമ്പുകളിലേക്കെത്തുന്നവരെ സ്വീകരിച്ച് സുരക്ഷിത ക്യാമ്പുകളിലെത്തിക്കുന്നതു മുതൽ സന്നദ്ധ സേവകർ കളക്ഷൻ പോയിന്റുകളിലെത്തിക്കുന്ന അവശ്യ വസ്തുക്കളും ഭക്ഷണവും കുടിവെള്ളവും എത്തിച്ച് അവരിലൊരാളായി നിന്ന് സഹായിച്ചവരാണവർ. നഷ്ടപരിഹാരം നൽകലും കണക്കെടുപ്പും കിറ്റ് വിതരണവുമായി ദൗത്യം ഇപ്പോഴും തുടരുകയാണ്.

391404 കുടുംബങ്ങളിലെ 14,50,707 പേരാണ് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയത്. ഇവരെയെല്ലാം സഹായിക്കേണ്ട ഉത്തരവാദിത്വമാണ് ദുരിതബാധിതരല്ലാത്ത മുഴുവൻ മലയാളികൾക്കുമുള്ളത്. വീടും വസ്തുവകകളുടെ നഷ്ടവും മാത്രം ഏകദേശം 30,000 കോടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. തൊഴിൽ നഷ്ടവും കൃഷിനാശവും ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിലുണ്ടായ നഷ്ടവും കൂടിയാകുമ്പോൾ ഇതിലുമെത്രയോ വലിയ തുകവരും. അതോടൊപ്പമാണ് റോഡുകളും പാലങ്ങളും സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും പുനർ നിർമ്മിക്കേണ്ടതിനാവശ്യമായി വരുന്ന കോടികൾ.

രക്ഷാ പ്രവർത്തനങ്ങളിലും ശുചീകരണത്തിലും ആശ്വാസമെത്തിക്കുന്നതിലും കാണിച്ച അതേ ഒത്തൊരുമയും ഹൃദയ വിശാലതയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്ന കാര്യത്തിലും കാണാൻ കഴിഞ്ഞു. വ്യക്തികൾ, സ്ഥാപനങ്ങൾ, സിനിമാ താരങ്ങൾ, കോർപ്പറേറ്റുകൾ, ബിസിനസുകാർ, സർക്കാർ ജീവനക്കാർ, സർവ്വീസ് സംഘടനകൾ, വിദേശ മലയാളികൾ, വിദേശികൾ, ഇതര സംസ്ഥാനങ്ങൾ, ഇതര സംസ്ഥാന ജീവനക്കാർ, തുടങ്ങി കൂലിപ്പണിക്കാരും കുട്ടികളും വരെ അവരവരാൽ കഴിയുന്ന സഹായങ്ങൾ സ്വമേധയാ നൽകി. 10 ദിവസം കൊണ്ട് ദുരിതാശ്വാസ നിധിയിലേക്ക് ആയിരം കോടിയിലധികം രൂപ സംഭാവനയെത്തുന്ന അത്യപൂർവ്വ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയുമെല്ലാം പ്രളയ മേഖലകൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തുകയും ആശ്വാസ സഹായം നൽകുകയും ചെയ്തെങ്കിലും അതൊന്നും ആവശ്യകതയുടെ അടുത്തെങ്ങുമെത്തില്ല. നാശനഷ്ടങ്ങളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതനുസരിച്ച് കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. എന്നിരുന്നാലും പ്രളയത്തിന്റെ തീവ്രത നേരിട്ടുമനസ്സിലാക്കിയിട്ടും അടിയന്തര സഹായം നൽകുന്നതിൽ കാട്ടിയ പിശുക്ക് യാതൊരു കാരണവശാലും ന്യായീകരിക്കാവുന്നതല്ല. മറ്റുപല സംസ്ഥാനങ്ങൾക്കും നൽകിയ സഹായവുമായി തട്ടിക്കുമ്പോൾ ഇരട്ടത്താപ്പാണെന്നു പറയേണ്ടിവരും.

പുനരധിവാസമെന്നതിനപ്പുറം സംസ്ഥാനത്തിന്റെ പുനർ നിർമ്മാണം തന്നെ അനിവാര്യമായ സാഹചര്യത്തിലാണ് ദുരിതാശ്വാസ നിധി എന്നതിനു പകരം പുനർ നിർമ്മാണ ഫണ്ടിലേയ്ക്ക് സംഭാവനകൾ നൽകാൻ മുഖ്യമന്ത്രി അഭ്യർത്ഥിച്ചത്. കേരളത്തിലെ തൊഴിൽ മേഖലകളെല്ലാം സ്തംഭിക്കുകയും ജനങ്ങൾ യാതൊരു വരുമാനവുമില്ലാത്തവരായി മാറുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാർ ജീ

വനക്കാരുടെ രണ്ടു ദിവസത്തെ ശമ്പളവും പിന്നീട് ഉത്സവബത്തയും സംഭാവനയായി അഭ്യർത്ഥിച്ചത്. എന്നാൽ നഷ്ടത്തിന്റെ കണക്കും പുനർ നിർമ്മാണത്തിനാവശ്യമായ തുകയും അസാധാരണമായ നിലയിൽ ഉയർന്ന സാഹചര്യത്തിലാണ് ലോകത്തുള്ള മുഴുവൻ മലയാളികളും ഒരു മാസത്തെ വേതനം നൽകി പുനർ നിർമ്മാണത്തിൽ പങ്കാളികളാകണമെന്നഭ്യർത്ഥിച്ചത്. വിദേശമലയാളികൾ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, കച്ചവടക്കാർ, കൂലിപ്പണിക്കാർ, ദിവസവേതനത്തിന് ജോലിചെയ്യുന്ന ജീവനക്കാർ തുടങ്ങി മലയാളികൾ ഇതിനെ ആവേശപൂർവ്വമാണ് സ്വീകരിച്ചത്. ഞാൻ ഒരു മാസത്തെ ശമ്പളം തരാം എന്ന പ്രഖ്യാപനവുമായി അസംഖ്യം പേർ രംഗത്തെത്തിയത് നമുക്ക് കാണാൻ കഴിഞ്ഞു.

ഏറ്റവും സുരക്ഷിത മേഖലയിലുള്ളവർ, സർക്കാരിന്റെ ഭാഗമായി നിൽക്കുന്നവർ, സുനാമി വന്നാലും, ഓഖി വന്നാലും, പ്രളയം വന്നാലും ആനുകൂല്യങ്ങളിൽ കുറവുവരാത്തവർ എന്ന നിലയിലാണ് സർക്കാർ ജീവനക്കാരോട് ഒരു മാസത്തെ ശമ്പളം നൽകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചത്. അങ്ങനെയൊരഭ്യർത്ഥന വയ്ക്കുമ്പോൾ കേരളത്തിലെ ജീവനക്കാരിൽ അദ്ദേഹത്തിന് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു താനും. ജീവനക്കാരിലും ദുരന്തത്തിൽപ്പെട്ടവരുണ്ടെന്നും കുറേയേറെ ജീവനക്കാർ വല്ലാത്ത സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരാണെന്നും അറിയാതെയുമല്ല അദ്ദേഹം അങ്ങനെയൊരഭ്യർത്ഥന നടത്തിയത്. ഒന്നുമില്ലാത്തവരെക്കാളും, സർവ്വവും നഷ്ടപ്പെട്ടവരെക്കാളും എത്രയോ ഭേദമാണ് ജീവനക്കാരുടെ അവസ്ഥ എന്ന ചിന്ത ഈ സമൂഹത്തിലെ സാധാരണ ജനങ്ങളെപ്പോലെ തന്നെ അദ്ദേഹത്തിനും ഉണ്ടായിരിക്കും. മാത്രമല്ല, അദ്ദേഹത്തിന്റെ അഭ്യർത്ഥനയ്ക്ക് മുമ്പുതന്നെ ഒരു മാസത്തെ ശമ്പളം നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് നിരവധി വ്യക്തികൾ രംഗത്തു വന്നതും പ്രചോദനമായിരിക്കാം. ഒരിക്കലും അവസാനിക്കാത്ത ഇല്ലായ്മകളുടെ ഭാണ്ഡക്കെട്ടഴിച്ചു കൊണ്ട് പുറംതിരിഞ്ഞു നിൽക്കില്ല എന്ന് കരുതിയിട്ടുമുണ്ടാകും. എല്ലാക്കാലത്തും തൊഴിലെടുക്കുന്ന എല്ലാവർക്കുമെന്നപോലെ സർക്കാർ ജീവനക്കാർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് മുന്നിൽ നിൽക്കുകയും ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടപ്പോൾ അതിനെതിരെ എന്നും കൂടെ നിൽക്കുകയും ചെയ്ത ഒരു മുന്നണിയുടെ നേതാവെന്ന നിലയിൽ കൂടുതൽ ആത്മവിശ്വാസത്തോടെയായിരിക്കും അദ്ദേഹമങ്ങനെ ആവശ്യപ്പെട്ടത്.



മുഖ്യമന്ത്രി ഇങ്ങനെയൊരു അഭ്യർത്ഥന നടത്തുന്നതിനും പത്തുദിവസം മുമ്പാണ് മുഖ്യമന്ത്രിക്കു വേണ്ടി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ചത്. ഉത്സവബത്ത ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന അഭ്യർത്ഥന ബഹു ഭൂരിപക്ഷം സർവ്വീസ് സംഘടനകളും അംഗീകരിച്ചു. ഈ യോഗത്തിൽ തന്നെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം സംഭാവന നൽകണമെന്ന അഭിപ്രായം ജോയിന്റ് കൗൺസിൽ മുന്നോട്ടു വയ്ക്കുകയും ജനറൽ സെക്രട്ടറിയുടെ ഒരു മാസത്തെ ശമ്പളം വാഗ്ദാനം നൽകുകയും ചെയ്തിരുന്നതാണ്. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന ഭൂരിപക്ഷം ജീവനക്കാരും സ്വീകരിക്കുന്നതായാണ് ആദ്യഘട്ട പ്രതികരണങ്ങളിൽ നിന്നും മനസ്സിലായത്. നിരവധി ജീവനക്കാർ വാഗ്ദാനം മുന്നോട്ട് വയ്ക്കുകയും ഓഫീസുകളിൽ നിന്നും സമ്മതപത്രം നൽകുകയും ചെയ്തു. സെപ്റ്റംബർ 4ന് മുഖ്യമന്ത്രിക്ക് വേണ്ടി ധനകാര്യ വകുപ്പ് മന്ത്രി ഡോ.റ്റി.എം.തോമസ് ഐസക് അദ്ധ്യാപക സർവ്വീസ് സംഘടനാ ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് മുഖ്യമന്ത്രിയുടെ അഭ്യർത്ഥന ജീവനക്കാർ ഏറ്റെടുക്കണമെന്ന നിർദ്ദേശം വച്ചു. എന്നാൽ ഫെസ്റ്റിവൽ അലവൻസും രണ്ടു ദിവസത്തെ ശമ്പളവും ആവശ്യപ്പെട്ടപ്പോൾ ചില 'പക്ഷേ'കൾ പറഞ്ഞ സെറ്റോ-ഫെറ്റോ സംഘടനകൾ ഇത്തവണ നിർദ്ദേശത്തെ പരോക്ഷ

**സമാനതകളില്ലാത്ത ദുരന്തത്തിൽപ്പെട്ട് ഒരു സംസ്ഥാനവും ജനതയാകെയും സങ്കടക്കടലിൽ മുങ്ങിത്താഴുമ്പോൾ അവരെ കൈപിടിച്ചുയർത്തുകയും പുനർ നിർമ്മാണത്തിൽ മുന്നിൽ നിന്നു നയിക്കുകയും ചെയ്യേണ്ട ജീവനക്കാരുടെ സംഘടനാ ഭാരവാഹികൾ കേവലം രാഷ്ട്രീയ വിധേയത്വത്തിന്റെ പേരിൽ നടത്തിയ ക്രൂരമായ അഭിപ്രായ പ്രകടനമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. എന്നും സമൂഹത്തിന്റെ നികുതിപ്പണം കൊണ്ട് സുഖമായി ജീവിക്കുന്നവർ, ആ സമൂഹത്തിനൊരാവശ്യം വന്നപ്പോൾ തിരിച്ചൊരു മാന്യമായ വിഹിതം നൽകാൻ തയ്യാറാകുമ്പോൾ അത് നൽകരുതെന്ന് ആവശ്യപ്പെടുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ നന്ദികേടാണ്.**

മായി തള്ളിക്കളയുകയാണുണ്ടായത്. അതിനവർ നിരത്തിയ ന്യായങ്ങൾ ജീവനക്കാരുടെ ഒരിക്കലും അവസാനിക്കാത്ത സാമ്പത്തിക പരാധീനതകളായിരുന്നു !

നിരവധി ജീവനക്കാർ പ്രളയ ദുരന്തത്തിന്റെ ഇരകളായി വീടും വസ്തുവകകളും നഷ്ടപ്പെട്ടവരാണെന്നത് എല്ലാവർക്കും അറിയുന്ന കാര്യമാണ്. ജോയിന്റ് കൗൺസിലും എൻ.ജി.ഒ. യൂണിയനും എൻ.ജി.ഒ അസോസിയേഷനും ഉൾപ്പെടെയുള്ള സംഘടനകൾ ഇക്കാര്യം ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ദുരിതാശ്വാസ ആനുകൂല്യങ്ങൾ അവർക്കു കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെടുകയും ചെയ്തതാണ്. അതുപോലെ തന്നെയാണ് താഴ്ന്ന വരുമാനമുള്ള ജീവനക്കാരുടെ പ്രശ്നവും. ഇക്കാര്യത്തിൽ സർക്കാർ ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കാമെന്ന് ഉറപ്പു നൽകിയപ്പോഴും 'ഒരു മാസത്തെ ശമ്പളം തരില്ല, തങ്ങൾക്കിഷ്ടമുള്ളതു തരാം' എന്ന ധാർഷ്ട്യം കലർന്ന അഭിപ്രായമാണ് ചില സംഘടനാ ഭാരവാഹികൾ രേഖപ്പെടുത്തിയത്.


സമാനതകളില്ലാത്ത ദുരന്തത്തിൽപ്പെട്ട് ഒരു സംസ്ഥാനവും ജനതയാകെയും സങ്കടക്കടലിൽ മുങ്ങിത്താഴുമ്പോൾ അവരെ കൈപിടിച്ചുയർത്തുകയും പുനർ നിർമ്മാണത്തിൽ മുന്നിൽ നിന്നു നയിക്കുകയും ചെയ്യേണ്ട ജീവനക്കാരുടെ സംഘടനാ ഭാരവാഹികൾ കേവലം രാഷ്ട്രീയ വിധേയത്വത്തിന്റെ പേരിൽ നടത്തിയ ക്രൂരമായ അഭിപ്രായ പ്രകടനമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. എന്നും സമൂഹത്തിന്റെ നികുതിപ്പണം കൊണ്ട് സുഖമായി ജീവിക്കുന്നവർ, ആ സമൂഹത്തിനൊരാവശ്യം വന്നപ്പോൾ തിരിച്ചൊരു മാന്യമായ വിഹിതം നൽകാൻ തയ്യാറാകുമ്പോൾ അത് നൽകരുതെന്ന് ആവശ്യപ്പെടുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ നന്ദികേടാണ്.

തുച്ഛമായ ശമ്പളം വാങ്ങുന്നവർ, ലോണുകൾ ധാരാളം തിരിച്ചടക്കേണ്ടവർ, കുടുംബത്തിന്റെ മൊത്തം ചുമതല ഏറ്റെടുത്തവർ, ചികിത്സയ്ക്ക് കൂടുതൽ ചെലവഴിക്കുന്നവർ, മക്കളെ പഠിപ്പിക്കുന്നവർ, വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നവർ, സ്വന്തമായി വീടില്ലാത്തവർ, പി.എഫ്.ലോണെടുത്ത് തിരിച്ചടച്ചു തീരാത്തവർ, അകലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട് ഭീമമായ യാത്രക്കൂലി നൽകുന്നവർ, ഹോട്ടൽ ഭക്ഷണത്തിന്റെ അമിത വില തുടങ്ങി എന്തെല്ലാം പരിദേവനങ്ങളാണ് നിരത്തുന്നത്. ഇത്തരത്തിൽ ലോണെടുക്കാനും തിരിച്ചടയ്ക്കാനും കഴിയുമെന്ന ഉറപ്പുള്ള മറ്റേതൊരു വിഭാഗമാണ് ഈ സമൂഹത്തിലുള്ളത്. ജീവനക്കാരുടെ പ്രാരാബ്ധങ്ങളെക്കാളും ഉത്തരവാദിത്വങ്ങളെക്കാളും കുറവാണോ സമൂഹത്തിലെ യാതൊരു നിശ്ചിത വരുമാനവുമില്ലാത്ത മറ്റുള്ളവർക്ക്? സർക്കാർ ജീവനക്കാരിൽ നിന്നും ജനങ്ങൾക്ക് അവരുടെ അവകാശമായ സേവനം യഥാസമയം നൽകാതിരുന്നിട്ടും അവരുടെ നികുതിപ്പണത്തിൽ നിന്നും കൃത്യമായി ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നവരാണ് സർക്കാർ ജീവനക്കാർ. മറ്റാർക്കുമില്ലാത്ത അത്രയും അവധികളും ലീവ് സറണ്ടറും ലീവ് ട്രാവൽ കൺസഷനും മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റും ഗ്രാറ്റുവിറ്റിയും കുറഞ്ഞപലിശയ്ക്ക് ഭവന നിർമ്മാണ ലോണും പ്രോവിഡന്റ് ഫണ്ടും ടെർമിനൽ സറണ്ടറും സമയബന്ധിത ശമ്പളപരിഷ്കരണവും തുടങ്ങി നിരവധിയായ ആനുകൂല്യങ്ങൾ തരുന്നത് ഈ സമൂഹമല്ലേ. അപ്പോൾ ഈ സമൂഹത്തിനൊരാവശ്യം വരുമ്പോൾ, അതും ഇത്ര ഗുരുതരമായ ഒരു ദുരന്തം സംഭവിക്കുമ്പോൾ കുറഞ്ഞ പക്ഷം ജീവനക്കാരും അദ്ധ്യാപകരും ഒരു മാസത്തെ ശമ്പളമെങ്കിലും ആവശ്യപ്പെടാതെ തന്നെ നൽകേണ്ടതല്ലേ? ഞങ്ങൾ ജോലി ചെയ്തിട്ട് കിട്ടുന്ന ശമ്പളമാണ്, ഇഷ്ടമുള്ളത് തരാം എന്നൊക്കെപ്പറയുന്ന സംഘടനാ ഭാരവാഹികൾ ഒന്നോർക്കണം ഈ നാടില്ലെങ്കിൽ ഇവിടെയൊരു സിവിൽ സർവ്വീസും സർക്കാർ ജീവനക്കാരും ആവശ്യമില്ല, സർവീസ് സംഘടനകളുമില്ല.

ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയാൽ കുടുംബ ബജറ്റ് തകരുമെന്ന് ചിന്തിക്കുന്നവർ യാതൊരു വരുമാനവുമില്ലാതായ ലക്ഷ

ക്കണക്കിന് മനുഷ്യരുടെ ജീവിതം എന്നെന്നേയ്ക്കുമായി തകരുന്നത് കാണുന്നില്ല. സംഭാവന നൽകാൻ ഇഷ്ടമില്ലാത്തവർ നോ എന്നെഴുതി നൽകിയാൽ മതിയെന്ന സർക്കാർ നിർദ്ദേശത്തെ സമ്മർദ്ദമായി കാണുന്നവർ, യാതൊരു സമ്മർദ്ദവുമില്ലാതെ കൊച്ചുകുട്ടികൾ മുതൽ കൂലിപ്പണിക്കാരും ലോട്ടറിക്കച്ചവടക്കാരും അന്യസംസ്ഥാനത്തുള്ളവരും വിദേശികളും ഉൾപ്പെടെ സ്വമേധയാ നൽകുന്ന സംഭാവനകൾ കാണുന്നില്ല. അവർക്കൊന്നും കുടുംബ ബജറ്റില്ലല്ലോ. യാതൊരു സമ്മർദ്ദവുമില്ലാതെ രണ്ടു ദിവസത്തെ ശമ്പളം ഓഖി ദുരിതാശ്വാസത്തിന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചപ്പോൾ, 216 കോടി രൂപ കിട്ടേണ്ടിടത്ത് കേവലം 34 കോടിമാത്രം നൽകി ജീവനക്കാരുടെ സാമൂഹ്യ പ്രതിബദ്ധത തെളിയിച്ചതും ഈ സംസ്ഥാനം മറന്നിട്ടില്ല. 29 ദിവസത്തെ ശമ്പളം നൽകാൻ തയ്യാറുള്ളവർക്ക് അവസരം നൽകുന്നില്ല തുടങ്ങിയ നിങ്ങളുടെ ഒഴിഞ്ഞുമാറലുകൾ ദുരിതബാധിതരെ അവഹേളിക്കുന്നതിന് തുല്യമാണ്.

ഈ ആനുകൂല്യങ്ങളെല്ലാം തങ്ങൾക്കവകാശപ്പെട്ടതാണെന്ന് കരുതുന്നവർ ഇതൊക്കെ എങ്ങനെയുണ്ടായി എന്നത് ഒന്നു പഠിക്കണം. സമയബന്ധിത ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ആനൂകൂല്യങ്ങൾ നിഷേധിക്കപ്പെട്ടത് എപ്പോഴെല്ലാമാണെന്നും വിലയിരുത്തണം. ആരുടെയും അഭ്യർത്ഥനയും സമ്മർദ്ദവുമില്ലാതെ 2002 ൽ 32 ദിവസത്തെ ശമ്പളം ത്യജിച്ച് ത്യാഗോജ്ജ്വല പോരാട്ടം നടത്തേണ്ടി വന്നത് ലോക ബാങ്കിന്റെ സമ്മർദ്ദത്തിനു വഴങ്ങി അന്നത്തെ സർക്കാർ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും ഈ സിവിൽ സർവ്വീസിനെ ചെറുതാക്കുകയും ചെയ്തപ്പോഴായിരുന്നു. അന്ന് ഭരണ നേതൃത്വം ഒന്നാകെ സമരത്തിനും ജീവനക്കാർക്കും എതിരായിരുന്നിട്ടും, എത്രകാലം ഈ ഓഫീസുകൾ അടഞ്ഞുകിടന്നാലും ഒന്നും സംഭവിക്കാനില്ല എന്ന് ആവർത്തിച്ചിട്ടും ആ സമരത്തെ ഏറ്റെടുത്ത് വിജയിപ്പിച്ചത് ഈ നാട്ടിലെ ജനങ്ങളാണെന്ന കാര്യം ആരും മറക്കരുത്. പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് നഷ്ടപ്പെട്ട ആനുകൂല്യങ്ങളെല്ലാം തിരിച്ചു തന്നതെന്നും ഓർക്കണം.



ഇവർ എന്നും ഇങ്ങനെയാണ്. സ്വന്തം ആനുകൂല്യങ്ങൾക്ക് വേണ്ടി മാത്രം മുറവിളി കൂട്ടും. മറ്റുള്ളവരുടെ നഷ്ടങ്ങൾ ഇവർക്ക് പ്രശ്നമേയല്ല. 2002 ൽ ലീവ് സറണ്ടർ നഷ്ടപ്പെട്ടത് കൊണ്ട് മാത്രം സമരത്തിന് തയ്യാറായ സെറ്റോക്കാർ 2013 ൽ പെൻഷൻ നഷ്ടപ്പെട്ടപ്പോൾ, തങ്ങൾക്ക് നഷ്ടമില്ലാത്തതു കൊണ്ട് എതിർത്തില്ല എന്നു മാത്രമല്ല രാഷ്ട്രീയ വിധേയത്വത്താൽ പുതുതായി സർവീസിൽ വരുന്നവരെ ഓർത്തതു പോലുമില്ല. ഇപ്പോൾ ഒരു ജനതയാകെ സർവ്വവും നഷ്ടപ്പെട്ടു നിൽക്കുമ്പോൾ അവരുടെ നികുതിപ്പണമാണ് തങ്ങളുടെ ആനുകൂല്യങ്ങളെന്നു പോലും ഓർക്കാതെ, അവരെക്കുറിച്ച് പരിതപിക്കാതെ ദുരന്തം ബാധിച്ച ജീവനക്കാരുടെ സംരക്ഷകരായി ചമയുന്നത് സർവീസ് മേഖലയെയാകെ അപകീർത്തിപ്പെടുത്തുന്നതിന് കാരണമാകും.

പ്രകൃതിയുടെ പകയിൽ സർവ്വവും നഷ്ടപ്പെട്ട ഒരു ജനതയും ഒരു നാടും നിങ്ങൾക്ക് തന്നതിൽ നിന്നും ഒരു ചെറിയ വിഹിതം മാത്രമാണ് നിങ്ങളോടാവശ്യപ്പെടുന്നത്. ഒന്നിച്ച് നൽകാൻ കഴിയില്ലെങ്കിൽ വേണ്ട, പത്ത് തവണകളായി നൽകിയാൽ മതി. ശമ്പളത്തിൽ നിന്നും നൽകാൻ കഴിയില്ലെങ്കിൽ പി.എഫ് ലോണെടുത്ത് നൽകാം. തിരിച്ചടവിന് കൂടുതൽ കാലാവധി ലഭിക്കും. അതുമല്ലെങ്കിൽ നിങ്ങളുടെ 30 ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകാനും അവസരമുണ്ട്. ഒരു പക്ഷേയും പറയാതെ, ഒരു സമ്മർദ്ദവുമില്ലാതെ ചെലവുകൾ അല്പം പരിമിതപ്പെടുത്തി അതവർക്ക് നൽകുക. കേരളത്തിന്റെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതിച്ചേർക്കപ്പെടും നിങ്ങളുടെ ഈ മഹാമനസ്കത. ഒരു പക്ഷേയും പറയാതെ മുഴുവൻ ജീവനക്കാരും അദ്ധ്യാപകരും ആത്മാഭിമാനമുയർത്തുന്ന ഈ മഹായജ്ഞത്തിൽ പങ്കാളികളാകുക തന്നെ വേണം. അല്ലെങ്കിൽ ഈ സമൂഹമാകെ വെറുക്കുന്ന തെമ്മാടിക്കൂട്ടങ്ങളായി ജീവനക്കാർ ചരിത്രത്തിൽ വിലയിരുത്തപ്പെടും. ■

# ശിരസ്സുയർത്തി കേരളം



ജയശ്ചന്ദ്രൻ കല്ലിംഗൽ

**2018** ആഗസ്റ്റ് കേരളചരിത്രത്തിലെ ഏറ്റവും ദുരന്തപൂർണ്ണമായ ഒരു മാസമായി അടയാളപ്പെടുത്തി കഴിഞ്ഞു. പേമാരിയുടെ സംഹാരതാണ്ഡവം നമ്മുടെ കൊച്ചു കേരളത്തിന്റെ മാറിടം പിളർത്തി ഒഴുകി ഒലിച്ചു. ലക്ഷക്കണക്കിനു മനുഷ്യർ ആ ദുരിതപെയ്ത്തിൽ സ്വന്തം വീടുവിട്ട് പാലായനം ചെയ്ത് ദുരിതാശ്വാസ ക്യാമ്പുകളിലെത്തി. ആയിരക്കണക്കിനുപേർ ദിവസങ്ങളോളം വീടിന്റെ രണ്ടാം നിലയിലും അതിനുമുകളിലുമായി ജീവനുവേണ്ടി അലമുറയിട്ടുകൊണ്ടു കാത്തിരുന്നു. ഒരു കവിൾ കുടിവെള്ളത്തിനായി കേണും ഒരു തരി അന്നത്തിനായി കൈകൂപ്പി നിലവിളിച്ചും നിന്ന കാഴ്ച ലോക മനസ്സിൽ ഒരിക്കലും മായില്ല. തല ഉയർത്തിപ്പിടിച്ചു അവസാനശ്വാസംവരെ രക്ഷക്കായി കാത്തുനിന്ന കന്നുകാലികൾ, വനാന്തരങ്ങളിൽ നിന്നും ഒഴുകി ഒലിച്ചെത്തിയ വന്യമൃഗങ്ങൾ, കുത്തിയൊലിച്ച് വീടിനകത്ത് അഭയം തേടിയ ഇഴജന്തുക്കൾ, പ്രാണനുംകൊണ്ട് പറന്നുയർന്ന ദേശാടന പക്ഷികൾ, വേരുകൾ പറിഞ്ഞ് ഒഴുകിയെത്തിയ മരക്കൂട്ടങ്ങൾ, ഇങ്ങനെയെത്രയെത്ര കാഴ്ചകൾ. പുഴ അതിന്റെ അതിരുകൾ വീണ്ടെടുത്തും അതിർത്തികൾ ഭേദിച്ചും പാഞ്ഞടുത്തപ്പോൾ മലയാളികൾ സ്തബ്ധരായി. നിറഞ്ഞു പൊട്ടിചിതറിയ മലയിടക്കുകൾ നൂറുകണക്കിന് മനുഷ്യജീവനുകളെയും കൃഷിയിടങ്ങളെയും തകർത്തെറിഞ്ഞ് നദികളിലേയ്ക്ക് പതിച്ചു. ആ മലവെള്ളപാച്ചിലിൽ ഉള്ളുനൊന്ത് കഴിയുകയാണ് കേരളം.

ഇത്തവണത്തെ മൺസൂൺ പതിവിലും നേരത്തെയെത്തി. മലയാളികൾ എന്നും സന്തോഷത്തോടെയാണ് മഴയെ വരവേൽക്കുന്നത്. ചുട്ടുപൊള്ളുന്ന ചൂടിൽ നിന്നും കുളിരു വിതറി എത്തുന്ന മഴ നനവ് മലയാളി ജീവിതത്തിന്റെ കാല്പനികതയാണ്. ഈ സുന്ദരമായ മഴനനവിന്റെ കുളിരു വിതറിയ സ്മരണകൾക്കാണ് ഇത്തവണ ദുഖത്തിന്റെയും ഭയത്തിന്റെയും മേലങ്കി അണിയേണ്ടി വന്നത്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, എന്നിവ ചരിത്രത്തിലാദ്യമായി അതിന്റെ അതിഭീകരതയിൽ വരികയായിരുന്നു. മെയ് 29 ന് ആരംഭിച്ച മഴ ആഗസ്റ്റ് പത്തു കഴിഞ്ഞപ്പോൾ അതിന്റെ ശക്തി പതിമടങ്ങ് വർദ്ധിച്ച് വൻനാശനഷ്ടങ്ങളാണ് ഉണ്ടാക്കിയത്.

പത്തനംതിട്ടയിലെ റാന്നി, ആറന്മുള, ആലപ്പുഴയിലെ ചെങ്ങന്നൂർ തുടങ്ങിയ പമ്പാ തീരങ്ങൾ ദിവസങ്ങളോളം വെള്ളത്തിനടിയിലായി.





പെരിയാറിന്റെ തീരങ്ങളിലായി ആലുവയും ചാലക്കുടിയും പറവൂരും അതേസ്ഥിതിയിലെത്തി. കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം ജില്ലകൾ ഒഴികെയുള്ള ജില്ലകൾ പൂർണ്ണമായും പ്രളയക്കെടുതിയിലകപ്പെട്ടു. കേരളത്തിലെ 1664 വില്ലേജുകളിൽ 984 എണ്ണം ദുരന്തബാധിത വില്ലേജുകളായി പ്രഖ്യാപിയ്ക്കപ്പെട്ടു. ദിവസങ്ങളോളം റോഡ്, റെയിൽ ഗതാഗതം പൂർണ്ണമായും സ്തംഭിച്ചു. നെടുമ്പാശ്ശേരി എയർപോർട്ട് ആഗസ്റ്റ് 15 മുതൽ 29 വരെ അടച്ചിട്ടു. പ്രളയമേഖലയിൽ ഏകദേശം പത്തു ദിവസത്തോളം വൈദ്യുതി ബന്ധം പൂർണ്ണമായും ഇല്ലാതായി. ഇപ്പോഴും വൈദ്യുതി പുനസ്ഥാപിയ്ക്കുവാൻ കഴിയാത്ത വീടുകൾ ഉണ്ട്. വ്യാപാര മേഖലയ്ക്കും വ്യവസായ മേഖലയ്ക്കും കനത്ത നഷ്ടമുണ്ടായി. ആലുവ പെരുമ്പാവൂർ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും പൂർണ്ണമായും വെള്ളത്തിനടിയിലായി. വാണിജ്യസ്ഥാപനങ്ങളും ചെറുകിട വ്യാപാര സ്ഥാപനങ്ങളും പെരുവെള്ളത്തിൽ മുങ്ങി. സാധനസാമഗ്രികൾ നശിച്ചു.

പ്രളയം ബാധിച്ച പതിനൊന്ന് ജില്ലകളിലായി ലക്ഷക്കണക്കിനു ഹെക്ടർ കൃഷിയിടങ്ങൾ നശിച്ചു. മലയോര മേഖലയിൽ റബ്ബർ, ഏലം, തേയില തോട്ടങ്ങൾക്ക് വൻ നാശനഷ്ടമുണ്ടായി. ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ മലവെള്ളപാച്ചിലിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മരുഭൂ പ്രദേശങ്ങളായി മാറി. വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭൂമി പിളർന്നുമാറി. കേരളത്തിന്റെ ഭൂപ്രകൃതിയാകെ അലങ്കോലപ്പെടുത്തിയും അസ്ഥിരപ്പെടുത്തിയുമാണ് മൺസൂൺ കടന്നു പോയത്.

### വരുത്തിവച്ച ദുരന്തം

ഈ പ്രളയം നൽകിയ പാഠങ്ങൾ നാം ഉൾക്കൊള്ളണം. അനിയന്ത്രിതമായ ഭൂവിനിയോഗവും അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളും മനുഷ്യരെ പ്രകൃതിയിൽ നിന്നും അകറ്റിയതിന്റെ ഫലമാണ് ഇപ്പോഴത്തെ കെടുതികൾ.

1970കൾ മുതൽ മലയാളികൾ ഗൾഫ് നാടുകളിൽ നിന്നും കൊണ്ടുവന്ന സമ്പത്ത് വാസഗൃഹനിർമ്മാണത്തിനാണ് കൂടുതലും ചെലവഴിച്ചത്. കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും മരുമക്കത്തായത്തിൽ നിന്നും സാമൂഹികവ്യവസ്ഥ അണുകുടുംബവ്യവസ്ഥയിലേക്ക് മാറിയതോടെ കൂടുതൽ വീടുകൾ വേണ്ടിവന്നു. തുടർന്ന് നഗരത്തിലൊന്ന് നാട്ടിലൊന്ന് എന്നി രീതിയിൽ ഓരോ ഇടത്തരം കുടുംബത്തിനും ഒന്നിലധികം വീടുകളായി. നമ്മുടെ വർദ്ധിച്ച ആവശ്യകയ്ക്കനുസൃതമായി പ്രകൃതിസമ്പത്ത് കൊള്ളയടിക്കപ്പെട്ടു. കരിങ്കൽ ഖനനങ്ങൾ അനിയന്ത്രിതമായി. കുന്നുകൾ ഇടിച്ചു നിരത്തപ്പെട്ടു. നദികളുടെ കരകൾ കവർന്ന് വീടുകൾ നിർമ്മിച്ചു. പ്രകൃതിയുടെ താളം തെറ്റി.

ഭൂമിയിലുണ്ടായ വിള്ളലുകളിലും ഗർത്തങ്ങളിലും മഴവെള്ളം നിറഞ്ഞു ദുർബ്ബലമായി. അതു ഉരുൽപ്പൊട്ടലും മണ്ണിടിച്ചിലുമായി പരിണമിച്ചു. വനാന്തരങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന ജലം സംഭരിയ്ക്കുന്ന പാടങ്ങൾ ഇല്ലാതായി.

**ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണം, പുതിയ വികസനനയം രൂപപ്പെടുത്തണം.**

2013 ആഗസ്റ്റ് 31 നാണ് മാധവഗാഡ്ഗിൽ ചെയർമാനായ പശ്ചിമഘട്ടസംരക്ഷണ സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്. ഗാഡ്കിൽ കമ്മിറ്റിയുടെ കണ്ടെത്തലുകൾ ജനവിരുദ്ധവും വികസന വിരുദ്ധവുമാണെന്ന ആക്ഷേപത്തെ തുടർന്നാണ് കസ്തൂരി രംഗനെ ചെയർമാനാക്കി പുതിയ കമ്മറ്റിയെ നിയോഗിച്ചത്. ഗാഡ്ഗിലിൽ നിന്നും വളരെ വ്യത്യസ്തമോ നൂതനമോ ആയ ഒരു ഉത്തരവും കണ്ടെത്താൻ കസ്തൂരി രംഗനും കഴിഞ്ഞില്ല. എന്നാൽ ഗാഡ്ഗിൽ മുന്നോട്ടുവച്ച നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നതിനുള്ള ശുപാർശകളാണ് കസ്തൂരിരംഗൻ റിപ്പോർട്ടിലുണ്ടായിരുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ചർച്ചകൾ വീണ്ടും ഉയർന്നു വന്നിരിയ്ക്കുന്ന ഈ ഘട്ടത്തിലാണ് മാധവ് ഗാഡ്ഗിൽ എന്ന പ്രകൃതിസ്നേഹി വീണ്ടും ചർച്ച ചെയ്യപ്പെടുന്നത്. കേരളത്തിൽ 5924 ഇടങ്ങളിലായി 7156 ഹെക്ടർ ഭൂമിയിൽ കരിങ്കൽ ഖനനം നടക്കുന്നു. ഇതു ഔദ്യോഗികമായ കണക്കാണ്. അനൗദ്യോഗിക ഖനനങ്ങൾ ഇതിനെത്രയോ ഇരട്ടിയായിരിക്കും. കരിങ്കൽ ഖനനങ്ങൾ ഭൂമിയുടെ അടിയിലുള്ള അടരുകളെ അസ്ഥിരപ്പെടുത്തും, അവയുടെ സംതുലതയെ ഇല്ലാതാക്കും. ചെറിയരീതിയിലുള്ള മഴവെള്ള സംഭരണംപ്പോലും വൻ കെടുതികൾക്കിടയാക്കും.

ഗാഡ്ഗിൽ നിർദ്ദേശിച്ചതുപ്പോലെ പാരിസ്ഥിതിക ദുർബ്ബല മേഖലകളിൽ നിന്നും പൂർണ്ണമായും കരിങ്കൽ ഖനനം അവസാനിപ്പിയ്ക്കണം. വീടു നിർമ്മിക്കുന്നതിനും മറ്റു വൻ നിർമ്മാണങ്ങൾക്കും ഭൂമിയുടെ ഉപരിതലത്തിന്റെ ചെരിവ്, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, നീർച്ചാലുകളുടെ സ്ഥിരമായ ഒഴുക്ക് എന്നിവ പരിഗണിച്ചുമാത്രമേ അനുവാദം നൽകാവൂ. കൃത്യമായ മേഖലകൾ തിരിച്ച് കൃഷി, വാസസ്ഥലം, പൊതുയിടങ്ങൾ എന്നിവയ്ക്ക് പ്രത്യേകം ഭൂമി അടയാളപ്പെടുത്തണം. പരിസ്ഥിതി ലോല പ്രദേശത്തിന്റെ ഗൗരവം അനുസരിച്ചു മൂന്നു മേഖലകളായി പാശ്ചിഘട്ടത്തെ തിരിച്ച ഗാഡ്ഗിൽ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടണം. പുതിയ ഡാമുകൾ പാടില്ല. കാലാവധി കഴിഞ്ഞ ഡാമുകൾ ഡീ കമ്മീഷൻ ചെയ്യണം. പശ്ചിമഘട്ടത്തിന്റെ ജൈവവൈവിദ്ധ്യം നിലനിറുത്തി, ഭൂമിയുടെ നിമ്നോന്നതയ്ക്ക് കോട്ടം തട്ടാതെ സുസ്ഥിര വികസന മാതൃകകൾ സൃഷ്ടിക്കണമെന്ന ഗാഡ്ഗിൽ നിർദ്ദേശം നടപ്പിലാക്കണം. വെള്ളം ഭൂമിയിൽ താഴുന്നതിനുള്ള പരമാവധി ഇടങ്ങൾ ചുറ്റും സൃഷ്ടിയ്ക്കപ്പെടണം. പ്രകൃതിജന്യമായ നീർചാലുകളും അരുവികളും തടാകങ്ങളും കയ്യേറ്റങ്ങളില്ലാതെ സംരക്ഷിയ്ക്കണം.

പ്രകൃതിയ്ക്ക് അനുയോജ്യമായ സുസ്ഥിര വികസനമാതൃകകൾ ഉയർത്തിക്കൊണ്ടുവരുകയും ഒരു കുടുംബത്തിന് ഒരു വീട് എന്ന തത്വം നടപ്പിലാക്കുകയും വേണം. കൂടുതൽ ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുകയും കൃഷി ലാഭകരമാക്കുവാൻ കർഷകന് ഭൂമിയിലെ ഉടമസ്ഥാവകാശം നഷ്ടപ്പെടുത്താതെ ഗ്രൂപ്പ് ഫാമിംഗ് മാതൃകകൾ സൃഷ്ടിക്കണം. ഇതിനായി ജനകീയ കാർഷിക സൊസൈറ്റികൾ രൂപീകരിയ്ക്കണം.

വീടുനിർമ്മാണത്തിന് പ്രത്യേക മേഖലകൾ എല്ലാ പഞ്ചായത്തുകളിലും പ്രഖ്യാപിയ്ക്കണം സർക്കാർ സ്കീമുകളിലുൾപ്പെടുത്തി നടത്തുന്ന ഭവന നിർമ്മാണം ഫ്ളാറ്റ് മാതൃകയിലാക്കണം. ഇതു മൂലം കുറഞ്ഞ ഭൂവിസ്തൃതിയിൽ കൂടുതൽ കുടുംബങ്ങൾ താമസിയ്ക്കുവാൻ സാധിയ്ക്കുന്ന ഇടം ഒരുക്കുവാൻ കഴിയുമെന്ന് മാത്രമല്ല, പ്രകൃതി ദുരന്തങ്ങളിൽ അകപ്പെടാതെയുള്ള നിർമ്മാണ മാതൃകകൾ അവലംബിയ്ക്കുന്നതിനും സാധിക്കും. കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ വാസസ്ഥലങ്ങൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്ത് വീടു നിർമ്മാണം നടത്തി സ്ഥിരമായി വെള്ളക്കെട്ടിൽ കഴിയുന്നവരെ പുനരധിവസിപ്പിയ്ക്കണം.

ഇടുക്കി, വയനാട്, അട്ടപ്പാടി മേഖലകളിൽ ജെ.സി.ബി. ഉൾപ്പെടെയുള്ള മണ്ണുമാന്തി യന്ത്രങ്ങൾ നിരോധിയ്ക്കുകയോ കർശന നിയന്ത്രണം കൊണ്ടുവരുകയോ വേണം. ഭൂമിയുടെ കിടപ്പിൽ മാറ്റം വരുത്തുന്ന ഒരു തരം വിസന പ്രവർത്തനങ്ങൾക്കും അനുവാദം നല്കരുത്.

പുതിയ വികസനമാതൃകകൾക്ക് രേഖകൾ പ്രസിദ്ധീകരിക്കുകയും അത് കർശനമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുകയും വേണം.

പുനർനിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് മണൽ, പോലുള്ള നിർമ്മാണ വസ്തുക്കൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യണം. പാരിസ്ഥിതികമായി ദുർബലമല്ലാത്തതും മഴക്കെടുതികൾ തീരെയില്ലാത്തതും ഭൂകമ്പ സാധ്യത രേഖപ്പെടുത്താത്തതുമായ നമ്മുടെ അയൽസംസ്ഥാനങ്ങളിൽ നിന്നും ആവശ്യത്തിന് കരിങ്കല്ലും, കരിങ്കല്ല് ഉല്പ്പന്നങ്ങളും ലഭ്യമാകും. മണലും, സിമന്റും വിദേശത്തുനിന്നും ഇറക്കുമതി

ചെയ്യാം. ഇവിടെ നിന്നും ഖനനം ചെയ്താലുണ്ടാവുന്ന പാരിസ്ഥിതിക നഷ്ടം കൂടി കണക്കിലെടുത്താൽ ഇറക്കുമതിയായിരിക്കും ലാഭമെന്ന കാര്യത്തിൽ സംശയമില്ല. ഒരു ദുരന്തം വരുത്തിവച്ച വിനാശത്തെ നാം അനുഭവിച്ചു കഴിഞ്ഞു. ഇനിയെങ്കിലും ഈ വിഷയങ്ങളിൽ കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവന്നേ മതിയാകൂ.

**സിവിൽസർവ്വീസിന്റെ കരുത്ത്**

മഹാദുരന്തത്തെ ഒത്തൊരുമയോടെ നേരിട്ടവരാണ് കേരളത്തിലെ സർക്കാർ ജീവനക്കാർ. താലൂക്ക് - വില്ലേജ് - പോലീസ് ഉദ്യോഗസ്ഥരെ ആഗസ്റ്റ് 14 ന് രാത്രി തന്നെ അവരുടെ ഓഫീസുകളിൽ എത്തുവാൻ ജില്ലാഭരണകൂടം നിർദ്ദേശം നൽകിയിരുന്നു. രക്ഷാപ്രവർത്തനം ഏകോപിച്ചുകൊണ്ട് ആരംഭിച്ച പ്രവർത്തനം ഓണാവധിക്കുപോലും വീട്ടിൽ പോകാൻ കഴിയാതെ ദുരിതാശ്വാസസാധന കളക്ഷൻ സെന്ററുകളിലും കിറ്റ് വിതരണത്തിലും തുടരുകയായിരുന്നു. വർദ്ധിച്ച ജോലിഭാരത്തിന്റെ സമ്മർദ്ധവും ഉറക്കമില്ലായ്മയും സമയത്തിന് ആഹാരം കഴിയ്ക്കാത്തതും കാരണം നിരവധി ആരോഗ്യ പ്രശ്നങ്ങളിലാണ് റവന്യൂ ഉദ്യോഗസ്ഥർ. മാനസിക നിയന്ത്രണം പോലും നഷ്ടപ്പെട്ടവരും ഉണ്ട്. മൂന്നും നാലും ജീവനക്കാർ മാത്രമുള്ള വില്ലേജാഫീസുകളാണ് ദുരിതാശ്വാസപ്രവർത്തനം ഏകോപിപ്പിയ്ക്കുന്നതിന്റെ പ്രധാന ചുമതല. രക്ഷാപ്രവർത്തനം നടത്തുന്നതിന് എത്തിയ വിവിധ കേന്ദ്രസേനകൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരൊക്കെ ഏകോപിപ്പിച്ച് ദുരന്തമേഖലയിൽ രക്ഷാപ്രവർത്തനത്തിനെത്തിക്കുക എന്നതായിരുന്നു ആദ്യ കടമ്പ. മഹാദുരന്തമുണ്ടായ ആദ്യഘട്ടത്തിൽ ഒരു അമ്പരപ്പ് ഉണ്ടാവുക സ്വാഭാവികമാണ്. പക്ഷേ അതിനെ വളരെ വേഗം അതിജീവിയ്ക്കുവാൻ ജീവനക്കാർക്കായി എല്ലാ ജില്ലകളിലും കളക്ടർമാരോടൊപ്പം ചേർന്നു നിന്നു കൊണ്ട് ദുരന്ത നിവാരണപ്രവർത്തനങ്ങളിൽ വലിയ ആക്ഷേപങ്ങൾക്കിട നൽകാതെ പ്രവർത്തിയ്ക്കുവാൻ റവന്യൂ വകുപ്പിന് കഴിഞ്ഞു.



ആദ്യഘട്ടത്തിൽ ദുരിതാശ്വാസക്യാമ്പിലെത്തിയ പതിനാലു ലക്ഷത്തിലേറെപ്പേർക്ക് കൈത്താങ്ങായി ഓടി നടക്കേണ്ടിവന്നവരാണിവർ. പലപ്പോഴും സംഘർഷത്തിലെത്തുന്ന അവസ്ഥകളെ തന്മയത്തത്തോടും നയചാതുര്യത്തോടും ഇടപ്പെട്ട് ലളിതമാക്കുവാൻ സർക്കാർ ഉദ്യോഗസ്ഥർ നടത്തിയ ഇടപ്പെടലുകൾ ചെറുതല്ല. എന്നിരുന്നാലും ചില ജനപ്രതിനിധികളുടെയെങ്കിലും പിടിവാശിയും അറിവില്ലായ്മയും പ്രശ്നങ്ങൾക്കിട വരുത്തിയിട്ടുണ്ട്. ചെറിയ ശതമാനം ഉദ്യോഗസ്ഥരും ഇത്തരം അവസരങ്ങളെ ദുരുപയോഗം ചെയ്തിട്ടുമുണ്ട്. എന്നിരുന്നാലും സർക്കാർ ജീവനക്കാരുടെ സേവനമനസ്കതയും ആത്മാർത്ഥതയും ഒരിക്കൽ കൂടി പൊതുസമൂഹത്തിന് കാട്ടികൊടുക്കാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. വില്ലേജ് അസിസ്റ്റന്റ് മുതൽ ചീഫ് സെക്രട്ടറിവരെ തോളേടുതോൾ ചേർന്ന നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടത് ഇത്തരുണത്തിൽ ഓർക്കുന്നു. രക്ഷാപ്രവർത്തനങ്ങളിലും ഭക്ഷ്യസാധന വിതരണത്തിലും സംസ്ഥാന പോലീസും ഫയർഫോഴ്സും അവരുടെ പങ്ക് കൃത്യമായി നിർവ്വഹിച്ചു. ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെയും സെക്രട്ടറിയേറ്റിലെയും ദുരന്ത നിവാരണ കൺട്രോൾ റൂമുകൾ ഇടതടവില്ലാതെ പ്രവർത്തനങ്ങൾക്ക് ഏകോപനം ചെയ്യുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**ആ കൈത്താങ്ങ് മറക്കില്ലൊരിക്കലും**

പ്രളയ ജലത്തിൽ പതിനായിരക്കണക്കിന് മനുഷ്യർ ജീവനുവേണ്ടി നിലവിളിയ്ക്കുമ്പോഴാണ് അവർ ഓടിയെത്തിയത്. ട്രോളിംഗ് നിരോധനകാലത്ത് അടുപ്പിൽ തീപുകയാത്ത എത്രയോ മത്സ്യത്തൊഴിലാളി വീടുകളുണ്ട്. ആ വറുതിയുടെ കടപ്പുറത്തു നിന്നുമാണ് സ്വന്തം വള്ളവും മോട്ടോറുകളും എടുത്ത് മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിനിറങ്ങിയത്. കടലമ്മ നൽകിയ ആത്മവിശ്വാസവും കരുത്തുമാണ് അവരെ നയിച്ചത്. പൊതു സമൂഹത്തിന് ഒരു

കാതം അകലെയാണവരെങ്കിലും അവരുടെ നന്മയും കരുത്തുമാണ് പതിനായിരക്കണക്കിന് മനുഷ്യ ജീവനുകളെ വെള്ളത്തിൽ നിന്നും കോരിയെടുത്തത്.

ആരെയും ആശ്രയിക്കാതെ ജീവിച്ചു പോകുന്ന ഒരു ജനത. നാടിന്റെ വളർച്ചയും വികാസവും അങ്ങ് കടൽക്കരയിലെത്തുവാൻ കാലമേറെ എടുക്കാറുണ്ട്. പലപ്പോഴും സർക്കാർ സംവിധാനങ്ങളൊന്നും അവരുടെ രക്ഷക്കെത്താറുമില്ല. കടലമ്മ കനിയുന്ന മത്സ്യത്തിന്റെ അളവിൽ മാത്രം വയർ നിറയുന്ന കുടുംബങ്ങൾ. വല നെയ്തും, വല പിടിച്ചും മത്സ്യകുട്ട ചുമന്നും വളരുന്ന ബാല്യങ്ങൾ. കാറ്റിലും കോളിലും ഭയക്കാതെ തിരകൾക്കുമീതെ വലയെറിയുന്നവർ. കടലിന്റെ ഇരമ്പത്തിൽ നിന്നും വന്യമായ ആ ഏകാന്തതയിൽ നിന്നും ലഭിയ്ക്കുന്ന ഉൾക്കരുത്താണ് ഇവരുടെ കൈമുതൽ. ആ കരുത്താണ് മലവെള്ളക്കാലത്ത് നമ്മെ രക്ഷിച്ചത്. ഈ ദുരന്തം ലോകമാനവികതയുടെ മുന്നിൽ കാണിച്ചു കൊടുത്ത സ്നേഹ മുത്തുകളാണ് മത്സ്യത്തൊഴിലാളികൾ.

**മാനവികതയുടെ ഉയർത്തെഴുന്നേൽപ്പ്**

മനുഷ്യരെല്ലാം നന്മയുള്ളവരാണ്. വിഷം തീണ്ടാത്ത ഒരു നിർമ്മല ഹൃദയവുമായിട്ടാണ് അവൻ പിറന്നു വീഴുന്നത്. നമുക്കിടയിൽ നിന്നു തെറിച്ച ചേറും മാലിന്യവും അടിഞ്ഞുകൂടി ആ ഹൃദയം മലിനപ്പെട്ടു. ആ മാലിന്യത്തെയാണ് ഈ മഴവെള്ളം ഒഴുക്കി കളഞ്ഞത്. ആ നന്മയാണ് ജാതിയും മതവും ഇല്ലാതെ മാനവികത എന്ന ഒറ്റ വാക്കിലൂടെ ഉയർത്തെഴുന്നേറ്റത്. അതിന് ആയുസ് കുറവായിരിക്കാം. എന്നാൽ അങ്ങനെ ഒന്ന് നശിച്ചിട്ടില്ല എന്ന് ഈ പേമാരി കാട്ടിതന്നു.

വെള്ളം ഒരേ വിതാനത്തിലേ പരക്കുകയുള്ളൂ. പാമരന്റെയും പണക്കാരന്റെയും മുമ്പിൽ വെള്ളം ഒരേ വിതാനത്തിലെ ഒഴുകുകയുള്ളൂ. അതുകൊണ്ടാണ് മലവെള്ളം കുടിലിലും മണിമാളികയിലും ഒന്നിച്ച് കയറിയത്. അവർക്ക് ഒന്നിച്ച് കൂടുവിട്ട് ഒരേ അഭയസ്ഥാനത്തേയ്ക്ക് എത്തേണ്ടിവന്നത്. അവർക്ക് ഒരേ വണ്ടിയിൽ ഒരുമിച്ച് ഒരു കൈത്താങ്ങിൽ അഭയം തേടേണ്ടി വന്നത്. ഒരേ നിരയിൽ നിന്നും ഭക്ഷണപൊതികൾ വാങ്ങേണ്ടി വന്നത്. പ്രകൃതി സമത്വം ആഗ്രഹിയ്ക്കുന്നു, ആഘോഷിയ്ക്കുന്നു. പ്രകൃതിയുടെ ആഘോഷം കൂടിയായിരുന്നു ഈ പെരുമഴക്കാലം.

**ഈ ദുരന്തം മറക്കരുത്**

ഈ ദുരന്തക്കാഴ്ചകൾ നാം മറക്കും. ഒരു തുള്ളി ദാഹജലത്തിനായി ടെറസിനു മുകളിൽ കിടന്ന ചിരട്ടയിൽ പരതിയത് നാം മറക്കും. അലറി ഇരമ്പി എത്തിയ ഹെലികോപ്റ്ററിനു മുന്നിലേക്ക് കൈക്കൂപ്പി ഒരു തുണ്ട് പഴത്തിനായി യാചിച്ചത് നാം മറക്കും. അയലത്തെ വീട്ടിലെ തലതെറിച്ച ചെറുക്കൻ കുത്തൊഴുക്കിൽ നീന്തി കൊണ്ടുവന്ന കിറ്റ് വാങ്ങാൻ കൈ നീട്ടിയതും മറക്കും. തെങ്ങിൻ തലപ്പുകളുടെ മുകളിലൂടെ വള്ളം തുഴഞ്ഞ് രക്ഷപ്പെട്ടതും മറക്കും. ഓമനിച്ചു വളർത്തിയ നായ്കുട്ടിയെ ഉപേക്ഷിച്ചപ്പോൾ അവന്റെ കണ്ണിലെ നനവും നാം മറക്കും. ജീവിതത്തിൽ ഒരു പുഞ്ചിരിപോലും നൽകാതിരുന്ന എന്റെ അയൽക്കാരൻ തന്ന നെല്ലരിക്കഞ്ഞിയുടെ സ്വാദ് മറക്കും. കടപ്പുറത്തു നിന്നും വലിയ വള്ളങ്ങളുമായി പാഞ്ഞെത്തി ആ തഴമ്പിച്ച കൈകളിൽ നമ്മെ കോരിയെടുത്ത് രക്ഷിച്ചവന്റെ വിയർപ്പുമണം നാം മറക്കും. ചെളികൊണ്ടു മൂടിയ എന്റെ നടുത്തളം ഞാൻ ഓർക്കുമോ. ചെളി കോരിയെറിയുവാൻ വന്ന അന്യദേശക്കാരനെ ഓർക്കുമോ. ഒന്നിനും തികയില്ലെങ്കിലും പതിനായിരം രൂപ തന്ന നമ്മുടെ സ്വന്തം സർക്കാരിനെയെങ്കിലും ഓർക്കുമോ. സ്നേഹത്തോടെ കടലിനക്കരെ ഇരുന്ന ഒരു അറബി രാജാവ് നീട്ടിയ സമ്മാന പൊതിയെങ്കിലും നമ്മൾ ഓർക്കുമോ. ഇല്ല, ഒരിക്കലും മറക്കാൻ പാടില്ല. പ്രളയകാലത്തെ ഈ നന്മ മനസ്സുകളെ.

**പ്രകൃതിയെ പ്രണയിക്കണം**

നമ്മൾ പ്രകൃതിയെ പ്രണയിയ്ക്കണം. പ്രകൃതി നമുക്കു തരുന്ന ഓരോ തുള്ളി വെള്ളവും കരുതലോടെ കരുതണം. ഓരോ തരി മണ്ണും കരുതലോടെ ഉപയോഗിക്കണം. ഭൂമി തുരന്ന് നമ്മൾ എടുത്തതെല്ലാം ഭൂമി തന്നെ തിരിച്ചു പിടിയ്ക്കും. തടയാൻ നിർമ്മിച്ച മനുഷ്യ നിർമ്മിതികളെ തകർത്തെറിഞ്ഞാണ് പുഴ അതിന്റെ വഴിയെ തിരിച്ചു പിടിച്ചത്. പ്രകൃതിയ്ക്ക് വഴി മറക്കില്ല. നമ്മുടെ നിർമ്മിതികൾ നമ്മുടെ മാത്രം സ്വാർത്ഥചിന്തകളിൽ നിന്നും ഉയർന്നവയാണ്. പ്രകൃതിയ്ക്ക് അതിനോട് കടപ്പാടില്ല. നമ്മൾ പ്രകൃതിയോട് കടപ്പെട്ടില്ലെങ്കിൽ പ്രകൃതി നമ്മോടും കടപ്പെടില്ല. പുഴ നിറഞ്ഞ് കൈവഴികൾ നിറഞ്ഞ് പാടങ്ങൾ നിറഞ്ഞ് കായലിൽ പുഴ പതിയ്ക്കുമ്പോൾ അത് ശാന്തമായിരുന്നു. പുഴയുടെ അതിജീവനം കൈവഴികളാണ്. കൈവഴികൾ ഇല്ലാതായി. കൈത്തോടുകൾ ഇല്ലാതായി. അരുവികൾ നഷ്ടപ്പെട്ടു. പുഴയുടെ നാഡീവ്യൂഹങ്ങൾ മനുഷ്യർ മണ്ണിട്ടുമൂടി. പുഴ അതിന്റെ അതിരുകൾ തിരിച്ചു പിടിച്ച് ഒഴുകി. മണ്ണ് നിറഞ്ഞ പാടങ്ങളിലും കൈവഴികളിലും വെള്ളത്തിന് ഒഴുകാനായില്ല. അതാണ് പ്രളയമായത്. നമ്മൾ പ്രകൃതിക്കു കാവലിരിക്കണം. അതിന്റെ താളത്തെ തകർത്തെറിയാതെ സംരക്ഷിയ്ക്കണം. അല്ലെങ്കിൽ ഇനിയും വരും ഇത്തരം ദുരന്തങ്ങൾ. **ഓർക്കുക ഭൂമി നമ്മുടേതല്ല, നാം ഭൂമിയുടേതാണ്.**

■



ചോദ്യങ്ങൾ
**എഡിറ്റർ, കേരള എൻജിഒ,**
ജോയിന്റ് കൗൺസിൽ ബിൽഡിംഗ്സ്,
പ്രസ്സ്ക്ലബ് റോഡ്, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയക്കണം



# സർവ്വീസ് കോർണർ


**എ നിസാറുദീൻ**

**ചോദ്യം:** ഓഫിസ് അറ്റൻഡന്റിനെ അറ്റൻഡറായി നിയമിയ്ക്കുന്നത് സീനിയോറിറ്റി മാത്രം പരിഗണിച്ചാണോ?, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഡിസെബിലിറ്റിയുള്ളവർ എന്നിവർക്ക് മുൻഗണനയുണ്ടോ?.

രാജലക്ഷ്മി എസ്
കൊട്ടാരക്കര

**ഉത്തരം:** ഓഫിസ് അറ്റൻഡൻറ് വിഭാഗം ജീവനക്കാർക്ക് അറ്റൻഡർ തസ്തികയിലേക്ക് നിയമനം ലഭിയ്ക്കുന്നതിനായി നിശ്ചിത യോഗ്യത നിർണ്ണയിച്ചിട്ടുണ്ട്. 7 ആം ക്ലാസ്സ് പാസ്സായതും കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസ്സായിട്ടുള്ളവരുമായവർ, അഥവാ സർക്കാർ റഗുലർ സർവീസിൽ 5 വർഷം പൂർത്തിയാക്കിയവരും കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസ്സായിട്ടുള്ളവരുമായവർ, അഥവാ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളവരും 3 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവർ സീനിയോറിട്ടിയുടെ അടിസ്ഥാനത്തിലാണ് അറ്റൻഡർ നിയമനത്തിന് യോഗ്യത നേടുന്നത്. 1966 മാർച്ച് 8 ലെ ജി. ഒ. (പി) നം. 8 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് സെർവന്റസ് റൂൾസിലെ ചട്ടം 7 പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് മാത്രമേകേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ സർവീസ് റൂൾസിലെ പാർട്ട് കക ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള റിസർവേഷൻ ചട്ടങ്ങൾ ബാധകമാകൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട് .

## ആദരാഞ്ജലി



**എ.ബി. വാജ്പേയി**
മുൻ പ്രധാനമന്ത്രി



**ചെമ്മനം ചാക്കോ**
കവി, അധ്യാപകൻ


## പ്രഭാതിന്റെ ഏറ്റവും പുതിയ പുസ്തകങ്ങൾ

**വിശുദ്ധ ഖുർആൻ** (വാല്യം 1 & 2)
എഞ്ചിനീയർ കെ. കെ. അബ്ദുൽ അസീസ്
1-ാം വാല്യം 900 രൂപ, 2-ാം വാല്യം 1100 രൂപ
**സൗജന്യനിരക്ക്-600+ 750=1350**

**സുന്ദരം ധനുവച്ചപുരത്തിന്റെ കവിതകൾ**
പ്രൊഫ. സുന്ദരം ധനുവച്ചപുരം വില 400 രൂപ

**തത്വശാസ്ത്രങ്ങളുടെ കരച്ചിൽ** (ലേഖനങ്ങൾ)
എം. കെ. ഹരികുമാർ വില 80 രൂപ

**ഏറ്റുവാങ്ങിയ പാനപാത്രം** (നോവൽ)
തൈശ്ശേരി വില 270 രൂപ

**അനന്തസിദ്ധി** (നോവൽ)
വിനയൻ വടയാറ്റൂർ വില 170 രൂപ

**ഇത്തിരിനോവ് (കവിത)**
സുഷമ മൈനാഗപ്പള്ളി വില 40 രൂപ

**കായൽക്കറ്റിന്റെ ഓർമ്മകൾ** (കവിത)
വിശ്വമംഗലം സുന്ദരേശൻ വില 90 രൂപ

**കാവ്യസുധ** (കവിത)
സുശീലകമൽ വില 60 രൂപ

**കിളിക്കൂട്** (ബാലസാഹിത്യം)
മുതുകുളം ഗംഗാധരൻപിള്ള വില 60 രൂപ

**ബന്ധമാപനങ്ങൾ** (നോവൽ)
രാഘവൻ പാട്ടത്തിൽ വില 100 രൂപ

**പ്രകൃതിചികിത്സ ശാസ്ത്രീയമോ** (പഠനം)
ഡോ. ഡി.കെ. കയ്യാലേത്ത് വില 50 രൂപ

SINCE 1952
**പ്രഭാത് ബുക്ക് ഹൗസ്, വഞ്ചിയൂർ**
**തിരുവനന്തപുരം-695 035**
**ഫോൺ: 04712471533, 2472568, 2470688**



## നോട്ട് നിരോധനം കൊണ്ടുവന്ന ദുരന്തങ്ങൾക്ക്

# ആര് മറുപടി പറയും ?



സി.ആർ. ജോസ്പ്രകാശ്

**2016** നവംബർ 8 ന് രാത്രി 8 മണിക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രത്തോട് പറഞ്ഞതിങ്ങനെ. അഴിമതിയുടെയും കള്ളപ്പണത്തിന്റേയും നീരാളി പിടിത്തം തകർക്കാൻ ഇപ്പോൾ ഉപയോഗത്തിലുള്ള 500 ന്റെയും 1000 ന്റെയും നോട്ടുകൾക്ക് ഇന്ന് അർദ്ധരാത്രിമുതൽ നിയമസാധുത ഉണ്ടായിരിക്കുന്നതല്ല. ഈ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ രാജ്യത്തെ ഞെട്ടിച്ചു. ഒരു ശതമാനത്തിന് താഴെ വരുന്ന കോർപ്പറേറ്റുകളൊഴിച്ചുള്ള ജനത ഒന്നാകെ നിസ്സഹായരായി സ്തംഭിച്ചുനിന്നു. സകല മേഖലയിലും അനിശ്ചിതത്വം പടർന്നുപിടിച്ചു. നോട്ട് മാറുന്നതിന് അനുവദിച്ചുകിട്ടിയ ചുരുക്കം സമയത്തിനുള്ളിൽ കൈയിലുള്ള നോട്ടുകൾ മാറ്റിയെടുക്കാൻ ജനങ്ങൾ ബാങ്കുകളിൽ ക്യൂനിന്നു. വളരെ വേഗത്തിൽ ബാങ്കുകളിലെ പണം തീർന്നു. എടിഎമ്മുകൾ അടച്ചു പൂട്ടപ്പെട്ടു. 194 പേരാണ് നോട്ട് നിരോധനത്തെ തുടർന്ന്, സാമ്പത്തിക ഇടപാടുകൾ താളം തെറ്റിയതിന്റെ ഫലമായി ആത്മഹത്യ ചെയ്തത്. ആയിരക്കണക്കിന് വിവാഹങ്ങൾ മുടങ്ങി. വിലക്കയറ്റം രൂക്ഷമായി. സാധാരണക്കാരുടെ യാത്രപോലും അസാധ്യമായി. വ്യാപാരസ്ഥാപനങ്ങളും മാർക്കറ്റുകളും തുറന്ന് പ്രവർത്തിക്കാൻ കഴിയാതെയായി. 15 കോടി തൊഴിലവസരങ്ങൾ ഇല്ലാതായി. ഈ ഘട്ടത്തിൽ മോദി വീണ്ടും രാജ്യത്തോട് പറഞ്ഞു, ഇപ്പോഴുണ്ടായ ദുരിതങ്ങൾ താത്ക്കാലികം മാത്രമാണ്. അമ്പത് ദിവസങ്ങൾക്കുള്ളിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. കള്ളനോട്ടുകാരെ പിടിക്കുന്നതിനും കള്ളപ്പണം ഇല്ലാതാക്കുന്നതിനും പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനും രൂപയുടെ മൂല്യം ഉയർത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നോട്ട് നിരോധനം ഉപകരിക്കും. ഇതിലൂടെ അഴിമതി കുറയും, നികുതി വരുമാനം കൂടും. മാഫിയ പ്രവർത്തനം ഇല്ലാതാകും. പാകിസ്ഥാനിൽ നിന്നുള്ള കള്ളനോട്ട് വരവ് അവസാനിക്കും. അങ്ങനെ തീവ്രവാദം നിയന്ത്രിക്കപ്പെടും. രാജ്യത്തിന്റെ പൊതുകടവും പലിശഭാരവും സാമ്പത്തിക നിലയും രാജ്യസുരക്ഷയും ഭദ്രമാകും. അങ്ങ

നെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടും. പ്രധാനമന്ത്രിക്ക് പിന്നാലെ ധനമന്ത്രി അരുൺജെയ്റ്റ്ലി രാഷ്ട്രത്തോട് പറഞ്ഞത് ഇങ്ങനെ. രാജ്യത്താകെയുള്ള നോട്ടുകളിൽ 5 ലക്ഷത്തിൽ അധികം കള്ളനോട്ടുകളാണ്. ഏറ്റവും കൂടുതൽ കള്ളനോട്ട് 1000, 500 രൂപയുടേതാണ്. അതിനാൽ നോട്ടുനിരോധനത്തിലൂടെ നാലുലക്ഷം കോടിയിലധികം രൂപ ഖജനാവിൽ മടങ്ങിയെത്തില്ല. ഇത്രയും കോടി രൂപ റിസർവ് ബാങ്കിന് പുതുതായി അച്ചടിച്ച് മാർക്കറ്റിലിറക്കാനാവും. അങ്ങനെ രാജ്യത്തിന്റെ സമ്പദ്ഘടന ഏറ്റവും കരുത്തുള്ളതായിമാറും. രാജ്യത്തെ മുഴുവൻ ജനങ്ങളുടേയും ജീവിതത്തിൽ ഇതിന്റെ നേട്ടം എത്തും.

ഈ രണ്ട് പ്രഖ്യാപനങ്ങൾ പുറത്ത് വന്നപ്പോൾ നോട്ട് നിരോധനത്തിന്റെ ഇരകളായി മാറിയ സാധാരണക്കാരിൽ പോലും പുതിയ പ്രതീക്ഷകൾ നാമ്പെടുത്തു. തത്ക്കാലം ഏതാനും ദിവസങ്ങൾ കഷ്ടപ്പെട്ടാലും ജനങ്ങൾക്കും രാജ്യത്തിനും ഭാവിയിൽ അതു ഗുണം ചെയ്യുമെന്ന ചിന്ത സർവ്വവ്യാപകമായി. കോർപ്പറേറ്റ് മാധ്യമങ്ങൾ ഈ ചിന്തക്ക് വലിയ പ്രാധാന്യം നൽകി. രാജ്യത്ത് ഒരു നിശ്ശബ്ദ വിപ്ലവം നടക്കുന്നു എന്ന വിധത്തിലായിരുന്നു പ്രചാരണം. എന്നാൽ 50 ദിവസം കഴിഞ്ഞിട്ടും സ്ഥിതിയിൽ യാതൊരു മാറ്റവും ഉണ്ടായില്ല. ജനങ്ങളുടെ ദുരിതം വർദ്ധിച്ചുകൊണ്ടേയിരുന്നു. കേരളത്തെ സംബന്ധിച്ചാണെങ്കിൽ, ജനജീവിതവുമായി ഏറ്റവും ഇഴയടുപ്പമുള്ള സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം താളം തെറ്റിയത് കൂടുതൽ ദുരന്തങ്ങൾ വിളിച്ചുവരുത്തി. നിരോധിക്കപ്പെട്ട നോട്ടുകൾക്ക് പകരം 2000 ത്തിന്റേയും 500 ന്റെയും നോട്ടുകൾ ഉടൻ എത്തുമെന്ന് പറഞ്ഞിരുന്നുവെങ്കിലും 50 ദിവസം കഴിഞ്ഞിട്ടും അവ എത്തിയില്ല. ഏതാനും മാസങ്ങൾ കഴിഞ്ഞ് ആവശ്യത്തിന് നോട്ടുകൾ എത്തിയപ്പോഴേക്കും സംഭവിക്കേണ്ട ദുരന്തങ്ങൾ പലതും രാജ്യത്ത് സംഭവിച്ചു കഴിഞ്ഞിരുന്നു. ജനങ്ങളെ എന്നതുപോലെ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെയും നോട്ടു നിരോധനം ശ്വാസം മുട്ടിച്ചു. 2200-ൽ അധികം കോടി രൂപയുടെ നഷ്ടം കേരളത്തിനു മാത്രമുണ്ടായി. ജി.ഡി.പിയിൽ തന്നെ 2.24 ലക്ഷം കോടി രൂപയുടെ ഇടിവാണ് രാജ്യത്തുണ്ടായത്.

ഇന്നിപ്പോൾ നോട്ടുനിരോധനത്തിന് രണ്ട് വർഷം തികഞ്ഞിരിക്കുന്നു. 29.08.2018 ന് റിസർവ്വ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട് പുറത്തുവന്നു. അതിൽ പറഞ്ഞിരിക്കുന്നത്, നിരോധിക്കപ്പെട്ട 15,41,793 കോടി രൂപയുടെ 500, 1000 നോട്ടുകളിൽ 15,31,073 കോടിയുടെ നോട്ടുകളും തിരികെ റിസർവ്വ് ബാങ്കിൽ എത്തിയിരിക്കുന്നു എന്നാണ്. ഇനി തിരിച്ചെത്താൻ ബാക്കിയുള്ളത് 10,720 കോടി രൂപയുടെ നോട്ടുകൾ മാത്രം. നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിൽ ഇന്ത്യൻ നാണയം ഉപയോഗിക്കുന്നുണ്ട് എന്നതിനാൽ, വരും നാളുകിൽ ഈ തുക കൂടി മടങ്ങിവരും എന്നതുറപ്പാണ്. നിരോധിക്കപ്പെട്ട നോട്ടുകളിൽ 99.3 ശതമാനം നോട്ടുകളും തിരികെ വന്ന സാഹചര്യത്തിൽ ഒരുപാട് ചോദ്യങ്ങളാണ് രാജ്യത്തുയരുന്നത്. പ്രധാനമന്ത്രി പറഞ്ഞിരുന്ന 4 ലക്ഷം കോടിയുടെ കള്ളനോട്ട് ആവിയായിപ്പോയോ? പാകിസ്ഥാനിൽ നിന്ന് വന്നുകൊണ്ടിരുന്ന കള്ളനോട്ട് എവിടെചെന്നെത്തുന്നു? രാജ്യസുരക്ഷ ഭദ്രമാണോ? മടങ്ങിവരാത്ത നോട്ടിനുപകരം നോട്ട് അച്ചടിക്കാൻ തയ്യാറായി നിന്ന റിസർവ് ബാങ്ക് ഒരു ഈടുമില്ലാതെ നാലുലക്ഷം കോടി രൂപയുടെ നോട്ട് അച്ചടിക്കാൻ തുടങ്ങിയോ? നിലവിലുള്ള നോട്ട് നിരോധിച്ചിട്ട്, പകരം നോട്ട് അച്ചടിക്കാൻ ചെലവായ 11,386 കോടി രൂപയുടെ ചെലവ് ഏത് അക്കൗണ്ടിൽ ഉൾപ്പെടുത്തും? രൂപയുടെ മൂല്യം ഇപ്പോൾ കൂടിയോ? (സർവ്വകാലറിക്കോർഡ് സ്ഥാപിച്ച് രൂപയുടെ മൂല്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്) എത്ര കള്ളപ്പണക്കാരെ ഇതുവരെ വരിഞ്ഞുകെട്ടി? (35 ലക്ഷം കോടിയിലധികം കള്ളപ്പണം രാജ്യത്തുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്) വിലക്കയറ്റം നിയന്ത്രിക്കാനായോ? തീവ്രവാദപ്രവർത്തനത്തിന് എന്തെങ്കിലും കുറവ് ഉണ്ടായോ? മാഫിയാ പ്രവർത്തനം




രാജ്യത്ത് കുറഞ്ഞോ? അഴിമതിയിൽ എവിടെയാണ് കുറവുണ്ടായത്? രാജ്യത്തിന്റെ അപകടവും പലിശഭാരവും കുറഞ്ഞോ? രാജ്യത്തിന്റെ സാമ്പത്തികനില ഭദ്രമായോ? വളരെ ലളിതമായ ഒരു ചോദ്യം എല്ലാവരും ചോദിക്കുന്നു.
നോട്ട് നിരോധനം കൊണ്ട് രാജ്യത്തെ ജനങ്ങൾക്ക് എന്തുനേട്ടമുണ്ടായി?



നോട്ടുനിരോധനം കൊണ്ട് ഒരു പ്രയോജനവുമുണ്ടായില്ല എന്നുമാത്രമല്ല, ഇതുമൂലമുള്ള ദുരന്തങ്ങൾ ഇന്നും വരിവരിയായി നടന്നു നീങ്ങുന്നുമുണ്ട്. അന്നതിനെ അനുകൂലിച്ചവർപോലും ഇപ്പോൾ സത്യം തിരിച്ചറിഞ്ഞിരിക്കുന്നു. അപ്പോൾ നിരവധിപേർ ആത്മഹത്യ ചെയ്തതിനും ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾക്കും തൊഴിൽ നഷ്ടത്തിനും രാജ്യത്തിന്റെ വളർച്ച തന്നെ താഴേക്കു പോയതിനും രാജ്യത്തിന്റെ കടബാദ്ധ്യത കൂടിയതിനും ആരാണ് മറുപടി പറയേണ്ടത്? നോട്ടുനിരോധനം ചരിത്രപരമായ വിഡ്ഢിത്തം ആയി മാറി എന്ന തിരിച്ചറിവുണ്ടായപ്പോൾ, പ്രധാനമന്ത്രി തന്ത്രപരമായ മറ്റൊരവകാശവാദവുമായി രംഗത്തുവന്നു. അതിങ്ങനെയായിരുന്നു. നോട്ടു നിരോധനത്തെ തുടർന്ന് ജനങ്ങൾ ഡിജിറ്റൽ ഇടപാടിലേക്ക് കടന്നിരിക്കുന്നു. ക്രമക്കേടുകൾ കണ്ടെത്താൻ ഇതു പകരിക്കും. ഘട്ടം ഘട്ടമായി കാഷ്ലെസ്സ് സമൂഹമായി ഇന്ത്യമാറും. ഈ അവകാശവാദവും ഇപ്പോൾ പൊളിഞ്ഞിരിക്കുന്നു. നോട്ട് നിരോധനസമയത്ത് ഉണ്ടായിരുന്നതിനേക്കാൾ 37 ശതമാനം നോട്ടുകൾ ഇപ്പോൾ രാജ്യത്ത് കൂടുതലുണ്ട്. ഒരു വിഡ്ഢിത്തം കാട്ടിയശേഷം അതിനെ വെള്ളപൂശാൻ പുതിയ ന്യായങ്ങൾ പറയുകയാണ് കേന്ദ്രസർക്കാർ. (സ്വീഡൻ, ബെൽജിയം, കാനഡ പോലുള്ള ജനസംഖ്യ കുറഞ്ഞ, വലിയ വികസനം നേടിയ രാജ്യങ്ങൾ കാഷ്ലെസ് സംവിധാനം അംഗീകരിച്ചിട്ടുണ്ട്. പക്ഷേ അവിടെ 82 ശതമാനം പേർക്ക് ബാങ്ക് ബാലൻസും ഡെബിറ്റ് കാർഡുമുണ്ട്. ഇന്ത്യ എന്നാണ് അത്രയും ദൂരം സഞ്ചരിച്ചെത്തുക?) പകരം നോട്ടുകൾ അച്ചടിച്ചിറക്കാതെ ഒറ്റരാത്രികൊണ്ട് നിലവിലുള്ള നോട്ടുകൾ പിൻവലിച്ച വങ്കത്തരം ലോകത്തെ മറ്റൊരു ഭരണാധികാരിയും കാട്ടിയിട്ടില്ല. അധികാരത്തിൽ വന്നാൽ വിദേശരാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള ഇന്ത്യാക്കാരുടെ കള്ളപ്പണം പുറത്തുകൊണ്ടുവന്ന്, രാജ്യത്തെ സാധാരണജനങ്ങളുടെ അക്കൗണ്ടിൽ 15 ലക്ഷം രൂപവീതം നിക്ഷേപിക്കുമെന്ന് ബിജെപിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നു. എല്ലാവരും ബാങ്ക് അക്കൗണ്ട് തുറന്ന് പ്രതീക്ഷയോടെ കാത്തിരുന്നു. പക്ഷേ ഒരാൾക്ക് ഒരു രൂപപോലും ഇങ്ങനെ കിട്ടിയില്ല. രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ 20 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ ഇല്ലാതാകുകയാണുണ്ടായത്. എല്ലാ കുടുംബങ്ങൾക്കും പ്രതിവർഷം അഞ്ചുലക്ഷം രൂപയുടെ ചികിത്സാപദ്ധതി നടപ്പിലാക്കുമെന്നായിരുന്നു ബജറ്റിലൂടെയുള്ള പുതിയ അവകാശവാദം. ഇനി ഏതാനും മാസങ്ങൾ മാത്രമേ ഇപ്പോഴത്തെ കേന്ദ്രസർക്കാരിന് തുടരാനാകൂ. ഈ ആനുകൂല്യം അതിനുമുൻപ് ആർക്കെങ്കിലും കിട്ടുമെന്ന് ഉറപ്പില്ല. ഇപ്പോഴത്തെ കേന്ദ്രസർക്കാർ രാജ്യത്തിന് ഒരു ബാദ്ധ്യതയാണ്. ജാതിയും മതവും പിന്നെ കള്ളം പറയാനും പ്രചരിപ്പിക്കാനുമുള്ള ശക്തിയുമല്ലാതെ അവർക്ക് മറ്റൊന്നും കൈമുതലായിട്ടില്ല. അതിനാൽ നിതാന്തജാഗ്രത ആവശ്യമായ ഘട്ടമാണിത്. ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ഈ ജാഗ്രത കൂടിയേ മതിയാകൂ.

■




# സമൂഹ മാധ്യമങ്ങളും സംഘടനയും

## സാധ്യതകൾ, വെല്ലുവിളികൾ



**ഹരിദാസ് ഇറവങ്കര**

വാർത്താ വിനിമയ രംഗത്തും ആശയ സംവേദനത്തിലും പത്തൊൻപതാം നൂറ്റാണ്ടിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നത് റേഡിയോയും പത്രങ്ങളും ടെലിവിഷനുമായിരുന്നു. ആദ്യമൊക്കെ അതാത് സർക്കാരുകളുകളുടെ പൂർണ്ണ നിയന്ത്രണത്തിലായിരുന്ന ഈ മാധ്യമങ്ങൾ ക്രമേണ സ്വകാര്യ മേഖലയിലേക്കും സ്വകാര്യ ഉടമസ്ഥതയിലേക്കും ഏറെക്കുറെ വഴിമാറി. സ്വകാര്യ ഉടമസ്ഥതയിലുള്ള മാധ്യമങ്ങൾ മൂലധന ശക്തികൾക്കനുകൂലമായി വാർത്തകൾ സൃഷ്ടിക്കുകയും അതിനനുരോധമായ പൊതുബോധം സൃഷ്ടിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്നതും വർത്തമാനകാല അനുഭവങ്ങളാണ്. മാധ്യമ നിഷ്പക്ഷതയും നൈതികതയും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയ കാലഘട്ടത്തിലാണ് സമൂഹ മാധ്യമങ്ങളുടെ കടന്നുവരവ് ആശയ സംവേദനത്തിൽ പുതു വിപ്ലവം രചിച്ചത്. ഇക്കാലഘട്ടത്തിലാണ് ഇന്റർനെറ്റ് സർവ്വീസ് വഴി ഓൺലൈൻ മാധ്യമങ്ങൾ രൂപം കൊണ്ടത്. ആദ്യ കാലത്ത് ഓൺലൈൻ മാധ്യമങ്ങളും മറ്റ് നവ മാധ്യമങ്ങളും താരതമ്യേന ഉയർന്ന വിദ്യാഭ്യാസ യോഗ്യയുള്ളവരും സാമ്പത്തിക ശേഷിയുള്ളവരുമാണ് ഉപയോഗിച്ചിരുന്നത്. ഇന്റർനെറ്റ് സേവനങ്ങൾക്ക് സേവനദാതാക്കൾ ചുമത്തിയിരുന്ന അമിത നിരക്ക് സാധാരണക്കാരെ ഈ സൈബർ ഇടത്തിൽ നിന്നും അകറ്റി നിർത്തിയിരുന്നു എന്നത് ഒരു വസ്തുതയാണ്.

എന്നാൽ ഇന്ന് കഥയാകെ മാറി. പഴയകാല മൊബൈൽ ഫോണുകൾ സ്മാർട്ട് ഫോണുകൾക്ക് വഴിമാറിയപ്പോൾ ഇന്റർനെറ്റ് ഉപയോഗം താരതമ്യേന ലളിതമായ രീതിയിൽ മൊബൈൽ ഫോണുകളിൽ ലഭ്യമായി. 4 ജി സാങ്കേതിക വിദ്യയിൽ അതിവേഗ ഇന്റർനെറ്റ് സേവനം പരിധിയില്ലാതെ ഡാറ്റ ഉപയോഗിക്കാൻ പാകത്തിൽ നൽകുവാൻ ഇന്റർനെറ്റ് സേവനദാതാക്കൾ തയ്യാറായതോടുകൂടി സമൂഹ മാധ്യമങ്ങൾ ഇന്ന് സാധാരണക്കാരന് പ്രാപ്തമായ ഒന്നായി മാറി.

ഇത് ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ഇന്റർനെറ്റ് ഉപയോഗത്തിൽ വലിയൊരു കുതിച്ചുചാട്ടത്തിന് തുടക്കമിട്ടു. യൂണികോഡ് സാങ്കേതികവിദ്യയുടെ സഹായത്താൽ മാതൃഭാഷയിൽ തന്നെ സമൂഹ മാധ്യമങ്ങളിലൂടെ ആശയവിനിമയം നടത്താനുള്ള അവസരമൊരുങ്ങി. ഇത് ലോകരാജ്യങ്ങളിലെ ഭരണക്രമത്തെ തന്നെ മാറ്റി മറിക്കുന്ന

നിലയിലേക്ക് വളർന്നു. സമൂഹ മാധ്യമങ്ങൾ നമുക്കിടയിൽ ചെലുത്താവുന്ന സ്വാധീന ശക്തി പല വിധത്തിലും പല ധ്രുവങ്ങളിലുമാണ്. അറബ് രാജ്യങ്ങളിൽ പൊട്ടിപ്പുറപ്പെട്ട അറബ് വസന്തം ഫ്രാൻസിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും ഭരണകൂടങ്ങൾക്കെതിരെ ജനങ്ങൾ സംഘടിച്ചതും ഇൻഡ്യയിൽ ചെറുതും വലുതുമായി രൂപം കൊണ്ടിട്ടുള്ള പല ജനകീയ പ്രതിഷേധങ്ങളും ശക്തി പ്രാപിച്ചതും നവ മാധ്യമങ്ങളുടെ സ്വാധീനത്തിൽ തന്നെയാണ്. ഡൽഹിയിൽ ആം ആദ്മി എന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം ചുരുങ്ങിയ കാലം കൊണ്ട് ആ പ്രദേശത്തിന്റെ ഭരണ സാരഥ്യം കൈയ്യാളുന്ന നിലയിലേക്ക് വളർന്നത് ഈ മാധ്യമത്തെ ഗുണപരമായി ഉപയോഗിക്കാൻ അവർക്ക് സാധിച്ചത് കൊണ്ടാണ്. ജെല്ലിക്കെട്ട് നിരോധനത്തിനെതിരെ തമിഴ്നാട്ടിൽ രൂപം കൊണ്ട പ്രക്ഷോഭം, മഹാരാഷ്ട്രയിലെ ദേശീയ ശ്രദ്ധയാകർഷിച്ച കർഷക പ്രക്ഷോഭം ഇവയിലെല്ലാം സമൂഹ മാധ്യമങ്ങളുടെ സ്വാധീന ശക്തി പ്രകടമാണ്.

സമൂഹ മാധ്യമങ്ങളിൽ സർക്കാർ ജീവനക്കാർക്ക് എങ്ങനെ ഇടപെടാം എന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഇതിനെ എങ്ങനെ സംഘടനാ പരമായി ഉപയോഗപ്പെടുത്താമെന്ന് ആലോചിക്കണം. ഈ നിലയ്ക്കുള്ള ഗൗരവപൂർണ്ണമായ ചർച്ചകൾ ഉയർന്നു വരേണ്ടതും ഗുണപരമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അതിന്റെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന തലത്തിലേക്ക് നമ്മുടെ ഇടപെടലുകൾ വേണ്ടതാണ്.

സമൂഹ മാധ്യമങ്ങളിൽ ഇന്ന് പ്രധാനമായും വ്യാപകമായി ഉപയോഗിക്കപ്പെടുന്നത് ഫേസ് ബുക്കും വാട്ട്സ് ആപ്പുമാണ്. ഈ രണ്ട് മാധ്യമങ്ങളേയുംവ്യത്യസ്ഥ രീതിയിൽ വേണം സമീപിക്കേണ്ടതും ഉപയോഗിക്കേണ്ടതും. സോഷ്യൽ മീഡിയ പ്രൊഫൈലിലെ ഒരുവന്റെ ഇടപെടലുകൾ അയാളുടെ സ്വഭാവ ശൈലിയുടെ തെളിവ് രേഖകളായാണ് ഇന്ന് വിലയിരുത്തപ്പെടുന്നത്. സൈബർ നിയമങ്ങളുടെ ചാരക്കണ്ണുകൾ നമ്മെ ഓരോരുത്തരേയും പിൻതുടരുന്നുണ്ടെന്ന ബോധ്യത്തോടെ വേണം ഇതിനെ നാം കൈകാര്യം ചെയ്യാൻ. എന്നാൽ ചിലരെങ്കിലും ഇതിനെ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നുവെന്നത് ഖേദകരമാണ്.

ഇന്ന് എല്ലാ ജില്ലകളിലും നമ്മുടെ സഖാക്കൾ സമൂഹ മാധ്യമങ്ങളെ സംഘടനാ പരമായി ഉപയോഗപ്പെടുത്തുന്നുണ്ട്.. എല്ലാ ജില്ലാ കമ്മറ്റികൾക്കും ജില്ലാ തല ഫേസ് ബുക്ക് പേജുകൾ നിലവിലുണ്ട്. എന്നാൽ ഇവയിൽ പലതും സജീവമല്ല. സംഘടനാ തീരുമാനമില്ലാതെ വ്യക്തികൾ സ്വന്തമായി ഇത്തരം പേജുകൾ തുടങ്ങുന്നതാണ് ഇത്തരം പേജുകൾ നിർജ്ജീവമാകാൻ കാരണം. ജില്ലകൾ സംഘടനാ പേജുകൾ കൈകാര്യം ചെയ്യുന്നതിന് ഉത്തരവാദിത്വപ്പെട്ട സഖാക്കളെ ചുമതലപ്പെടുത്തിയാൽ അത്തരം പേജുകൾ കൂടുതലായി സജീവമാകുകയും പേജ് കൈകാര്യം ചെയ്യുന്ന ആളിന് സംഘടനാ പരമായ ബാധ്യത ഉണ്ടാകുകയും ചെയ്യും. സംഘടനയുടെ പേരിൽ പ്രവർത്തിക്കുന്ന ഒരു ഫേസ് ബുക്ക് പേജിന് അയ്യായിരത്തിലധികം ആളുകൾ പിൻതുടരുന്നതായി കാണുന്നു. എന്നാൽ ഈ പേജും ആരൊക്കെ കൈകാര്യം ചെയ്യുന്നു എന്നുള്ളതും അറിയപ്പെടാതെ പോകുന്നു. ഈ നിലയ്ക്ക് ഒരു മാറ്റം വരുത്തേണ്ടതുണ്ട്.ഇതിന് ഒരു ഏകീകൃത സ്വഭാവം ഉണ്ടാകുകയും സംഘടനയ്ക്ക് നിയന്ത്രണവും ഉത്തരവാദിത്വവുമുള്ള തലത്തിൽ ഇത്തരം കൂട്ടായ്മകളെ വളർത്തിക്കൊണ്ടുവരാനും പ്രവർത്തിപ്പിക്കാനും സാധിക്കണം.അല്ലാത്ത പക്ഷം സംഘടനയുടെ പേരിലുള്ള പ്ളാറ്റ് ഫോം ആരെങ്കിലും ദുരുപയോഗപ്പെടുത്തിയാൽ അത് സംഘടനയ്ക്ക് കളങ്കമുണ്ടാക്കുകയും ഉത്തരവാദികൾ ആരെന്ന് പെട്ടെന്ന് കണ്ടു പിടിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു.

ഇനി നാം വ്യക്തിപരമായി നമ്മുടെ പ്രൊഫൈലിൽക്കൂടി സംഘടനാപരമായി ഇടപെടുമ്പോൾ അതീവ ജാഗ്രത പുലർത്താൻ ശ്രദ്ധിക്കണം. ഫേസ് ബുക്കിൽക്കൂടി സംഘടനയെ നാം എങ്ങനെ അവതരിപ്പിക്കുന്നു എന്നുള്ളത് പ്രധാനമാണ്. നാം അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ, അഭിപ്രായങ്ങൾ, ചിന്തകൾ, വാർത്തകൾ, ചിത്രങ്ങൾ ഇവയെല്ലാം എത്തപ്പെടുന്നത് വലിയൊരു സമൂഹത്തിലേക്കാണ്. അതുകൊണ്ട് തന്നെ നമ്മുടെ ഇടപെടലുകൾ, വാക്കുകൾ, ഭാഷാ പ്രയോഗങ്ങൾ, വിമർശനങ്ങളെ നേരിടുന്ന രീതി, അതിന് നൽകുന്ന മറുപടി, സഹിഷ്ണുത ഇവയെല്ലാം പ്രാധാന്യം അർഹിക്കുന്നു. നമ്മുടെ ഇടപെടലിലുണ്ടാകുന്ന വൈകല്യം സംഘടനയെ പൊതു സമൂഹത്തിൽ ക്ഷീണിപ്പിക്കും. സംഘടനയുടെ പ്രഖ്യാപിത നിലപാടുകൾക്ക് ഭിന്നമായ അഭിപ്രായ പ്രകടനങ്ങളോ പെരുമാറ്റമോ ചിലപ്പോഴെങ്കിലും ഉണ്ടാകാറുണ്ട്. അതുകൊണ്ട് തന്നെ സൈബർ ഇടങ്ങളിലെ പെരുമാറ്റം കരുതലോടെ വേണം.

ഫേസ് ബുക്കിൽ കണ്ടു വരുന്ന മറ്റൊരു പ്രവണതയാണ് ടാഗിംങ്ങ്. ടാഗ് ചെയ്യപ്പെടുന്ന പോസ്റ്റുകൾ നമ്മുടെ സുഹൃത് വലയങ്ങൾക്കപ്പുറമുള്ള ആളുകളിലേക്ക് എത്തുന്നു എന്നുള്ളതാണ് പ്രത്യേകത. എല്ലാ പോസ്റ്റുകളും ടാഗ് ചെയ്യപ്പെടുന്ന പ്രവണത ഒഴിവാക്കണം. അത്തരം ടാഗിംങ്ങ് ടാഗ് ചെയ്യപ്പെടുന്നവർക്ക് അലോസ

രമുണ്ടാക്കിയേക്കാം. അതുകൊണ്ട് തന്നെ ഏതൊക്കെ പോസ്റ്റുകൾ ടാഗ് ചെയ്യപ്പെടണം എന്ന സ്വയം തിരിച്ചറിവ് സംഘടനാ സഖാക്കൾക്കുണ്ടാകണം. സാമൂഹിക പ്രാധാന്യത്തോടെ സംഘടന നടത്തുന്ന ഇടപെടലുകൾ, ക്യാംമ്പയിനുകൾ ഇവയോക്കെ ടാഗ് ചെയ്യുന്നതിൽ തെറ്റില്ല. എന്നാൽ പ്രാദേശികമായി സംഭവിക്കുന്ന എന്തിനേയും ടാഗ് ചെയ്ത് പോസ്റ്റ് ചെയ്യുന്ന രീതി ഒഴിവാക്കണം. അത് ഒരുതരം കയ്യേറ്റമായി ടാഗ് ചെയ്യപ്പെടുന്നവർക്ക് അനുഭവപ്പെടും.

സംഘടനാ എതിരാളികൾ സംഘടനയെ അവമതിച്ചു കൊണ്ട് ഇറക്കുന്ന പോസ്റ്റുകൾ നമുക്ക് മേൽ 'ടാഗ്' ചെയ്ത് അവതരിപ്പിക്കപ്പെടാം. അത്തരം പോസ്റ്റുകളോട് സൈബർ ഇടത്തിൽ തല്ലുകൂടുന്നതിന് പകരം അത്തരം പോസ്റ്റുകൾ നമ്മുടെ ശ്രദ്ധയിൽ പെട്ടാലുടൻ ടാഗ്ഗ്ഡ് പോസ്റ്റുകൾ റിമൂവ് ടാഗ്  ഓപ്ഷനിലൂടെ നമുക്ക് ഒഴിവാക്കാൻ സാധിക്കണം. സൈബർ ഇടത്തിലെ നമ്മുടെ ഇടപെടലുകൾ നമ്മുടെ വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്നതിനാൽ ഈ വിഷയത്തിൽ നാം അതീവ ജാഗ്രത പുലർത്തണം.

'ഫേസ് ബുക്ക് ലൈവ്' മറ്റൊരു ഇടപെടലാണ്. സംഘടനയുടെ ഉദ്ഘാടന സമ്മേളനങ്ങൾ, സുപ്രധാന ക്യാമ്പയിനുകൾ, പത്രസമ്മേളനങ്ങൾ ഇവയൊക്കെ ഫേസ് ബുക്ക് ലൈവിന് പരിഗണിക്കാം. ഫേസ് ബുക്ക് ലൈവുകൾ സംഘടനാ പേജുകൾ വഴി ചെയ്യുന്നതാണ് അഭികാമ്യം. സർക്കാർ ജീവനക്കാർ ഇത്തരം പരിപാടികൾ ലൈവ് സ്ട്രീം ചെയ്യുമ്പോൾ അവർ തത്സമയം അവധിയിലാണെന്ന് പ്രത്യേകം ഉറപ്പ് വരുത്തേണ്ടതുണ്ട്.

വാട്ട്സ് ആപ്പ് സംഘടനാ പ്രവർത്തനത്തിൽ ഗുണപരമായി ഉപയോഗപ്പെടുത്താവുന്ന ഒരു ആപ്ലിക്കേഷനാണ്. സിവിൽ സർവ്വീസിലെ ബഹു ഭൂരിപക്ഷവും സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവരും ഈ ആപ്ലിക്കേഷൻ കൈകാര്യം ചെയ്യുന്നവരുമാണ്. സംഘടനയ്ക്ക് മേഖലാ ജില്ലാ- സംസ്ഥാന തലങ്ങളിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ഇന്ന് സംഘടനാ ക്യാംമ്പയിനുകൾ ആഹ്വാനം ചെയ്ത് മണിക്കൂറുകൾക്കുള്ളിൽ അത് താഴെ തട്ടിൽ എത്തിച്ച് വിജയിപ്പിക്കാൻ ഇത് സഹായിക്കുന്നുണ്ട്. ഇതിന്റെ ഉപയോഗത്തിലും അതീവ ജാഗ്രത വച്ച് പുലർത്തേണ്ടതുണ്ട്. സംഘടനാ ഗ്രൂപ്പുകളിൽ ഷെയർ ചെയ്യപ്പെടുന്ന പോസ്റ്റുകൾ, വീഡിയോ, വാർത്തകൾ, പങ്ക് വയ്ക്കപ്പെടുന്ന അഭിപ്രായങ്ങൾ ഇതിലൊക്കെ വിവേചന ബുദ്ധി ഉപയോഗിക്കണം. എന്തൊക്കെ എവിടൊക്കെ പങ്ക് വയ്ക്കപ്പെടണം, അഭിപ്രായ പ്രകടനങ്ങൾ ഏത് തലം വരെ ആകാം

അതുപോലെ തന്നെ പ്രധാനമാണ് സംഘടനയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ആളെ ഉൾപ്പെടുത്തുന്നത്. സംഘടനയുടെ പേരിൽ ആളെ ഉൾപ്പെടുത്തിയാൽ അവരുടെ പെരുമാറ്റം സംഘടനാ താൽപ്പര്യങ്ങൾക്ക് വിരുദ്ധമെന്ന് കണ്ടാൽ അവരെ മുഖം നോക്കാതെ ഒഴിവാക്കാൻ സാധിക്കണം. സംഘടനാ ഗ്രൂപ്പുകളിൽ ആഭ്യന്തര സംഘടനാ പ്രശ്നങ്ങൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്ന പ്രവണത കൂടി വരുന്നുണ്ട്. വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ സംഘടനാ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി ഉപയോഗിക്കരുത്. സംഘടനാ ഘടകങ്ങൾ തന്നെയാണ് അതിനുള്ള വേദിയെന്ന് മനസ്സിലാക്കണം. സർക്കാർ വിരുദ്ധ പോസ്റ്റുകളോ അഭിപ്രായ പ്രകടനങ്ങ




എന്നുള്ള തിരിച്ചറിവ് ഓരോരുത്തർക്കും ഉണ്ടാകേണ്ടതുണ്ട്. വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വ്യക്തിഹത്യയും വ്യക്തിവിരോധവും വ്യക്തിതാൽപ്പര്യങ്ങളും പ്രകടിപ്പിക്കുവാനുള്ള വേദിയാക്കി മാറ്റുകയും തുടർന്നുള്ള തർക്കങ്ങൾ സംഘടനാ താൽപ്പര്യങ്ങൾക്ക് വിരുദ്ധവും വ്യക്തി ബന്ധങ്ങളുടെ തകർച്ചയ്ക്കിടയാക്കുകയും ചെയ്യുന്നു.ഇത് തുടക്കത്തിലേ തന്നെ നിയന്ത്രിക്കാൻ ഗ്രൂപ്പ് അഡ്മിൻ തയ്യാറാകേണ്ടതും അത്തരം ആളുകളെ  ഒഴിവാക്കേണ്ടതുമാണ്.

ളോ ഇത്തരം ഗ്രൂപ്പുകളിൽ ഉണ്ടാകുന്നില്ലന്ന് ഉറപ്പു വരുത്തണം. സംഘടനാപരമായി കൂറും വിശ്വാസ്യതയും ഉള്ള സഖാക്കളേ മാത്രമേ ഇത്തരം ഗ്രൂപ്പുകളിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. സമൂഹ മാധ്യമങ്ങൾ വളരെ വലിയ അവസരങ്ങളാണ് നമുക്ക് തുറന്ന് തരുന്നതെങ്കിലും അതിന്റെ ഉപയോഗത്തിലെ ജാഗ്രതയില്ലായ്മയും വിവേകരാഹിത്യവും പരിചയക്കുറവും വലിയ അപകടങ്ങളെ ക്ഷണിച്ചു വരുത്തുന്നു.

■



കെ.എ.ശിവൻ

# സഖാവ് സി.റ്റി.ശാന്തയെ സ്മരിക്കുമ്പോൾ

തൃശ്ശൂരിലെ ഞാനുൾപ്പെടുന്ന തലമുറയിലെ ജോയിന്റ് കൗൺസിലുകാരുടെ ശാന്തേച്ചിയെന്ന സഖാവ് സി.റ്റി.ശാന്ത ഓർമ്മയായി. തലച്ചോറിനെ ബാധിച്ച കാൻസർ വളരെ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ സഖാവിന്റെ ജീവിതത്തിന് വിരാമമിട്ടു. ഇക്കഴിഞ്ഞ ആഗസ്റ്റ് 29ന്, മെഡിക്കൽ കോളേജിൽ നിന്നും വിരമിച്ച സഖാവ് സാബുലാൽ വിളിച്ചു പറയുമ്പോൾ, പ്രതീക്ഷിച്ചിരുന്നതാണെങ്കിലും ശാന്തേച്ചിയുടെ മരണം പൊടുന്നനെയായി എന്ന ചിന്തയോടെയാണ് ഞാനും ജില്ലാ സെക്രട്ടറി സഖാവ് എം.യു.കബീറും ജില്ലാ ആശുപത്രിയോട് ചേർന്നുള്ള പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററിൽ ഓടിയെത്തിയത്. സഖാവിന്റെ ശരീരത്തിൽ മൂടിയിരുന്ന ബെഡ്ഷീറ്റ് മുഖത്തു നിന്നും കബീർ മാറ്റി നോക്കിയപ്പോൾ, തൃശ്ശൂരിലേ സർക്കാർ ആഫീസുകളിലും തെരുവോരങ്ങളിലും മുഴങ്ങിക്കേട്ടിരുന്ന ശബ്ദഗാംഭീരമാണെന്റെ ഓർമ്മകളിലേക്ക് ഓടിയെത്തിയത്. മൈക്രോഫോണിന്റെ സഹായമില്ലെങ്കിൽപോലും ആഫീസു കാമ്പൗണ്ടുകളിൽ 1990 കളിലും 2000 ന്റെ ആദ്യ ദശകങ്ങളിലും ജോയിന്റ് കൗൺസിലിന്റെ ഘനഗാംഭീര ശബ്ദമായിരുന്നു ശാന്തേച്ചിയുടേത്. സഖാവിനെ 1997ൽ കൊല്ലത്തു വച്ചു നടന്ന സംസ്ഥാന സമ്മേളനത്തിന്റെ പ്രകടനത്തിന്റെ മുൻനിരയിലാണ് ഞാനാദ്യമായി കാണുന്നത്. പ്രകടനം തുടങ്ങിയതിനു ശേഷം കോരിച്ചൊരിഞ്ഞ പെരുമഴയെ തരിമ്പും കൂസാതെ, മഴ നനഞ്ഞുകൊണ്ട് മുന്നേറിയ പ്രകടനത്തിന്റെ മുൻനിരയിൽ തന്നെ തൃശ്ശൂരിൽ നിന്നും വന്ന കെ.ജി.എച്ച്.ഇ.എ സഖാക്കൾക്ക് മാർഗ്ഗ നിർദ്ദേശം നല്കികൊണ്ട് പ്രകമ്പനം കൊള്ളിക്കുന്ന മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടുള്ള സഖാവിന്റെ നടത്തമാണെന്റെ ഓർമ്മയിൽ തെളിഞ്ഞു വരുന്നത്. ജോയിന്റ് കൗൺസിലിൽ ഇന്നു കാണുന്ന വിധം വനിതകളുടെ സാന്നിധ്യം കുറവായിരുന്ന 1990 കളിൽ വനിതകളുടെ, പ്രത്യേകിച്ച് ആശുപത്രി ജീവനക്കാരുടെ അവകാശ



ങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് സംഘടനയിൽ സജീവമായ സഖാവ്, ജീവനക്കാർക്കിടയിൽ വളരെ പൊടുന്നനെ ശ്രദ്ധേയമായി. അതുകൊണ്ടുതന്നെ ജോയിന്റ് കൗൺസിലിന്റെ സംസ്ഥാന നേതൃത്വത്തിൽ വിരലിലെണ്ണാവുന്ന വനിതാ നേതാക്കളിൽ ഒരാളായി മാറാൻ സഖാവിന് കഴിഞ്ഞു. ജില്ലയിൽ സംഘടനയുടെ എന്ത് കാമ്പയിൻ ഉണ്ടായാലും മൈക്ക് അനൗൺസ്മെന്റ്, തൃശൂരിന്റെ നഗര വീഥികളിൽ സഖാവ് ശാന്തയുടേതായിരിക്കും.

എൽ.ഡി.എഫ്. ഭരണകാലത്ത് കേന്ദ്ര ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമരസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രചരണ ജാഥ ചാലക്കുടിയിൽ എത്തിയപ്പോൾ, പ്രചരണ മുദ്രാവാക്യങ്ങളിൽ അസഹിഷ്ണുത പൂണ്ടവർ പ്രസംഗ വേദിയിൽ നിന്നും മൈക്ക് പിടിച്ചു വാങ്ങി. അപ്പോൾ, സ്ത്രീയെന്ന പരിമിതിക്കപ്പുറമുള്ള സഖാവിന്റെ പ്രതിരോധം ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

തൃശ്ശൂർ സർക്കാരുദ്യോഗസ്ഥ സഹകരണ സംഘത്തിന്റെ ഡയറക്ടർ ബോർഡ് അംഗമായി ദീർഘകാലം സേവനമനുഷ്ടിച്ചിട്ടുള്ള സഖാവിന്റെ ഇടപെടലുകൾ ഏറെ ശ്രദ്ധേയമായിരുന്നു. അംഗങ്ങളെ ചേർക്കുന്നതിലും സംഘവുമായി ബന്ധപ്പെട്ടുവരുന്ന അംഗങ്ങളുടെ സംശയങ്ങൾ ദുരീകരിക്കുന്നതിലും മാതൃകാപരമായ ഇടപെടലുകളായിരുന്നു സഖാവ് സി.റ്റി.ശാന്തയുടേത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സ്വീപ്പറായി, തൃശ്ശൂർ കടപ്പുറം അഞ്ചങ്ങാടി ഹെൽത്ത് സെന്ററിൽ 19-ാമത്തെ വയസ്സിൽ സേവനമാരംഭിച്ച സഖാവ് നീണ്ട വർഷങ്ങളിലെ സേവനത്തിനു ശേഷം 2008 ലാണ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും റിട്ടയർ ചെയ്തത്. മെഡിക്കൽ കോളേജിൽ നിന്നു തന്നെ റിട്ടയർ ചെയ്ത മുണ്ടത്തിക്കോട് അതിയുത്തൻ വീട്ടീൽ ആന്റണിയാണ് സഖാവിന്റെ ജീവിതപങ്കാളി മക്കൾ നിശാന്ത്, പ്രശാന്ത്.

ജോയിന്റ് കൗൺസിലിന്റെ ജില്ലയിലെ വളർച്ചയിൽ നിർണ്ണായക പങ്ക്, നേതൃത്വപരമായി വഹിച്ച സഖാവ് റിട്ടയർമെന്റിനു ശേഷവും താൻ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പ്രാദേശികമായി നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു. ശാരിരികാവശതകൾക്കിടയിലും സംഘടനയുടെ 39-ാം സംസ്ഥാന സമ്മേളനം സി.റ്റി.ശാന്തയെ സെക്രട്ടേറിയറ്റിൽ ഉൾപ്പെടുത്തി. അതിനു മുൻപ് തന്നെ ആശുപത്രി ജീവനക്കാരുടെ, പ്രത്യേകിച്ച് താഴെക്കിടയിലുള്ള ജീവനക്കാരുടെ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തിയിരുന്ന സഖാവ് കെ.ജി.എച്ച.ഇ.എ. യുടെ സംസ്ഥാന സെക്രട്ടറിയും ജോയിന്റ് കൗൺസിൽ വനിതാക്കമ്മിറ്റി സെക്രട്ടറിയുമായി ഉയർന്നിരുന്നു. 1997 ലെ കൊല്ലം സമ്മേളനത്തിൽ തൃശ്ശൂർ ജില്ലയിൽ നിന്നും പ്രകടനത്തിൽ പങ്കെടുക്കാനായി പുറപ്പെട്ട 10 ബസ്സുകളിൽ, 2 എണ്ണത്തിൽ പൂർണ്ണമായും തൃശ്ശൂരിലെ കെ.ജി.എച്ച്.ഇ.എ അംഗങ്ങളായിരുന്നുവെന്നത് സഖാവിലവർക്കുള്ള വിശ്വാസത്തിന് തെളിവായിരുന്നു. ഇക്കാലയളവിൽ ജോയിന്റ് കൗൺസിലിന്റെ വിവിധ കാമ്പയിനുകളുമായി മെഡിക്കൽ കോളേജിൽ എത്തുമ്പോൾ, താഴെ തട്ടിലുള്ള ജീവനക്കാർക്കിടയിലും ഡോക്ടർമാർ ഉൾപ്പെടയുള്ള ഉയർന്ന വിഭാഗം ജീവനക്കാർക്കിടയിലുള്ള സഖാവിന്റെ ഇടപെടലുകൾ, ഒരു തുടക്കകാരനെന്ന നിലയിൽ എനിക്ക് തൊട്ടറിയാനായിട്ടുണ്ട്. ശാന്തേച്ചി മുന്നിലിറങ്ങിയാൽ മെഡിക്കൽ കോളേജിലെ കാമ്പയിനിൽ വനിതാ സഖാക്കൾ ഉൾപ്പെടെ വലിയൊരു നിരയുണ്ടാവും.

തൃശ്ശൂരിൽ 2014 നവംബർ 13 മുതൽ 16 വരെ സംസ്ഥാന സമ്മേളനം നടക്കുമ്പോൾ സ്വാഗത സംഘത്തിന്റെ റോളിൽ സഖാവ് ശാന്ത സജീവമായി രംഗത്തുണ്ടായിരുന്നു.

2002 ലെ സർക്കാർ ജീവനക്കാരുടെ 32 ദിവസത്തെ അനിശ്ചിത കാല പണിമുടക്കം നടക്കുമ്പോൾ, എല്ലാ ദിവസവും നഗരത്തിൽ നടന്ന പ്രകടനത്തിലും ആഫീസ് കാമ്പയിനുകളിലും മുൻ നിരയിലുണ്ടായിരുന്ന സഖാവിന്റെ നേതൃത്വ ശേഷി എടുത്തു പറയേണ്ടതായിരുന്നു. സമരത്തിന്റെ ആദ്യ ഒന്നു രണ്ടു ദിവസം എൻ.ജി.ഒ. യൂണിയൻ ആഫീസിൽ പ്രകടനത്തിനു ശേഷം കഞ്ഞികുടിച്ച് മടങ്ങിവരുമ്പോൾ സഖാവിന്റെ നിർദ്ദേശമായിരുന്നു എന്തുകൊണ്ട് ജോയിന്റ് കൗൺസിൽ ആഫീസിൽ കഞ്ഞിവച്ചു കൂടാ. പിന്നീടങ്ങോട്ട് എല്ലാ ദിവസവും സമരം തീരുന്നതു വരെ സഖാവിന്റെ നേതൃത്വത്തിലായിരുന്നു ഉച്ചയ്ക്ക് ജോയിന്റ് കൗൺസിൽ ആഫീസിൽ കഞ്ഞി പാചകം ചെയ്തിരുന്നുത്. സഖാവ് തന്നെയാണ് ഞാനുൾപ്പെടെയുള്ള എല്ലാവർക്കും മാതൃ സ്നേഹത്തോടെ വിളമ്പിത്തന്നിരുന്നതും. സമരം കൊടുമ്പിരി കൊണ്ടപ്പോൾ, എക്സ്മ പ്രകാരം പോലീസിന്റെ പിടിയിലകപ്പെടാതെ സഖാവ് ഒളിച്ചു നടന്നതും ഇന്നലെയെന്നപോലെ ഓർമ്മകളിൽ തെളിഞ്ഞുവരുന്നു.

ജില്ലയിൽ സംഘടന ശക്തിപ്പെടുത്തുന്നതിൽ സ്ത്രീയെന്ന പരിമിതിക്കപ്പുറം ശക്തമായ ഇടപെടലുകൾ നടത്തിയ സഖാവ് ശാന്തയുടെ വേർപാട് ജോയിന്റ് കൗൺസിലിനും, സംഘടനാ സുഹൃത്തുക്കൾക്കും കുടുംബത്തിനുമുണ്ടാക്കിയ നഷ്ടത്തിൽ, അവരുടെ ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട്, സഖാവിന്റെ സ്മരണയ്ക്കു മുന്നിൽ ശിരസു നമിക്കുന്നു. ■



# ആത്മവിലാപങ്ങൾ



അശോകൻ അഞ്ചത്ത്

ഒരുപാട് കാലത്തെ സർക്കാർ സേവനത്തിന് ശേഷം അയാൾ ഇന്നലെ പിരിഞ്ഞുപോന്നു. പ്രായത്തിന്റെ അവശതകളോ, രോഗാതുരതകളോ അയാൾക്കുണ്ടായിരുന്നില്ല. എഴുതിവയ്ക്കപ്പെട്ട നാൾ വന്നപ്പോൾ സംഭവിയ്ക്കുന്ന കാര്യം എന്നേ പറയാവൂ.

റിട്ടയർമെന്റ് ചടങ്ങുകളൊന്നും വേണ്ട എന്നയാൾ തറപ്പിച്ചു പറഞ്ഞു. നിങ്ങൾ ചടങ്ങുകൾ സംഘടിപ്പിച്ചാൽ ഞാനന്ന് ലീവ് എഴുതും... സൂപ്രണ്ട് മയത്തോടെ പറഞ്ഞു.

– ഇതെല്ലാ ഓഫീസിലും ഉള്ളതല്ലേ ദിവാകരാ.. അരുതെന്ന് പറയരുത്. യാത്രയയ്പ്പ് നൽകേണ്ടത് ഞങ്ങളുടെ ചുമതലയും, അത് സ്വീകരിക്കേണ്ടത് നിങ്ങളുടെ സന്മനസ്സുമാണ്.

ഇന്നലെ വരെ ജോലിതിരക്കുകളുടെ കാര്യം പറഞ്ഞ് സെക്ഷനുകൾ മാറ്റി വാങ്ങിയവർ. മറ്റുള്ളവർ കൈയ്യൊഴിഞ്ഞ സെക്ഷനുകൾ സൂപ്രണ്ട് അയാൾക്ക് ഓഫീസ് ഓർഡറിൽ എഴുതി ചേർത്തു നൽകി. അയാൾ എതിരു പറഞ്ഞില്ല. വരദാനംപോലെ സ്വീകരിച്ചു. കൃത്യം പത്തുമണിയ്ക്കെത്തി. അഞ്ചര കഴിഞ്ഞിട്ടും സമാധാനമായി സീറ്റിൽ നിന്നും എഴുന്നേൽക്കാൻ കഴിയാതിരുന്ന നാളുകൾ.

അവസാനം അയാൾ തന്നെ വിജയിച്ചു. പതിവുപോലെ ആ നാളും കടന്നുപോയി. ജോയിൻ ചെയ്ത അന്ന് വന്ന പോലെ അവസാന ദിവസും ആയാൾ വീട്ടിലെത്തി. ഭാര്യമാത്രം അൽപം പരിഭവം പറഞ്ഞു.

– നിങ്ങളുടെ ഓഫീസൊക്കെ ഒന്ന് കാണാമായിരുന്നു എന്നു വിചാരിച്ചു. എനിക്ക് അതിനും ഭാഗ്യമുണ്ടായില്ല.

അയാൾ ഭാര്യയോടൊന്നും പറഞ്ഞില്ല. പിറ്റേന്ന് മുതൽ പത്തു മണിയായാൽ കുറേ നേരത്തേക്ക് ഒരു തിക്കുമുട്ടലായിരുന്നു. വിരലുകൾ പേന പിടിക്കാനും ഫയലുകളിൽ സമർപ്പണവും, കത്തുകളും എഴുതിവയ്ക്കുന്നതിനും മനസ്സ് കൊതിച്ചു. കൊതി പിടിച്ച മനസ്സിനെ അയാൾ ശാസിച്ചു. വെളിപറമ്പു പോലെ കിടക്കുന്ന ടെറസ്സിൽ അയാൾ തലങ്ങും വിലങ്ങും നടന്നു. അടുത്ത പരിപാടി എന്താണ്? മനസ്സ് നിരന്തരം ചോദിച്ചു.

ആരും അയാളെ മറ്റൊരു ജോലിക്ക് വിളിച്ചില്ല. വിളിച്ചാൽ പോ

യാൽ കൊള്ളാമെന്നുണ്ട്. അങ്ങനെ പോകുന്നതിലും അയാൾക്കൊരു മനസ്സാക്ഷിക്കുത്തുണ്ട്. എത്രയോ പേർ ഒരവസരം കാത്ത് ടെക്സ്റ്റുകളെഴുതി ധ്യാനനിമഗ്നരും, വേഴാമ്പലുകളെ പോലെയും പുറത്ത് നിൽക്കുന്നു. തന്നെ വിളിക്കപ്പെടാൻ സാധ്യതയുള്ള മേഖലകളിൽ അവരെ വിളിക്കപ്പെടട്ടെ എന്നയാൾ ഉള്ളിൽ പ്രാർത്ഥിച്ചു.

പെൻഷനായപ്പോഴാണ് അയാൾ ജീവിത പ്രാരാബ്ധങ്ങളെകുറിച്ച് ഓർക്കാൻ മിനക്കെട്ടത്. ശമ്പളത്തിന്റെ പകുതിപോലും എത്താത്ത പെൻഷൻ തുക. ഇതെങ്ങിനെ പല കാര്യങ്ങൾക്ക് വിഭജിക്കും എന്നയാൾ ഉള്ളിൽ സങ്കടപ്പെട്ടു. ജോലിയുണ്ടായിരുന്നപ്പോൾ ചോദിക്കുന്നവർക്കൊക്കെ സാധ്യമായപോലെ കൊടുത്തു. ബന്ധുത്വവും സ്നേഹബന്ധവും പറഞ്ഞുവന്നവർക്ക് ജാമ്യം നിന്നു. കുറിതവണ സംഖ്യ മുടങ്ങിയപ്പോൾ ആ വകയിലും അയാൾക്ക് നഷ്ടങ്ങൾ സഹിക്കേണ്ടി വന്നു.

കല്യാണം കഴിഞ്ഞ മകൾ രമയുടെ കാര്യങ്ങൾക്കും അയാളുടെ സഹായം വേണമായിരുന്നു. ഭർത്താവിന്റെ മരണശേഷം രണ്ട് മക്കളെയും കൊണ്ട് ബുദ്ധിമുട്ടുന്ന അവൾ വരുമ്പോൾ അയാൾ കയ്യയച്ച് സഹായിക്കുമായിരുന്നു. പക്ഷെ, ഇനി മുതൽ മകളോടെന്ത് പറയും എന്നയാൾക്കാധിയുണ്ട്. പിന്നെ രവിയുടെ വയ്യായ്ക. കിടക്കയിൽ തന്നെയാണവൻ. കൂട്ടുകാരന്റെ ബൈക്കിൽ പിന്നിലിരുന്ന് യാത്ര പോയതാണ്. ലോറി വന്നിടിച്ചിട്ടു. കൂട്ടുകാരൻ രക്ഷപ്പെട്ടു. രവിക്ക് ബോധം നഷ്ടപ്പെട്ടു. എത്ര നാളത്തെ ചികിത്സകൾ... ഇപ്പോൾ എഴുന്നേറ്റിരിക്കാമെന്നായി.

അയാൾക്ക് കണക്കുകൾ പറഞ്ഞു പരിചയമില്ല. അയാളുടെ തറവാട് ഭാഗംവയ്പ്പിലെ കാര്യം തന്നെയെടുക്കൂ. അച്ഛന് നാല് മക്കൾ. സുധയും സാവിത്രിയും ചേച്ചിമാർ. ചേട്ടൻ പ്രഭാകരൻ. അയാൾ എല്ലാവർക്കും താഴെ...

ചേട്ടനാണ് ഏറ്റവും കൂടുതൽ സ്വത്തു വേണമെന്നാവശ്യപ്പെട്ടത്. അച്ഛൻ ഇടക്കാലത്തുവച്ച് കിടപ്പിലായപ്പോൾ ചേട്ടൻ കുടുംബത്തിന്റെ ഭാരം ചുമന്നു. റെയിൽവെ ക്യാന്റീനിലെ നിസ്സാര ജോലിയും വച്ച്. സാവിത്രിയേട്ടത്തിയും പറഞ്ഞു.

– 'അച്ഛനെ നടക്കാറാക്കിയത് എന്റെ ഭർത്താവന്റെ കാശുകൊണ്ടാണ്.'

സുധ വലിയ കണക്കുകളൊന്നും പറഞ്ഞില്ല. അയാൾ തർക്കങ്ങൾക്ക് നിന്നില്ല. കാരണവരോട് പറഞ്ഞു.

ചേട്ടനും, സാവിത്രിയേട്ടത്തിക്കും വേണ്ടതു കൊടുക്കൂ. സുധയുടെ തൃപ്തിയും കഴിഞ്ഞ് ബാക്കിയുണ്ടെങ്കിൽ മാത്രം എനിക്കു തന്നേക്കൂ... ജീവിതത്തിലുടനീളം ഇതേ നിലപാടാണ് അയാൾ സ്വീകരിച്ചത്.

അയാളുടെ വ്യാകുലതകൾ കണ്ട് ഭാര്യ പറഞ്ഞു.

– "അടുക്കളയിലെ ചിലവ് ഞാൻ ചുരുക്കിപിടിച്ചോളാം."

– "എങ്ങിനെ ചുരുക്കും? വിശക്കുന്ന വയറിനോടും രുചികൾ തേടുന്ന നാക്കിനോടും അടങ്ങിക്കിടക്കാൻ പറയണോ?"

– "പാരപ്പെറ്റിൽ കൃഷി ചെയ്യാം. അടുക്കളയിലേക്ക് ആവശ്യമുള്ളത് കിട്ടുമല്ലോ."

ഭാര്യ സ്വയം സമാധാനിക്കുകയാണ്.

ആരെങ്കിലും എന്തെങ്കിലും കണക്കെഴുതാനെങ്കിലും വിളിക്കുമെന്ന് കരുതി. ആരും വിളിച്ചില്ല.

മൂന്നാലു മാസങ്ങൾ ഓടിപ്പോയി. പെൻഷൻ കിട്ടിയത് ചൂടപ്പം പോലെ തീർന്നുപോയി. ഗ്രാറ്റുവിറ്റിയും സറണ്ടർ തുകയും കമ്മ്യൂട്ടേഷനും ഓരോ കാര്യങ്ങൾക്കായി വകയിരുത്തി. രമയെയും വിളിച്ചു പറഞ്ഞു. "കുറച്ചുരൂപ മക്കളുടെ പേരിൽ ബാങ്കിലിട്ടു തരാം അച്ഛൻ... പഠിപ്പിന് ബുദ്ധിമുട്ടുണ്ടാകരുത്. അവരെ ഇനി നിനക്ക് പ്രതീക്ഷിക്കാനുള്ളു."

അയാളുടെ വാക്കുകൾ ഇടറി. മകളുടെ കണ്ണും നനഞ്ഞു. വീടിന്റെ ലോണിലേക്ക് നല്ലൊരു തുകയും അടച്ചു. ഹൗസിംഗ് ലോൺ ഒരു കടക്കെണിയാണ് അടച്ചാലും തീരുന്നില്ല. പിരിവിനു വന്ന സന്നദ്ധ സംഘടനയിലെ പരിചയക്കാരൻ പറഞ്ഞു.

''ദിവാകരേട്ടൻ ഇത്രയും തന്നാൽ പോരാ.... ആനുകൂല്യങ്ങളൊക്കെ കിട്ടിയതല്ലേ."

അയാൾ മൂളുക മാത്രം ചെയ്തു. ബോറടിക്കുന്നു എന്നു തോന്നിയ ഒരു പകൽ നേരത്ത് അയാൾ ഭാര്യയോട് പറഞ്ഞു.

– "നീ ആ കുടയിങ്ങെടുക്ക്.. ഞാനിപ്പോ വരാം."

– "എങ്ങോട്ടാ പോവണതെന്ന് പറഞ്ഞിട്ട് പോവൂ... ബാക്കിയുള്ളോർക്ക് സമാധാനപ്പെട്ടിരിക്കാമല്ലോ."

അയാൾക്കപ്പോൾ ഭാര്യയോട് കുറച്ച് ദേഷ്യം തോന്നി. അസത്ത്. ചിലപ്പോൾ വെറുതെ ഓരോന്ന് ചോദിച്ചുകൊണ്ടിരിക്കും.

കവലയിൽ ചെന്ന് നിന്നു. കവല മെച്ചപ്പെട്ടിട്ടുണ്ട്. ഫാസ്റ്റ് ഫുഡും, ബേക്കറിയും. ഹെയർ കട്ടിംഗ് സലൂൺ. നെറ്റ് കഫേ. സൂപ്പർ മാർക്കറ്റ്. ഫർണ്ണീച്ചർ മാർട്ട്... ഹൈമാസ്റ്റ് വിളക്കുകാലിന്റെ പണി നടക്കുന്നു.

പണ്ട് ഇത്രയ്ക്കൊന്നും ഉണ്ടായിരുന്നില്ല. നിരപ്പലകയിട്ട പീടികകൾ. കുട്ടൻനായരുടെ ചായക്കട. വൈദ്യരുടെ പച്ചമരുന്ന് കട... റേഷൻ ഷോപ്പ്... ഔസേപ്പിന്റെ ഉണക്കമീനും, കപ്പയും, ലൊട്ടുലൊടുക്കു സാധനങ്ങളും വിൽക്കുന്ന ഒറ്റമുറിക്കട. കിഴക്കോട്ടും പടിഞ്ഞാറോട്ടും പോകുന്ന ചെമ്മണ്ണ് നിരത്തുകൾ.

മാറ്റങ്ങൾ അയാൾ ശ്രദ്ധിച്ചിരുന്നില്ല എന്നതാണ് ശരി. ഇടയ്ക്ക് മാറ്റിക്കളഞ്ഞിരുന്നല്ലോ.

ജോലിക്കിറങ്ങുമ്പോൾ അനന്തുവിന്റെ പലചരക്കുകടയിൽ ലിസ്റ്റും സഞ്ചിയും കൊടുക്കും. വൈകിട്ട് വരുമ്പോഴേയ്ക്കും അനന്തു എല്ലാം എടുത്തുവച്ചിട്ടുണ്ടാകും. അതും വാങ്ങി പോകും. അനന്തുവിന്റെ കട

യിൽ മാസപ്പറ്റാണ്. സ്നേഹം കുശലാന്വേഷണങ്ങളിൽ ഒതുക്കും. അന്നത്തെ അനന്തുവിന്റെ കടയല്ല ഇന്ന്. അവൻ തമിഴ്നാട്ടിൽ നിന്നും വന്നവനാണ്. വളരെ ചെറുപ്പത്തിൽ. അദ്ധ്വാനിച്ച് ഇത്ര വരെയായി. എല്ലാം കിട്ടുന്ന വലിയ കടയായി. ഇപ്പോൾ അനന്തുവിന്റെ കടയിൽ കച്ചവടം പൊടിപൊടിക്കുകയാണ്. കാറിൽ വന്നിറങ്ങുന്ന പണക്കാർ. എടുത്തു കൊടുപ്പുകാർ തന്നെ നാലു പേരുണ്ട്. പുറകിലെ പാക്കിംഗ് വിഭാഗത്തിൽ പെണ്ണുങ്ങൾ ജോലി ചെയ്യുന്നുണ്ട്.

കലുങ്കിലിരുന്ന് അനന്തുവിന്റെ കടയിലെ കാര്യങ്ങൾ അയാൾ കണ്ടു. പരിചയക്കാർ വഴിയേ പോയി ഒന്നുരണ്ടുപേർ അയാൾക്ക് അടുത്തുവന്നിരുന്നു.

"ദിവാകരേട്ടൻ റിട്ടയറായീന്ന് പറയാൻ പറ്റീല്ലാട്ടോ. ഞാൻ അത്ഭുതപ്പെട്ടു. കാലം എത്ര വേഗാ ഓടി പോണെ..."

ജയചന്ദ്രൻ എന്ന പഴയ സതീർത്ഥ്യൻ പരിഭവിച്ചു.

– "വയസ്സൻമാരുടെ ക്ലബ്ബൊക്കെ ഉണ്ട് ഇപ്പോ. വാര്യാട്ടമ്പലത്തിന്റെ പുറകിലാ ഓഫീസ്. അവിടെ വരാവന്നാ അംഗത്വം എടുക്കാം. നല്ല രസാ. നേരം പോണതറിയില്ല." ജയചന്ദ്രൻ അറിയിച്ചു.

– "എനിക്ക് വയസ്സായിട്ടില്ല." അയാൾ ഉള്ളിൽ പറഞ്ഞു.

രാത്രി വാതിലടച്ചു വന്നു കിടക്കുമ്പോൾ ഭാര്യ ശബ്ദം താഴ്ത്തി പറഞ്ഞു.

– "രമ ഫോൺ ചെയ്തിരുന്നു."

മകളുടോ വിശേഷമറിയാൻ അയാൾ ചെവി കൂർപ്പിച്ചു.

– "മോളെന്ത് പറഞ്ഞു."

– "അത്..."

ഭാര്യ മറുപടി പറയാൻ വിമ്മിഷ്ടപ്പെടുന്നതറിഞ്ഞ് അയാൾ ശബ്ദമുയർത്തി.

– "അച്ഛന് പെൻഷൻ കിട്ടിയോ എന്ന് ചോദിച്ചു. പെട്ടെന്ന് അവൾക്കെന്തോ കാശിന്റെ ആവശ്യം വന്നൂത്രെ..."

– "നീയെന്ത് പറഞ്ഞു."

– "അച്ഛൻ വരുമ്പോ പറയാംന്ന്..."

പെൻഷൻ തിയതി അടുത്തുവരുന്നുണ്ട്. രമയുടെ ആവശ്യം എത്ര രൂപയുടേതാണ് എന്നറിയില്ല.

പിറ്റേന്ന് അയാൾ മകന്റെ കിടക്കയിൽ കുറേ നേരം ചെന്നിരുന്നു. ഫിസിയോ തെറാപ്പിക്ക് കൊണ്ടുപോകാൻ സമയമായിരിക്കുന്നു. മകനെ അയാൾ ആശ്വസിപ്പിച്ചു.

– "നിനക്ക് സുഖമാവും... മോനെ..." മകൻ മുഖത്ത് പ്രകാശമില്ലാതെ ചിരിച്ചു. അച്ഛന്റെ തോളിൽ കുറച്ചുനേരം ചാരിയിരുന്നു.

ക്ഷേത്രകമ്മിറ്റിക്കാർ അമ്പലത്തിലെ ലക്ഷാർച്ചനയുടെ നോട്ടീസ് കൊണ്ടുവന്നപ്പോൾ ലോഹ്യം പറഞ്ഞു.

– "കമ്മിറ്റീല് കൂടണ്ണ്ടോ... മീറ്റിംഗില് പറയാം. വയസ്സായിവരുമ്പോ ഈശ്വരാധീനം കൂടുതലുണ്ടാവുന്നത് നല്ലതാ... മനസ്സിന് സമാധാനം കിട്ടും...."

– "എനിക്ക് വയസ്സായിട്ടില്ല." അയാൾ ഉള്ളിൽ മുറുമുറുത്തു.

വൈകുന്നേരത്തെ കാപ്പികുടി കഴിഞ്ഞ് അയാൾ കവലയിലെ ബസ് സ്റ്റോപ്പിൽ പോയിരുന്നു. കൺമുന്നിലൂടെ പാഞ്ഞുപോകുന്ന വാഹനങ്ങളുടെ കണക്കെടുത്തു. ബസ് ഇത്ര, ലോറി ഇത്ര, കാറുകൾ ബൈക്കുകൾ... സൈക്കിളുകളുടെ എണ്ണംവളരെ കുറവാണ്. മണിക്കൂറിൽ ഒന്നോ രണ്ടോ...

ബസ് സ്റ്റോപ്പിൽ അയ്യപ്പക്കുട്ടീണ്ടായിരുന്നു. നാളീകേരം വീഴ്ത്താൻ വിളിക്കുന്ന ആൾ....

– "പെൻഷനായി അല്ലേ." അയ്യപ്പക്കുട്ടി ലോഹ്യം പറഞ്ഞു.

– "ഉം." അയാൾ മൂളി.

– "വേറെന്താ പ്ലാൻ."

– "ആലോചിച്ചിട്ടില്ല." അയാൾ ഒഴുക്കൻ മട്ടിൽ പറഞ്ഞു.

സന്ധ്യകുറഞ്ഞപ്പോൾ അയാൾ വീട്ടിലേക്ക് തിരിച്ചുനടന്നു.

ഊണു കഴിക്കാനിരുന്നപ്പോൾ ഭാര്യ ഓർമ്മിപ്പിച്ചു.

– "മേച്ചേരിലെ ശങ്കരന്റെ മോൾടെ കല്യാണാ.. പത്താം തീയതി. ക്ഷണിച്ചിട്ടുണ്ട്. എന്തെങ്കിലും കൊടുക്കണ്ടേ..."

അയാൾ മൂളി.

പിന്നെയും ഭാര്യയുടെ ഓരോ ആവശ്യങ്ങൾ. ഒരു കുടുംബമായി ജീവിക്കുമ്പോഴുള്ള ആവശ്യങ്ങൾ...

അയാൾ അവധാനതയോടെ എല്ലം കേട്ടു.

പിറ്റേന്ന് കടപ്പുറത്തേക്കാണ് വെയിലാറിയപ്പോൾ അയാൾ പോയത്.

ഭാര്യ അന്നും ചോദിച്ചിരുന്നു.

– "എവിട്യേക്കാ വൈന്നേരാവുമ്പോ ഇറങ്ങുന്നത്."

അയാൾ മറുപടി പറഞ്ഞില്ല.

വരുന്നതും പോകുന്നതുമായ തിരകൾ അയാൾ എണ്ണി. കണക്കുതെറ്റാതിരിക്കാൻ ശ്രദ്ധിച്ചു. സന്ധ്യാവെളിച്ചം വറ്റിതീരുമ്പോൾ തിരിച്ചുപോന്നു.

രാത്രി കിടക്കുമ്പോൾ അയാൾ തീരുമാനിച്ചു. നാളെ പെൻഷൻ കിട്ടുന്ന ദിവസമാണ്. ട്രഷറിയിൽ ചെന്ന് പെൻഷൻ വാങ്ങിക്കണം. എന്നിട്ട് പങ്കുവയ്ക്കേണ്ട വിധം ആലോചിച്ചു.

രമയെ സഹായിക്കണം... കുറച്ചെ ആവുള്ളു... എന്നാലും അവൾ വിഷമിക്കാൻ പാടില്ല. രവിക്ക് മരുന്ന് വാങ്ങണം... വീട്ടുചെലവുകൾ. മേച്ചേരിലെ ശങ്കരന്റെ മകളുടെ കല്യാണത്തിന് ഭാര്യയെ പറഞ്ഞയയ്ക്കണം.

ഇപ്പോൾ അയാൾക്ക് പല കാര്യങ്ങൾക്കും കണക്കുണ്ട്. കാലം കുറെ കഴിയുമ്പോൾ അയാൾക്ക് ഒരു പക്ഷേ വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ കഴിയാതെ വന്നേക്കാം. കണക്കുകൾ കൂട്ടിമുട്ടിക്കാനാകാതെ വന്നേക്കാം. ഉമ്മറത്ത് ഒരു മുതുക്കൻ നായയെ പോലെ ചങ്ങലയില്ലാതെ കെട്ടിയിട്ട അവസ്ഥയിൽ ഇരുപ്പുണ്ടായെന്നു വരാം... ആവോ അറിഞ്ഞുകൂടാ...



ജയപാലൻ കാര്യാട്ട്

വിധിവിഹിതമലംഘനീയമെ-
ന്നകമേ ഏറെയുറച്ച ചൊല്ലുകൾ
കഥയേ മാറ്റി ചുവരെഴുത്തുകൾ.
വിധിവാക്യങ്ങളുരചെയ്തനുക്ഷണം
കുറിമാനങ്ങൾ കുടഞ്ഞെറിഞ്ഞവർ
കുതുകാൽ വെട്ടിലടർന്നമർന്നിതാ
ചുടുചോരക്കളമേറെ ഭീദിതം.
അതിരൊന്നായിടിഞ്ഞു ചിന്തികൾ
അതിവേഗം പറന്നകന്നുപോയ്.
ഗതിമാറുന്നിന്നുറച്ച സൗഹൃദം
ഗതികേടോർത്തു പിടഞ്ഞു ഹൃത്തടം.
കൊതിതീരാതിണതൻ വിയോഗമായ്
കതിരോൻ കത്തിയമർന്ന സന്ധ്യയിൽ
പതിവായ് പാടിയകം പിടഞ്ഞൊരു
പിണമെൻ പാട്ടിന്നിഴ മുറിഞ്ഞുപോയ്
ചിരകാലത്തതി സങ്കടക്കടൽ
തിരതൻ സ്പർശനക്കുളിർ
തിരയും തീരമുണർത്തി നാൾക്കുനാൾ
വിരിയും ബാഷ്പകണങ്ങളാകുലാൽ.
പടരും നീലനിശീഥിനിക്കകം
നിറയും നീരദമാർത്തു പെയ്യുകിൽ
വരുമോ വീണ്ടുമുയിർപ്പിനായുഷ-
സ്സതിവേഗത്തിലുണർത്തു പാട്ടുമായ്? ■





പ്രിയ കെ. ജെ.

# മഴയെ...

മഴയേ,
നീ എന്നെ വീട്ടുപോകണമേ
നിന്നെ ഞാൻ വെറുത്തുപോകും മുന്നേ,
നീ എന്റെ നെൽപ്പാടങ്ങളേയും
കൃഷിയിടങ്ങളേയും മുക്കിക്കൊല്ലരുതേ,
എന്റെ തോട്ടങ്ങളെ നിർവ്വികാരമാക്കല്ലേ.
മഴയേ,
നീയെന്റെ പണിയാളന്റെ പണിമുടക്കല്ലേ.
എന്റെ അടുപ്പിനകത്തേക്കിറ്റു വീഴല്ലേ
എന്റെ കുഞ്ഞുങ്ങളുടെ ചോറ്റുപാത്രങ്ങളെ,
കിടക്കപ്പായയെ ഒഴുക്കിക്കളയരുതേ
മഴയേ
നീയെന്റെ നാളെയുടെ കതിർസ്വപ്നങ്ങളെ
മോഹത്തിൻ മലരുകളെ കൊന്നൊടുക്കല്ലേ,
മതി നിന്റെ പ്രണയവും പ്രളയവും പരിഭവവും
മഴയേ നീ പോയ് വരൂ മറ്റൊരു നാളിലായ്
വരവേറ്റിടാം ഞാൻ നിന്നെ
ഏറെ സ്നേഹത്തോടെ!

*(പ്രളയം സംഭവിക്കുന്നതിന് ഒരു മാസം മുമ്പ് എഡിറ്റർക്ക് ലഭിച്ചതാണ് ഈ കവിത. പ്രവചനം പോലെയായി കവിത.)*

■



# സർഗ്ഗാത്മകതയുടെ സമുദ്രയാനങ്ങൾ



**ആർ. സിന്ധു**

**മാ**സങ്ങൾക്ക് മുമ്പ് വയനാട് കൽപ്പറ്റയിൽ സംഘടിപ്പിച്ച ഒരു പുസ്തകോത്സവത്തിൽ അവിചാരിതമായി എത്തപ്പെട്ടപ്പോഴാണ് ഒരു പുസ്തക ചർച്ച ശ്രദ്ധിക്കാനിടയായത്. അങ്ങനെയാണ് ബഹ്റൈൻ പത്രപ്രവർത്തകനായ എം. ബിജുശങ്കറിന്റെ 'ചുവപ്പുകടൽ' എന്ന നോവൽ എനിക്ക് പരിചയപ്പെടാൻ ഇടയായത്. അകന്നുപോയ വായനാനുഭവങ്ങളെ തിരികെയെത്തിച്ച് ഈ പുസ്തകം വായിച്ച് തുടങ്ങിയപ്പോൾ തന്നെ ആഖ്യാനത്തിൽ സ്വീകരിച്ച പുതുവഴി കൊണ്ട് ഒരു സവിശേഷത എനിക്കനുഭവപ്പെട്ടു. ചടുലവും വസ്തുനിഷ്ഠവുമായാണ് ഇതിലെ ഓരോ വാചകവും ഉള്ളിലേക്ക് പ്രവഹിക്കുന്നത്. നോവൽ വായനയിൽ ഇത് പുതിയ അനുഭവം തുറന്നുതരികയായിരുന്നു.

വർഗ്ഗബോധത്തിൽ തുന്നിച്ചേർത്ത അനുഭവങ്ങളുടെ അടുക്കുകൾ, സോഷ്യലിസ്റ്റ് ബ്ലോക്കിന്റെ തകർച്ചയ്ക്ക് ശേഷം അശാന്തമായി തീർന്ന കാലത്തിലൂടെയുള്ള സർഗ്ഗാത്മക സഞ്ചാരം, ശീതയുദ്ധാനന്തരം കലുഷിതമായ ജനപഥങ്ങളിൽ സോഷ്യലിസ്റ്റ് പ്രതീക്ഷകൾ നാമ്പെടുക്കുന്ന കാഴ്ചകൾ.. ചുവപ്പുകടലിന്റെ സഞ്ചാരവീഥികൾ ഇങ്ങനെ പുരോഗമിക്കുന്നു.



രണ്ട് വർഷം അടവ് മുടങ്ങിയപ്പോൾ കാർ ഒളിപ്പിച്ചു. പക്ഷേ മൂന്നുമാസം... എല്ലാം മാറിമറിഞ്ഞെന്ന് പാണ്ഡ്യ. പത്രഭാഷയുടെ ചടുലതയും കൃത്യതയും ഒരു കൃതിയിൽ അനുഭവിക്കാൻ കഴിയുന്നു എന്നതാണ് 'ചുവപ്പുകടൽ' എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത്. ഒരു പത്രപ്രവർത്തകന്റെ സൂക്ഷ്മനിരീക്ഷണവും വസ്തുതാന്വേഷണവും സർഗ്ഗാത്മകതയുമായി ചേർത്തുവയ്ക്കുമ്പോൾ അത്യപൂർവ്വമായി ലഭിക്കുന്ന ഒരു ഫിക്ഷനാണ് 'ചുവപ്പുകടൽ'. ഭാഷയുടെ തീക്ഷ്ണസൗന്ദര്യം കൊണ്ടുതന്നെ ഈ നോവൽ വായനക്കാർക്ക് പ്രിയങ്കരമായി തീരുന്നു.

വാർത്തകളായി നമ്മൾ കേട്ട അനേകം വിവരങ്ങളെ സൂക്ഷ്മനിരീക്ഷണത്തിലൂടെ വാങ്മയ അനുഭവങ്ങളുമായി പരിവർത്തിപ്പിക്കുന്നു ഈ നോവലിലൂടെ. എഴുത്തിലെ പുതുവഴിയും രചനയിലെ അസാധാരണത്വവും കൊണ്ടാണ് എഴുത്തുകാരൻ ഇത് സാധ്യമാക്കിയിരിക്കുന്നത്. വൃത്താന്തമായി നാം വായിച്ചുതള്ളിയ സംഭവങ്ങളെ, നോവൽ സഞ്ചാരത്തിൽ കണ്ടുമുട്ടുമ്പോൾ അതോരോന്നും നമ്മെ ആഴത്തിൽ സ്പർശിക്കുന്നത് ഭാഷയുടേയും ഭാവനയുടെയും കരുത്തുകൊണ്ടാണ്. വാർത്തകൾ പറയുന്ന തൊങ്ങലില്ലാത്ത ഭാഷയുടെ പ്രയോഗത്തിനൊപ്പം നാട്ടുഭാഷയുടെ തനിമയെ ചേർക്കുന്നിടത്ത് എഴുത്തുകാരന്റെ കൈയ്യടക്കം അത്ഭുതപ്പെടുത്തും.

ഗ്രീസിൽ നവ ഇടതുപക്ഷം വിജയം വരിച്ച വാർത്തയറിഞ്ഞ് ഒരു തണുത്ത പ്രഭാതത്തിൽ പ്രവാസിയായ തോട്ടംപള്ളി പവിത്രനിലുണ്ടാകുന്ന രാഷ്ട്രീയ ഭാവഭേദങ്ങളുടെ പ്രവാഹമാണ് ഈ നോവലിന്റെ ശീഘ്രത. പ്രവാസഭൂമിയും ഉളിശ്ശേരി എന്ന തനി നാട്ടിൻപുറവും ബേപ്പൂർക്കരയെന്ന ഉരു നിർമ്മാണ കേന്ദ്രവും ചേർന്ന് ത്രികോണത്തിലാണ് നോവൽ സംഭവിക്കുന്നത്. ആവേശഭരിതനായ പവിത്രൻ സോഷ്യലിസ്റ്റ് ചേരി തകരുന്നതിനുമുമ്പ് കുട്ടികളായിരുന്നവരുടെ ഒരു സംഗമം നടത്തുന്നതിനെക്കുറിച്ച് ആഗ്രഹിക്കുന്നു. നാട്ടിലെ പത്രപ്രവർത്തകനായ കളിക്കൂട്ടുകാരൻ രണദിവേയുമായി ഈ ആഗ്രഹം പങ്കുവച്ചാണ് നോവൽ സഞ്ചരിക്കുന്നത്.

ശീതയുദ്ധാനന്തരം കലുഷിതമായ ലോകത്തിലൂടെ തന്റെ അർബാബായായ ജമീൽ ഹംദാന്റെ നിഴലായി പവിത്രൻ സഞ്ചരിക്കുന്നു. പവിത്രൻ ഉണർത്തിവിടുന്ന രാഷ്ട്രീയ ഊർജ്ജത്തിൽ ഉളിശ്ശേരിയുടെ ഓർമ്മകൾ രണദിവെയിൽ ചൂടുപിടിക്കുന്നു. അപ്രതീക്ഷിതമായി ഒരു ഘട്ടത്തിൽ കടലിനക്കരെയും ഇക്കരെയുമുള്ള കരകൾ ഒരുമിച്ചു ചേരുന്നതാണ് നോവൽ തന്ത്രം. അതിനിടെ നോവൽ സഞ്ചരിക്കുന്ന ലോകം, കാലം എല്ലാ അമ്പരപ്പിക്കുന്നത് അതിന്റെ പ്രയോഗ സാധ്യതകൊണ്ടാണ്. മുല്ലപ്പൂ വിപ്ലവം ഉലച്ച പോൾ ചത്വരത്തിൽ നിന്നും ഐ.എസ്. ക്യാമ്പിൽ അകപ്പെട്ട യസീദി പെൺകുട്ടിയിൽ നിന്നും അഭയമറ്റ റോഹിഗ്യേനിൽ നിന്നും മുഹറം പത്തിന് ആത്മീയപീഡിതരാകുന്ന ഷിയാക്കളിൽ നിന്നും മാവോയിസത്തിൽ നിന്നും തമിഴ്പുലിയിൽ നിന്നുമെല്ലാം രക്തം കിനിഞ്ഞ് നോവലിന്റെ കടൽ ചുവക്കുന്നു.

വായനയിലേക്ക് ചരിത്രവും രാഷ്ട്രീയവുമെല്ലാം അത്ഭുതകരമായ വഴക്കത്തോടെ സന്നിവേശിപ്പിക്കാൻ എഴുത്തുകാരന് സാധിക്കുന്നു. ഓരോ അധ്യായവും ഒരു ചെറുകഥ പോലെ പൂർണ്ണമാവുന്നത് നോവൽ വായനയിൽ പുതിയ അനുഭവം തുറക്കുന്നു. വൃത്താന്തത്തിനുപയോഗിക്കുന്ന ഭാഷയ്ക്ക് ഇത്രമേൽ രസം ജനിപ്പിക്കാൻ കഴിയുന്നിടത്താണ് നോവലിന്റെ വിജയം. ഒരു കവിതാശിൽപ്പം ഒരുക്കുന്നതുപോലെ ദുർമേദസ്സുകളില്ലാതെ വാക്കുകൾ കൊത്തിയൊരുക്കുന്ന വിദ്യ പല അദ്ധ്യായങ്ങളിലും കാണാം. പത്രഭാഷയുടെ കരുത്തും എഡിറ്റിംഗിന്റെ സൗന്ദര്യവും ഒത്തുചേരുമ്പോൾ ഈ കൃതി നവ്യമായ വായനാനുഭവം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. കുമാരേട്ടനെപ്പോലെയുള്ള കഥാപാത്രങ്ങൾ കൊണ്ടുവരുന്ന നവ്യമായ സൗകുമാര്യവും എല്ലുറപ്പുള്ള ആഖ്യാനശൈലിയും പത്രഭാഷയുടെ ഗംഭീരതയും ചേരുമ്പോൾ ഒരു നവാഗത എഴുത്തുകാരന്റേതാണോ ഈ കൃതിയെന്ന് വായനക്കാർ ശങ്കിക്കും. നോവൽ വൃക്ഷത്തിന് നിൽക്കാൻ പൊരുത്തമുള്ള ഒരു കഥ അനിവാര്യമാണെങ്കിൽ ജമീൽ ബിൻ മുഹമ്മദ് ഹംദാൻ എന്ന അറബിയുടെ ജീവിതം നോവലിൽ ആ വിധം പരന്നുകിടക്കുന്നുണ്ട്. ബേപ്പൂർ കരയുടെ ഉരു നിർമ്മാണ പാരമ്പര്യവും അവിടുത്തെ മാപ്പിള ഖലാസിമാരുടെ ജീവിതവും നോവലിനെ സമൃദ്ധമായി ബന്ധിച്ച് നിർത്തിയിരിക്കുന്നു. ശാഖോപശാഖകളായി മറ്റ് ജീവിതങ്ങൾ വന്നു ചേരുമ്പോൾ കേരളത്തിലെ ദൈനംദിന രാഷ്ട്രീയത്തിലും നോവൽ പങ്കാളിയാകുന്നു. അലിക്കുട്ടിയെന്ന ഖലാസി മൂപ്പന്റെ ജീവിതവും കടലോരത്ത് ചന്ദ്രന്റെ രക്തസാക്ഷിത്വവും നോവലിന്റെ സഞ്ചാരപാതകൾ വികസിപ്പിക്കുന്നു. കഞ്ഞേക്കനാശാരിയും നൂർജ്ജഹാനും യാസീനും ശർമ്മിഷ്ഠനുമെല്ലാം ഓരോ ഘട്ടത്തിൽ നോവൽഗതിയെ അഗാധമായി സ്വാധീനിക്കുന്നു. ഉപേക്ഷിക്കപ്പെട്ട ഉരു നീരണിയുന്നതുപോലെ കാലം ഓർമ്മയിലേക്കുപേക്ഷിച്ച് കളഞ്ഞ നിമിഷങ്ങളെയാണ് ഈ കൃതി ഭാവനയുടെ സമുദ്രയാനത്തിനായി സജ്ജമാക്കി നിർത്തിയിരിക്കുന്നത്.

■



# വർത്തമാനം

അഗ്നി ■

നൂറ്റാണ്ടിലെ ഏറ്റവും ഭീകരമായ പ്രളയ ദുരന്തത്തിനാണ് നാം ഇരയായത്. ഇത്ര ഭീകരമായ ദുരന്തത്തെ അർഹിക്കുന്ന രീതിയിൽ റിപ്പോർട്ട് ചെയ്യുന്നതിൽ ദേശീയ മാധ്യമങ്ങൾ കുറ്റകരമായ അനാസ്ഥയാണ് പുലർത്തിയത്.

എൻഡിടിവി ഒഴികെയുള്ള ഒരു ചാനലും ദുരന്തത്തിന്റെ ആദ്യ ദിനങ്ങളിൽ പ്രൈം ടൈമിൽ വാർത്ത നൽകിയില്ല.എന്നാൽ സമൂഹ മാധ്യമങ്ങളിലൂടെ ദുരന്തത്തിന്റെ ഞെട്ടിപ്പിക്കുന്ന കാഴ്ചകൾ ലോകത്തിനു മുന്നിലെത്തിക്കാൻ നമുക്കു കഴിഞ്ഞു. പല കോണുകളിൽ നിന്നും ലഭിച്ച സഹായ വാഗ്ദാനങ്ങൾ ചിലരെ വല്ലാതെ ചൊടിപ്പിച്ചു.അങ്ങനെയാണ് ലോകത്ത് താൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും നാണം കെട്ട ജനതയാണ് നാമെന്ന് ബിജെപിയുടെ രാജ്യസഭാംഗം രാജീവ് ചന്ദ്രശേഖറുടെ ഉടമസ്ഥതയിലുള്ള റിപ്പബ്ലിക്ക് ടിവിയുടെ എഡിറ്റർ ഇൻ ചീഫ് അർണബ് രഞ്ജൻ ഗോസ്വാമി കേരളീയരെ ഒൻപതു മണി ചർച്ചക്കിടെ വിശേഷിപ്പിച്ചത്.

എന്താണ് നമ്മെ നാണം കെട്ട ജനതയാക്കി മാറ്റിയത്?

റിപ്പബ്ലിക്ക് ടി വി യുടെ രാഷ്ട്രീയം കേരളത്തിൽ ചെലവാകാത്തതാണോ

അതോ നാം കൈവരിച്ച ഉയർന്ന സാക്ഷരതയും കുറഞ്ഞ ശിശു മരണനിരക്കുമാണോ?

സമ്പൂർണ വെളിയിട വിസർജ്യ മുക്ത സംസ്ഥാനമെന്ന നേട്ടവും നമ്മെ നാണംകെട്ടവരാക്കുന്നുണ്ടോ, അങ്ങനെയെങ്കിൽ,

അർണോബിന് മുന്നിൽ നാണം കെടുന്നതിൽ നാം അഭിമാനിക്കണം!

അർണബിനെപ്പോലൊരു നാണംകെട്ട മാധ്യമ ഹിജഡയ്ക്ക് കേരളത്തിൽ ഇടമുണ്ടാകില്ല. ഇത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടാണ്. കുറഞ്ഞ പക്ഷം 'വൃത്താന്തപത്രപ്രവർത്തനം' എന്ന കൃതിയുടെ ഇംഗ്ലീഷ് പരിഭാഷ ഒന്നു വായിച്ചിട്ട് മാധ്യമപ്രവർത്തനം തുടങ്ങിയിരുന്നുവെങ്കിൽ സംഘപരിവാര രാഷ്ട്രീയത്തിന് വിടുപണി ചെയ്യേണ്ട ഗതികേട് ഈ മാധ്യമ നപുംസകത്തിന് വരില്ലായിരുന്നു.

നിങ്ങൾക്കുള്ള മറുപടിയാണ് ഞങ്ങളുടെ കേരള പുനർനിർമ്മാണം .ദുരിതാശ്വാസ നിധിയിലേക്ക് ഒഴുകിയെത്തുന്ന സംഭാവനകളും മുഖ്യമന്ത്രിയുടെ സാലറി ചലഞ്ച് ഏറ്റെടുത്ത ലോക മലയാളിയും. ഞങ്ങൾ ലോകത്തിനു നൽകുന്ന പുത്തൻ മാതൃകകൾ ■



# ഏഴാംകൂലി മാധ്യമ നപുംസകത്തിനു

## കേരളീയർ നാണംകെട്ട ജനതയത്രെ..!

# മാറ്റത്തിനു തന്റേടമുള്ളവളാകുവിൻ!



പ്രസ്താവനകളിലും പ്രസംഗങ്ങളിലും പ്രതിജ്ഞകളിലുംനിന്നു നമുക്കു മുന്നോട്ടുപോകാം. പ്രതിജ്ഞകൾ നിറവേറ്റാനുള്ള കർമ്മപരിപാടികളിലേക്ക്. മാറ്റം നമുക്കു സൃഷ്ടിച്ചേതീരൂ! മാറ്റത്തിന്റെ തന്റേടമുള്ളവരായി നമുക്കോരോരുത്തർക്കും മാറാം.

തന്റേടിക്കു ലിംഗഭേദമില്ല.
പുല്ലിംഗവും സ്ത്രീലിംഗവും തന്റേടി എന്നുതന്നെ.
അതിനാൽ ആൺപെൺ വ്യത്യാസമില്ലാതെ
നമുക്ക് മാറ്റത്തിനു തന്റേടമുള്ളവരാകാം.


കേരളവനിതാക്കമ്മിഷൻ

ലൂർദ്ദ് പള്ളിക്കു സമീപം, പി.എം.ജി., പട്ടം പി.ഒ., തിരുവനന്തപുരം 695004. ഫോൺ: 0471 2302590, 2300509, 2307589.

വെബ്സൈറ്റ്:http;// keralawomenscommission.gov.in

ഇ-മെയിൽ:keralawomenscommission@yahoo.co.in

Regd.No.RNI 13421/1967
KL/TV(N)/351/2018-20

**KERALA NGO MONTHLY**
Chief Organ of Joint Council

**SEPTEMBER 2018**
Annual Subscription Rs.100
DATE OF PUBLICATION 17-09-2018

Licenced to post without prepayment under No. KL/TV(N)/WPP/86/2018-20




Printed and published by S.Vijayakumaran Nair, General Secretary, Joint Council of State Service Organisations, Joint Council Buildings, Thiruvananthapuram-1
Printed at Cochin Printech Pvt.Ltd for Navakerala Printers, Trivandrum. Chief Editor: G.Motilal Editor: K.P.Gopakumar.